2010

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

MALANKARASABHA

മെയ്

Rs. 15



ഗസ്റ്റ് കോളം

## Harmonious Nation

SMT. PRATHIBA PATIL

കാലികം


## പര(മത)നിന്ദയുടെ പിന്നാമ്പുറങ്ങൾ

ഫാ. ഡോ. ഒ. തോമസ്

നമ്മിലൊരാൾ


## രക്ഷാ സൈനികൻ...

അലക്സാണ്ടർ ദാനിയേൽ IPS,
ഭാര്യ രമാ അലക്സ് ദാനിയേൽ




## Sincerity goes further than Capacity

(YOUTH COLUMN)



# ഇനി പ്രണാമം

മേളങ്ങളും വർണ്ണങ്ങളുമില്ലാത്ത
ധ്യാനത്തിന്റെ ഉൾവിളികളിലേക്ക് ഒരു നടനം

# St. GEORGE COLLEGE
## OF MANAGEMENT, SCIENCE & NURSING

**Affiliated to Bangalore University, RGUHS & Approved by KNC, INC, AICTE. Recognised by Government of Karnataka**







**NURSING COURSES**

- BSc. (Nursing)
- GNM (Diploma in Nursing)

**UNDER GRADUATION**

- Bsc. (Biotechnology)
- BSc. (Genetics)
- BSc. (Microbiology)
- BBM (Bachelor of Business Mgmt.)
- BCA (Bachelor of Com. Application)
- BCom (Computer)
- BSc (Computer Science)
- BA (Journalism)

**POST GRADUATION**

- MSc. (Biotechnology)
- MSc. (Biochemistry)
- MSc. (Microbiology)
- MSW (Master of Social Work)
- MBA (Master of Business Admin.)
- MTA (Master of Tourism Admin.)









**FACILITIES**

- Located in the heart of the city
- State-of-the-art Microbiology and Biotechnology laboratories with sophisticated equipments
- Fully air conditioned computer lab with access to the Internet
- Doctorate holders in all the departments
- Emphasise on co-curricular activities
- Excellent placement opportunities offered
- Students from more than 22 countries
- Secure and separate hostel accommodation for boys & girls

OMBR Layout, Banaswadi,Bangalore. 560 043. India. Tel: 080- 25450193 / 94.
Cell: 0 - 97425 75774 / 0 - 90353 06091.Fax: 080 - 25458573.
Email: info@stgeorgecollege.org
www.stgeorgecollege.org


For prospectus and application form, send Rs.300/- by bank draft drawn in favour of St.George college, payable at Bangalore. (Candidate awaiting results can also apply)

Dr. N G Raju
Principal

Fr. Dr.Paul. T. Varghese
Administrator
09448797698

Shaiju John,BE, MBA
Chairman

ലക്കം 5,
പുസ്തകം 67
മെയ് 2010


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234



ലേഖനം **8** ധ്യാനം
- ഫാ. ഏബ്രഹാം തരകൻ

മറുമൊഴി **10** പര (മത) നിന്ദയുടെ..
- ഫാ. ഡോ. ഒ. തോമസ്

ഗസ്റ്റ് കോളം **23** Harmonious Nation
- Smt. Prathiba Patil

**6** എഡിറ്റോറിയൽ
വരവേൽപ്
- ഫാ. ഡോ. സാബു കുറിയാക്കോസ്

**5** മഹാപുരോഹിത സന്ദേശം

**13** ചരിത്രം
പരിശുദ്ധ ദിദിമൊസ് ബാവായും...
- വർഗീസ് ജോൺ, തോട്ടപ്പുഴ

**30** Medical
Let Us Have, A Look On Drug Labels
- Prof. Leena Thomas

**25** നമ്മിലൊരാൾ
അലക്സാണ്ടർ ദാനിയേൽ IPS ,
രമാ അലക്സ് ദാനിയേൽ

**17** ചുറ്റുവട്ടം
ദശാംശവും, പൂർണ്ണാംശവും
ഫാ. മുകളിൽ

**21** ദൃഷ്ടി
എൻട്രൻസും വയറുവേദനയും പിന്നെ...
- അജി വർഗീസ്, ബത്തേരി

**29** യുവജന പംക്തി
- ഫാ. വിൽസൺ മാത്യു


## സ്ഥിരം പംക്തികൾ


ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, നമ്മിലൊരാൾ, വനിതാ സഭ, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*വൈസ് പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ മിലിത്തോസ്**
Phone: 0487- 2371039, 2371748 (Fax)

*ചീഫ് എഡിറ്റർ*
**വെരി.റവ. ഡോ. സഖറിയ റമ്പാൻ**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി. എ. ഇടയാടി**
Mob:- 9447300908

*സബ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
**(അസ്സോസിയേഷൻ സെക്രട്ടറി)**
**ഡോ. പി.എം. മാത്യു, വെല്ലൂർ**
**പ്രൊഫ. ഡോ. എം. പി. മത്തായി**
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**ശ്രീ. മാമ്മൻ വർഗീസ്**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

EDITORIAL BOARD

***Cover Design & Layout:-***
Jinto Kurichy at
**M.S. Graphics, Devalokam.**

## വരിസംഖ്യ

| ഇന്ത്യയിൽ | |
|---|---|
| ഒറ്റ പ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| വിദേശത്തേക്ക് | |
| ഒരു വർഷം | : 1500 രൂപ |



**കൈക്കുടന്ന**

# ജനകീയത

- ജനകീയ നേതൃത്വമാണ് നമ്മുടെ സ്വപ്നം. മശിഹായാണ് ജനകീയതയുടെ ആത്യന്തിക മാതൃക. പകൽ മുഴുവനും ജനത്തോടൊപ്പവും രാത്രി മുഴുവനും ദൈവത്തോടൊപ്പവും ആയിരിക്കുന്നതിനെയാണ് സുവിശേഷം സാക്ഷിക്കുന്നത്.


- പദവികളുടെ ജനകീയതയാണ് പുതിയകാലം ആവശ്യപ്പെടുന്നത്. എന്നാൽ വിസ്മരിക്കാനാവാത്ത ഒന്നുണ്ട്. ക്രിസ്തു ജനങ്ങളോടൊപ്പം ആയിരുന്നത് അവർക്ക് വേണ്ടിയാണ്; ജനങ്ങളുടെ അപ്പത്തിനും വീഞ്ഞിനും സൗഖ്യത്തിനും സുബോധത്തിനും കാഴ്ചയ്ക്കും ഉയിർത്തെഴുന്നേല്പിനും വേണ്ടിയാണ്. തന്റെ സുഖത്തിനും അപ്പത്തിനും വേണ്ടി ഒരു സംഘത്തെ കൂടെ ചേർത്ത് നിർത്തുന്നതിനെയല്ല ക്രിസ്തീയ അർത്ഥത്തിൽ ജനകീയത എന്ന് പറയുക.

- മരുഭൂമിയിലെ ഒരു പിതാവിന്റെ സങ്കടം കേൾക്കുക. അബ്ബാ അഫി എന്ന് വിളിക്കപ്പെടുന്ന മെത്രാൻ, താൻ സന്ന്യാസിയായിരുന്ന കാലത്ത് വളരെ കാർക്കശ്യത്തോടെ തപശ്ചര്യ അനുഷ്ഠിച്ചിരുന്നതായി പറയാറുണ്ട്. മെത്രാനായ ശേഷം തിരക്കുകൾകൊണ്ട് അത്രയും അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. ആയതിനാൽ അദ്ദേഹം ദൈവമുമ്പാകെ സാഷ്ടാംഗം വീണുകൊണ്ട് പറഞ്ഞു: ‘ഒരുപക്ഷേ മെത്രാൻ പദവി മൂലമാണോ എന്നിൽ നിന്നും കൃപ അകന്ന് പോയത്?’ അപ്പോൾ അദ്ദേഹത്തിന് പ്രസ്തുത വെളിപാടുണ്ടായി: “അല്ല, അന്ന് മരുഭൂമിയാണ് ഉണ്ടായിരുന്നത്, അവിടെ മനുഷ്യനില്ലാതിരുന്നത് കൊണ്ട് ദൈവം നിന്നെ താങ്ങിപ്പിടിക്കുകയായിരുന്നു. നേരെ മറിച്ച് ഇപ്പോൾ ലോകമുണ്ട്, മനുഷ്യൻ നിന്നെ താങ്ങിപ്പിടിക്കുകയും ചെയ്യുന്നു!”

- വെള്ളിയും പൊന്നും അല്ലാതെ വേറെ ചിലത് കൂടെ നമുക്ക് കൊടുക്കാനുണ്ട്. കത്തീഡ്രൽ പള്ളികളും സ്വർണ്ണക്കൊടിമരവും വെള്ളിക്കാസായും മാത്രമല്ലാതെ ശാന്തിയും സൗഖ്യവും സമാധാനവും ലോകത്തിന് നല്കാൻ സഭയ്ക്ക് ബാധ്യതയുണ്ട്. കാരണം സഭയ്ക്ക് പുറത്തും മനുഷ്യരുണ്ട് എന്നത് തന്നെ. ജനപക്ഷത്തെക്കുറിച്ചുള്ള വിചാരങ്ങളിൽ അവർ കൂടെ ഉണ്ടാവേണ്ടതുണ്ട്.

- തിരുവചനം ധ്യാനിക്കാം. “അവർ വന്ന് തന്നെ രാജാവാക്കുന്നതിന് ഭാവിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് പിന്നെയും തനിച്ച് മലയിലേക്ക് മടങ്ങിപ്പോയി” (വി. യോഹ. 6:15).

\- സഖേർ




# മഹാപുരോഹിത സന്ദേശം

വാത്സല്യ മക്കളെ,

ഏഴുപേർക്കൂടി മേൽപട്ടസ്ഥാനികളായി അഭിഷേകം ചെയ്യപ്പെടുകയാണ്. പരിശുദ്ധ സഭയുടെ ചരിത്രത്തിലെ ഈ നിയോഗം പ്രാർത്ഥനാപൂർവ്വം ഏറ്റെടുക്കുവാൻ നാം ഓർക്കുക.

ഒരു മേലദ്ധ്യക്ഷന്റെ ഗുണഗണങ്ങളെപ്പറ്റി പരിശുദ്ധ പൗലോസ് ശ്ലീഹാ തന്റെ ഇടയ ലേഖനങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ദൈവിക ചിന്തയിൽ തങ്ങളെത്തന്നെ സമർപ്പിച്ചുകൊണ്ട് സ്ഥാനികൾ ഈ ഭാഗം വിചിന്തനത്തിനു വിനിയോഗിക്കട്ടെ. എത്രമാത്രം മനസ്സിനെ ഒതുക്കിയാലാണ് ഈ മഹത്വമുള്ള പദവിക്കർഹമാകുന്നത് എന്ന് ആവർത്തിച്ച് ചിന്തിക്കുക. പദവി സ്വീകരണത്തിനു മുമ്പ് മാത്രമല്ല സഹോദര മെത്രാപ്പോലീത്തയായും, അജവൃന്ദങ്ങളുടെ കാവലാളായും യാത്ര തുടരുമ്പോഴും ഈ ഗുണങ്ങളിൽ അന്യം വരാൻ ഇടയാകാതിരിക്കട്ടെ.

ഇടയൻ മുന്നിൽ നടക്കുമ്പോഴും ഇടയിൽ കാണപ്പെടുന്നവനും, ഇടപെടുന്നവുമായിരിക്കണം. കുറ്റകരമായ മൗനവും, ആക്ഷേപകരമായ ആക്രോശങ്ങളും അഭിമതമല്ല.

മക്കളെ,

നിങ്ങൾ പ്രാർത്ഥിക്കുക, ജ്ഞാനശീലരായ നല്ല ഇടയന്മാരെ എഴുന്നേല്പിക്കണമേ എന്ന് വി. കുർബ്ബാനയിൽ തുബ്ദേന്റെ സമയത്തു നാം പ്രാർത്ഥിക്കുന്നതുപോലെ അവർ ജ്ഞാനികളും ഉത്തമ ഭരണകർത്താക്കളുമാകാൻ, ആടുകളുടെ ആലയെ ആത്മാനന്ദം കൊണ്ട് നിറയ്ക്കാൻ കഴിവുള്ളവരാകണേ...

ഒരുക്കത്തോടെ നമുക്ക് ഈ പുണ്യ ശുശ്രൂഷയിലേക്ക് പ്രവേശിക്കാം.

ശേഷം പിന്നാലെ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

**ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ**

# from the DESK

എഡിറ്റോറിയൽ



# വരവേൽപ്പ്

മഹനീയമായ ദൈവസാന്നിദ്ധ്യത്തിന്റെയും, ശക്തമായ ആദ്ധ്യാത്മിക അച്ചടക്കത്തിന്റെയും, വ്യവസ്ഥാപിതമായ ഭരണക്രമത്തിന്റെയും നിദർശനമെന്നോണം വീണ്ടും ഏഴുമേൽപട്ടക്കാരെ മലങ്കര സഭ വരവേൽക്കുകയാണ്. മുൻകാലങ്ങളിലെന്നപോലെ, ഒരുപാട് പ്രതീക്ഷകളോടെ! ആദ്ധ്യാത്മികവും, സാമൂഹികവുമായ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആഞ്ഞുവീശുന്ന മാറ്റങ്ങളുടെ കൊടുങ്കാറ്റ് ഉയർത്തുന്ന പ്രതിസന്ധികളാണ് പുതിയ മേൽപ്പട്ടക്കാർ നേരിടേണ്ടിവരുന്ന പ്രധാന വെല്ലുവിളി. മാറിവരുന്ന സാമൂഹിക–സാമ്പത്തിക–വിദ്യാഭ്യാസ ക്രമങ്ങൾ; താരതമ്യേന ആഴം കുറഞ്ഞതും എന്നാൽ അതിവേഗം പടർന്നുപിടിക്കുന്നതുമായ പുതിയ ആദ്ധ്യാത്മിക രൂപങ്ങൾ; കുടുംബ–ദാമ്പത്യ ബന്ധങ്ങളിൽ ഉടലെടുത്തുകൊണ്ടി രിക്കുന്ന "പുതിയ മൂല്യവ്യവസ്ഥിതികൾ"; അവ മൂലം സംജാതമാകുന്ന അനാരോഗ്യകരമായ പ്രവണതകൾ; സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടം മൂലം നിയന്ത്രണാധീതമായിക്കൊണ്ടിരിക്കുന്നതും, കമ്പ്യൂട്ടർ–ഇന്റർനെറ്റ്–മൊബൈൽ സംസ്കാരം ഉയർത്തിക്കാട്ടുന്നതുമായ സ്വാർത്ഥതയിലൂന്നിയ ഉപഭോഗ ജീവിത ദർശനം, എന്നിവയെല്ലാം ഈ വെല്ലുവിളി യുടെ വിവിധ രൂപങ്ങളാണ്. അർത്ഥവത്തായ അദ്ധ്യാത്മികത ജീവിതത്തിൽ അനുഭവിക്കുവാനും, ശുദ്ധമനസ്കരായ പൂർവ്വപിതാക്കന്മാർ ഭരമേൽപിച്ച നിർമ്മലമായ പൈതൃകവും പാരമ്പര്യവും നഷ്ടപ്പെടുത്താതെ പ്രായോഗികതയിൽ വരുത്തുവാനും സാദ്ധ്യമാകുന്ന വിധം സഭാ ജീവിതത്തെ ജീവസ്സുറ്റതായി അവതരിപ്പിക്കുവാൻ കഴിയുക എന്നത് അഭിനവ മെത്രാപ്പോലീത്താമാരുടെ തീവ്രമായ ശ്രമവും, ശ്രദ്ധയും ആവശ്യമായ വസ്തുയാണ്.

> "ദൈവജനത്തേക്കാൾ വലിയ ഒരു "പ്രൊജക്ടും" സഭാ പിതാക്കന്മാർക്ക് ഉണ്ടായിരിക്കരുത്.

വിദ്യാർത്ഥികളേയും, യുവജനങ്ങളേയും സഭാ ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവന്ന് ഒരേസമയം സഭാ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും അതോടൊപ്പം വ്യക്തിപരമായ ദൈവഭയവും, നിർമ്മല മനസ്സാക്ഷിയും അവരിൽ വളർത്തിയെടുത്ത് സഭയുടേയും സമൂഹത്തിന്റെയും ഭദ്രത സംരക്ഷിക്കുന്നതിന് ഉതകുന്ന നൂതന ശുശ്രൂഷാ ശൈലികൾ രൂപീകരിക്കുന്നതിന് ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മേൽപ്പട്ടക്കാരുടെ ശുശ്രൂഷ എപ്രകാരമായിരിക്കണം എന്നുള്ളതിന് സഭാമക്കൾ ഓരോരുത്തർക്കും വ്യക്തമായ അഭിപ്രായം ഉണ്ടായേക്കാം. പക്ഷേ, പ്രായോഗികതയിൽ മേൽപ്പട്ടക്കാർ നിർബന്ധിതരാവുന്നത് വിശ്രമരഹിതമായ ഓട്ടപ്രദക്ഷിണങ്ങൾക്കാണ്; പ. സഭയുടെ പൊതുവായ ആവശ്യങ്ങൾക്ക് ചുരുക്കമായും, എന്നാൽ സഭാമക്കളുടെ വ്യക്തിപരമായ കർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിന് വളരെയേറെയും സമയം ചെലവഴിക്കപ്പെടുന്ന രീതിയാണ് കണ്ടുവരുന്നത്.

Editorial

നിർബന്ധങ്ങളും, കടപ്പാടുകളും, സ്വാർത്ഥതാത്പര്യങ്ങളും ഒക്കെ ഇതിനുപിറകിൽ കണ്ടേക്കാം. വരവേൽക്കപ്പെടുമ്പോൾതന്നെ ശക്തമായ വിമർശനങ്ങൾക്ക് വിധേയരാകുന്നതും ഇതുമൂലമായിരിക്കാം. താരതമ്യേന ഉയർന്ന ലക്ഷ്യനിവർത്തിക്കായി ചെലവഴിക്കപ്പെടേണ്ട സമയവും ഊർജ്ജവും ഇതുമൂലം ചോർന്നുപോകുന്നു. ഉന്നതമായ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഉണർവ്വോടെ പരിശ്രമിക്കുന്നതിന് ഇടയനും ആടുകളും ഒരുപോലെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മേൽപട്ടക്കാരൻ ഉത്തമനായ ഒരു ഭരണാധിപനും കൂടിയായിരിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. മലങ്കര സഭയുടെ പിതാക്കന്മാർ പൊതുവേ പിതൃസഹജമായ വാത്സല്യം തുളുമ്പിനിൽക്കുന്ന സമീപനമാണ് തങ്ങളുടെ ഭരണ നിർവ്വഹണത്തിൽ പിൻതുടർന്നിട്ടുള്ളതും പിൻതുടരുന്നതും; വിഭിന്നമയ സമീപനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഇതിനർത്ഥമില്ല. പാശ്ചാത്യ സഭാ ഭരണത്തിൽ കാണുന്നവിധമുള്ള ഒരുതരം ബ്യൂറോക്രാറ്റിക് ശൈലി പൊതുവെ പൗരസ്ത്യ പാരമ്പര്യത്തിലില്ലാത്ത വസ്തുതയാണ്. ഭാരതീയ പശ്ചാത്തലത്തിൽ മേല്പട്ടക്കാർ ഋഷിതുല്യരാണ്. കഠിനമായ നിയമവ്യവസ്ഥകൾക്കനുസരണമായി സഭയെ ഭരിക്കുകയല്ല മറിച്ച്, ആദ്ധ്യാത്മീകമായ അച്ചടക്കം നഷ്ടപ്പെടുത്താതെ ദൈവജനത്തെ സഹാനുഭൂതിയോടും, നിർമ്മലമായ സ്നേഹവായ്പോടും വീക്ഷിച്ച് ശുശ്രൂഷിക്കുകയാണ് വേണ്ടത്. പ. പാമ്പാടി തിരുമേനിയും മറ്റും അനുവർത്തിച്ചിരുന്ന ഈ ഭാവം മുതിർന്ന തലമുറയ്ക്ക് ഇന്നും മധുരമായ ഓർമ്മയാണ്. നിയമരാഹിത്യവും വ്യവസ്ഥാരഹിതമായ വിലയിരുത്തലുകളും മറ്റും ആവശ്യമാണെന്ന് ഇതിനർത്ഥമില്ല. ഇടവക–മെത്രാസന–കേന്ദ്ര തലങ്ങളിൽ ഭരണനിർവ്വഹണം അച്ചടക്കമുള്ള ശൈലിക്കനുസരണമായിരിക്കണം എന്നത് നിസ്തർക്കമായ വസ്തുതയാണ്. എന്നാൽ അവ നിർവ്വഹിക്കപ്പെടുമ്പോൾ പിതൃതുല്യമായ കരുതലും സ്നേഹവും നഷ്ടപ്പെട്ടുകൂടാ.

"ദൈവജനത്തേക്കാൾ" വലിയ ഒരു "പ്രൊജക്ടും" സഭാ പിതാക്കന്മാർക്ക് ഉണ്ടായിരിക്കരുത് എന്ന സഭാ മക്കളുടെ ശബ്ദം ദൈവശബ്ദമാണെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. ദൈവജനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയെ സഹായിക്കുന്നതും പ. സഭയുടെ സത്യവിശ്വാസവും ശ്രേഷ്ഠമായ പാരമ്പര്യങ്ങളും ശക്തീകരിക്കപ്പെടുന്നതുമായ പദ്ധതികളാണ് എക്കാലവും ആവശ്യമായിരിക്കുന്നത്.

മേൽപട്ടക്കാരും, വൈദികരും തമ്മിലുള്ള ബന്ധം ശക്തവും വിശുദ്ധവും ആയിരിക്കേണ്ടത് മെത്രാസന–ഇടവകതല ശുശ്രൂഷയുടെ ക്രിയാത്മകതയ്ക്ക് അത്യന്താപേക്ഷിതമാണ്. വ്യവസായ മേഖലയിലെ തൊഴിൽ ബന്ധങ്ങൾക്കിണങ്ങുന്ന ശൈലികൾ ചിലപ്പോഴെങ്കിലും സഭാ ശുശ്രൂഷയിലും കടന്നുകൂടുന്നു എന്നുള്ളത് ദു:ഖകരമായ വസ്തുതയാണ്; അന്യോന്യമുള്ള കരുതലും സ്നേഹവും, വ്യക്തിതാത്പര്യങ്ങളേക്കാളുപരി ദൈവജനത്തിന്റെ തേജോമയമായ ഭക്തിജീവിതത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനവും, മേൽപട്ടക്കാരും പട്ടക്കാരും ത്യാഗമനസ്സോടെ അനുവർത്തിക്കേണ്ട ശൈലികളിൽപെട്ടതാണ്. സഭയും സഭാ ശുശ്രൂഷകരും വരവേൽക്കേണ്ടത് ഇത്തരം ശൈലികളെയാണ്. "വേല വലിയതും വിശാലവും" എന്ന തിരിച്ചറിവായിരിക്കണം ഓരോ വരവേൽപ്പുകളുടേയും ആന്തരിക ഭാവം.

**ഡോ. സഖറിയാ റമ്പാൻ**

■

ഗുരുമൊഴി



നിയോഗമനുസരിച്ച് എപ്പിസ്കോപ്പാ പദവിയിലേക്ക് വിളിക്കപ്പെടുന്നയാൾ സഭയുടെ ദൂതനും, വിശുദ്ധ രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനും, ദൈവത്തിന്റെ ദാസനും, സഭയുടെ ആത്മീയ ദിഷഗ്വരനും, ദൈവത്തിന്റെ പ്രതിനിധിയും ആകയാൽ അദ്ദേഹം മതോപദേശങ്ങളിൽ അഗാധ ജ്ഞാനമുള്ളവനും, സഭയുടെ അംഗീകാരമുള്ളവനും, സാക്ഷ്യമുള്ളവനും ആയിരിക്കണം.




## കോലാഹലങ്ങളും തിമിർപ്പുകളും ധ്യാനങ്ങളെ പുറംലോകത്തെ ഒരുത്സവമാക്കുന്നുവോ?

**ഫാ. ഏബ്രഹാം തരകൻ, പുളിക്കീഴ്**

പരിശുദ്ധ സഭയിലെ പൂർവ്വപിതാക്കന്മാർ വിശുദ്ധ നോമ്പുകാലങ്ങളിൽ പകൽ വേളകളിലും രാത്രികാലങ്ങളിലും നമസ്ക്കാരങ്ങളുടെ സമാപന സന്ദർഭങ്ങളിലും ഒക്കെ ദീർഘസമയത്തും ഹ്യസ്വസമയവും വേർതിരിച്ച് ധ്യാനിച്ചു വന്നിരുന്നു. അവരൊക്കെയും ഏകരായിരുന്നോ അല്ലെങ്കിൽ ശിഷ്യന്മാരോടുകൂടെയോ ആയിരുന്നു ധ്യാനിച്ചിരുന്നത്. പണിക്കരുവീട്ടിൽ ഫാ. ഗീവർഗീസ് (പിൽക്കാലത്ത് മാർ ഈവാനിയോസ് മെത്രാൻ) കൽക്കട്ടായിൽ നിന്നും വന്നശേഷം വിശ്വാസികളുടെ ചെറുസമൂഹങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ധ്യാനങ്ങൾ നടത്തി. തുടർന്ന് അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാച്ചനും വാലയിൽ ഗീവർഗീസ് അച്ചനും ധ്യാനങ്ങൾ നടത്തി, വിശ്വാസികൾക്ക് ആത്മീയ പ്രചോദനം നല്കിയിരുന്നു. ബഹു. ചാവടിയിൽ ഡോ. സി.ടി. ഈപ്പൻ അച്ചൻ, നാടാവള്ളിൽ എൻ.ജി. കുര്യൻ അച്ചൻ, ഇലഞ്ഞിക്കൽ ഇ.പി. ജേക്കബ് അച്ചൻ എന്നിവർ നടത്തിയിട്ടുള്ള ധ്യാനങ്ങളിൽ പലവുരു പങ്കെടുക്കുവാനുള്ള അവസരങ്ങൾ ഈ ലേഖകനു ലഭിച്ചിട്ടുണ്ട് അവരൊക്കെ നടത്തിയിട്ടുള്ള ധ്യാനപ്രസംഗങ്ങളിൽനിന്നും ധ്യാനവേളകളിൽ അവലംബിച്ചിട്ടുള്ള ക്രമീകരണങ്ങളിൽ നിന്നും രീതികളിൽ നിന്നും വളരെ വ്യത്യസ്തങ്ങളായ ക്രമീകരമങ്ങളും രീതികളുമാണ് ഈ കാലത്ത് പലരും അവലംബിച്ച് വരുന്നത്. അതുകൊണ്ട് ഇവർ നടത്തിവന്ന ധ്യാനരീതിയെ അവലംബിച്ചുള്ള ചില പ്രധാന കാര്യങ്ങൾ താഴെ ചേർക്കുന്നു.

**ധ്യാനഗുരുവും ധ്യാനിക്കുന്നവരും അറിഞ്ഞിരിക്കേണ്ടതായ മാർഗ്ഗരേഖകൾ:-**

ധ്യാനവേളയിൽ പ്രസംഗിക്കുന്ന വിഷയം നന്നായി എഴുതി തയ്യാറാക്കി, അവതരിപ്പിക്കുന്നതിനുമുമ്പ് ഒന്നുരണ്ട് പ്രാവശ്യമെങ്കിലും വേളകൾ ഇടവിട്ട് വായിച്ചു നോക്കി ഹൃദിസ്ഥമാക്കിയിരിക്കണം; വിശുദ്ധ ദൈവാലയത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നതെങ്കിൽ പത്ത് മിനിട്ട് നേരത്തേക്ക് വി. മദ്ബഹായിൽ ത്രോണോസിന് മുമ്പിൽ ഇരുന്ന് ഒരു ഒരുക്കധ്യാനം സ്വയം നടത്തണം. കൺവൻഷൻ സ്ഥലത്തോ മറ്റു സ്ഥലത്തോവച്ചാണെങ്കിൽ ഒരു മുറിയിൽ പ്രവേശിച്ച് അപ്രകാരം ചെയ്യുക; അനന്തരം ധ്യാനത്തിനായി ഒരുക്കപ്പെട്ടിരിക്കുന്ന സ്ഥലത്തെ പീഠത്തിനരികിലേക്ക് 10 മിനിട്ടെങ്കിലും നേരത്തെ എത്തി പ്രാചിയിലേക്കു തിരിഞ്ഞ് ഇരിക്കുകയോ നില്ക്കുകയോ ചെയ്യുക; ധ്യാനം ആരംഭിക്കുന്നതിന് അല്പ നിമിഷങ്ങൾക്കു മുമ്പ് കൈമണി കിലുക്കി, ധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ ശ്രദ്ധയെ ആകർഷിച്ച് നിശബ്ദാന്തരീക്ഷം സൃഷ്ടിക്കണം. ധ്യാനഗുരുവിന്റെ ശബ്ദം-സന്നിഹിതരായിരിക്കുന്നവർക്ക് കേൾപ്പാൻ മാത്രം വിധത്തിൽ പരിമിതപ്പെടുത്തണം; ധ്യാനപ്രസംഗത്തിന് ആകെവേണ്ടിവരുന്ന/ഉപയോഗിക്കുന്ന സമയം ക്ലിപ്തപ്പെടുത്തിയിരിക്കണം; സംബന്ധിക്കുന്നവരുടെ ശ്രദ്ധ പതറാതിരിക്കുവാനായി നോട്ട് എഴുതാൻ അനുവദിക്കാതിരിക്കുന്നതു ഏറെ നല്ലത്.ചിരിപ്പിക്കുന്ന വിധത്തിലുള്ള ഉപകഥകൾ പറയാതിരിക്കുകയും എന്നാൽ ചിന്താദ്യോതകമായ ഉദാരഹണങ്ങൾ ഉപയോഗിക്കുന്നത് ഉചിതവും ആയിരിക്കും. വിഷയത്തിൽ നിന്നും അന്യമായി കാടുകയറാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. ധ്യാനത്തിൽ സംബന്ധിക്കുന്നവരെകൊണ്ട് വേദഭാഗങ്ങൾ വായിപ്പിക്കുന്നതാകയാൽ

ഏവർക്കും കേൾക്കത്തക്കവിധം മാത്രം പതിഞ്ഞ സ്വരത്തിൽ വായിക്കാൻ നിർദ്ദേശിക്കുക; ഗീതങ്ങൾ ആലപിക്കുന്നപക്ഷം നിവർത്തിയുള്ളത്ര ആരാധനാഗീതങ്ങൾ ചൊല്ലുന്നതിന് ആരംഭം ഇട്ടുകൊടുക്കുക.

**ഇടവേളാവിനിയോഗം:-**

ധ്യാനത്തിന് നിർണ്ണയിച്ചിട്ടുള്ള സമയത്തെ വിഷയത്തിന്റെ വിഭാഗീയതക്കനുസരിച്ച് ഇടവേളകൊടുക്കുകയും ഇടവേളക്കുമുമ്പായി അല്പനിമിഷങ്ങൾ അതുവരെ അവതരിപ്പിച്ച കാര്യങ്ങളെക്കുറിച്ച് അവലോകന വാചകങ്ങൾ ശാന്തമായി സാവകാശം ഉച്ചരിച്ച് കൊടുത്ത് ധ്യാനിപ്പിക്കുന്നത് നല്ലതുതന്നെ. ധ്യാനപ്രസംഗാന്ത്യത്തിൽ മൊത്തത്തിൽ പുനരാവർത്തന അവലോകനം നടത്തി, ഉചിതമായ പ്രാർത്ഥനയോടും ഗീതാലാപനത്തോടും പര്യവസാനിപ്പിക്കണം. ഉപസംഹാരവാക്കുകൾ ഹ്രസ്വം ആയിരിക്കണം. ധ്യാനാന്തരീക്ഷത്തിലെ നിശബ്ദത ഭഞ്ജിക്കാതെ സമർപ്പിക്കയും വേണം.

**എന്താണു ധ്യാനം:-**

ഏകാന്തതയിൽ ഇരുന്നു ഏകാഗ്രതയോടെ പഴയ ജീവിതാനുഭവങ്ങളെക്കുറിച്ച് പിന്തിരിഞ്ഞു (retreat) ആഴമായി ചിന്തിക്കുന്നതും വർത്തമാനാനുഭവങ്ങളെക്കുറിച്ച് അത്യഗാധമായി പരിചിന്തനം ചെയ്യുന്നതും (pondering) ഭാവിയെക്കുറിച്ച് വിഭാവനം ചെയ്യുന്നതുമാണ് യഥാർത്ഥ ആത്മീയ ധ്യാനം concentrated thinking on past experience, pondering on current matters and contemplation over futurenvents ഇവ ധ്യാനത്തിലെ അനിവാര്യ ഘടകങ്ങളാണ്.

**ധ്യാനം എന്തിന്?**

ദൈവീക പ്രചോദനം ധ്യാനം മുഖാന്തിരമാണ് നമുക്ക് ലഭിക്കുന്നത് എന്നാൽ "God's inspiration does not come to a man who sits with folde hands and lazy mind and only waits but to the man who thinks and seeks and searches. True inspiration comes when the seeking mind joins with re reveating spirit of God" കയ്യും കൂപ്പി അലസനായി കാത്തിരിക്കുന്ന ഒരുവനിലേക്ക് ദൈവീക പ്രചോദനം വരുന്നില്ല. മനുഷ്യന്റെ ആദ്ധ്യാത്മീയ അന്വേഷണ ചിന്ത ദൈവത്തിന്റെ വെളിപ്പെടുത്തുന്ന ആത്മാവുമായി ബന്ധപ്പെടുമ്പോൾ മാത്രമേ ആത്മപ്രചോദനവും മനുഷ്യനിലേക്കു വരികയുള്ളൂ.

**ധ്യാനിക്കുമ്പോൾ അനുഷ്ഠിക്കേണ്ടതായ അനുപേക്ഷണീയമായ പഞ്ചാനുഷ്ഠാനങ്ങൾ:-**

1) ദൈവത്തിങ്കലേക്കുനോക്കുക:- സങ്കീ. 34:5 "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി". പ്രകാശിതരാകാനും അവന്റെ മനോഹരത്വം കാണ്മാനും നാം അവങ്കലേക്കു ധ്യാനനിരതരായി ഇരുന്നു നോക്കണം. സങ്കീ. 24:4 "ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു. അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും."

2. മൗനമായിരിക്കുക; ധ്യാനിപ്പാൻ നിശബ്ദത അനിവാര്യമാകുന്നു. നിശബ്ദതയിൽ മൗനമായിരുന്നു ചിന്തിക്കുക; അന്വേഷിക്കുക, നമ്മുടെ ആഗ്രഹങ്ങൾ ഫലപ്രദമാകും. പുതിയ കാഴ്ചപ്പാടുകൾക്ക് വഴിതെളിയിക്കും. നിശബ്ദതയിൽ മൗനമായിരുന്നു ചിന്തിച്ച് അന്വേഷിച്ചതാണ്. സർ ഐസക്ക് ന്യൂട്ടൺ-ന് ആകർഷണ സിദ്ധാന്തത്തിനു വഴിതെളിഞ്ഞതിന് കാരണമായത്.

> “
> കയ്യും കൂപ്പി അലസനായി കാത്തിരിക്കുന്ന ഒരുവനിലേക്ക് ദൈവീക പ്രചോദനം വരുന്നില്ല.

സങ്കീ. 4:4 "നടുങ്ങുവീൻ പാപം ചെയ്യാതിരിപ്പീൻ നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ചിന്തിച്ച് മൗനമായിരിപ്പീൻ."

3. യഹോവയുടെ സന്നിധിയിൽ ഹൃദയം പകരുക-സങ്കീ. 77:6 "എന്റെ ഹൃദയം കൊണ്ടു ഞാൻ ധ്യാനിക്കുന്നു. എന്റെ ആത്മാവും ശോധന കഴിക്കുന്നു." ആചാര്യനായ ഏലി, ഹന്നയെ ചോദ്യം ചെയ്തപ്പോൾ അവൾ പറഞ്ഞു. "യജമാനനേ ഞാൻ യഹോവയുടെ സന്നിധിയിൽ ഹൃദയം പകരുകയത്രേ ചെയ്തത്" 1 ശമു. 1:11 ധ്യാനനിരതനായി, "ഹന്ന ഹൃദയം കൊണ്ടു സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങയല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു" 1 ശമു. 1:13.

4. ഏകാഗ്രത: നമ്മുടെ ഹൃദയവും മനസ്സും ചിന്തയും അന്യചിന്തകൾ വെടിഞ്ഞ് ഏകാഗ്രതയോടെ ദൈവത്തിങ്കൽ കേന്ദ്രീകരിച്ചിരിക്കണം. "യഹോവേ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കണമേ." സങ്കീ. 86:12

5. വിശുദ്ധ സംസർഗ്ഗം:- 'മോശ സീനായ് മലയിൽ നാല്പതു പകലും നാല്പതു രാവും യഹോവയോടുകൂടെ ആയിരുന്നു' പുറ. 34:28 ദൈവത്തോടു സംസർഗ്ഗം ചെയ്തു. "അവൻ പത്തു കല്പനയായ നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതിക്കൊടുത്തു." 34:38 അവൻ തന്നോട് അരുളിച്ചെയ്തതു നിമിത്തം തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു എന്നു മോശ സാക്ഷ്യത്തിന്റെ പലക രണ്ടും കയ്യിൽ പിടിച്ചുകൊണ്ട് സീനായ് പർവ്വതത്തിൽ നിന്നും ഇറങ്ങുമ്പോൾ മോശ അറിഞ്ഞില്ല. വാ. 29.

താബോർ മലയിൽ മോശയും ഏലിയാവും കർത്താവിനോട് സംസർഗ്ഗം ചെയ്തു സംഭാഷിച്ചു. ലൂ. 9:30,31.

ധ്യാനം ദൈവത്തോടുള്ള സംസർഗ്ഗത്തിനും സംഭാഷണത്തിനും ഇടയാക്കുന്നു; യാക്കോബു കണ്ടദർശനം പോലെയുള്ള ദിവ്യദർശനത്തിനും മുഖാന്തരമാകുന്നു.

മൂന്നു നോമ്പ്, വലിയ നോമ്പ്, പതിനഞ്ച് നോമ്പ് എന്നീ കാനോനിക നോമ്പുകാലങ്ങളിലും പീഡാനുഭവ ആഴ്ചകളിലും അകാനോനികമായ എട്ടു നോമ്പുദിനങ്ങളിലും മറ്റും പള്ളികളിൽ ധ്യാനങ്ങൾ നടത്തിവരുന്നു. പക്ഷെ അതൊക്കെയും ധ്യാനത്തിന്റെയും ധ്യാനപ്രസംഗത്തിന്റെയും മാർഗ്ഗരേഖകളിൽ നിന്നും വിട്ടകന്നുള്ള രീതികളാണ് നടത്തുന്നതെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. പ്രസംഗകർ പൂർണ്ണായമാന ജലചന്ദ്രഹാസം പോലെ അന്തരീക്ഷം ശബ്ദമുഖരിതമാക്കുന്നു: ശ്രോതാക്കൾ രസനിഷ്യന്ദികളായ ഉപകഥകളും മറ്റും കേട്ട് ചിരിക്കുന്നു. ചിലേടത്തു ക്വയർ ക്രമീകരിക്കുന്നു ധ്യാനിക്കുന്നവർക്കു ഹൃദയം കൊണ്ടും ആത്മാവുകൊണ്ടും പാടുവാനുള്ള അവസരം അതിനാൽ നഷ്ടപ്പെടുന്നു. അവസാനം നല്ല പ്രസംഗം ആയിരുന്നു എന്നു തമ്മിൽ പറഞ്ഞു പിരിഞ്ഞുപോകും.

ഇതാകുന്നുവോ ധ്യാനം? ധ്യാനം ക്രമീകരിക്കുന്നവരും ധ്യാനപ്രസംഗവരും ധ്യാനിക്കുന്നവരും അനുവാചകരും ഒരു നിമിഷം ചിന്തിക്കട്ടെ! ■

# പര (മത) നിന്ദയുടെ പിന്നാമ്പുറങ്ങൾ



കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പ്രസാധകരുടേതായി ഒരു സമിതിയുണ്ട്. അവരുടെ ധാരണ പ്രകാരം പരസ്പരം പ്രസിദ്ധീകരണങ്ങളുടെ കോപ്പികൾ ചീഫ് എഡിറ്റർമാർക്കു അയച്ചു കൊടുക്കുന്നുമുണ്ട്. ആ വിധത്തിൽ ഏകദേശം 30 ലധികം മാസികകൾ ഓരോമാസവും ലഭിക്കുന്നു. വിശദമായി എല്ലാം വായിക്കാൻ സമയം കിട്ടാറില്ല. അല്ലെങ്കിൽ തന്നെ ഗഹനമായി ചിന്തിക്കാനുള്ള വകകൾ മിക്കതിലും കാണുന്നുമില്ല. എന്നിരുന്നാലും എല്ലാം ഓടിച്ചു നോക്കുമ്പോൾ വിവിധ സഭകളിൽ എന്തു നടക്കുന്നു എന്നതിനേക്കുറിച്ച് ഒരു ഏകദേശ ചിത്രം ലഭിക്കുന്നു. എന്നാൽ അവയൊന്നും യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കാനും പ്രയാസം. അടുത്തയിട ഒരു പത്രത്തിൽ ബിഷപ്പ് കെ. പി. യോഹന്നാൻ, കത്തോലിക്കാ സഭയോട് പുനരൈക്യപ്പെട്ട് ആ പുതിയ റീത്തു സ്ഥാപിക്കുന്നു എന്ന് വളരെ ആധികാരികമായി റിപ്പോർട്ടു ചെയ്തു. അതിന്റെ വാസ്തവമെന്ത് എന്നറിയാൻ പിന്നീടു ആ ലക്കം താല്പര്യത്തോടെ വായിച്ചുവെങ്കിലും നേരത്തെ റിപ്പോർട്ടു ചെയ്തതിനേപ്പറ്റി തികച്ചും അജ്ഞതതടിക്കുകയാണുണ്ടായത്. സെക്കുലർ മാദ്ധ്യമങ്ങലേപ്പോലെ തന്നെ, ഓരോ ലക്കവും പുറത്തിറക്കുവാൻ എന്തൊക്കെയെങ്കിലും കുത്തിനിറയ്ക്കണമെന്നല്ലാതെ വാർത്തകൾക്ക് ആധികാരികതയോ വിശ്വസ്തതയോ ഉണ്ടാകണമെന്ന് മിക്ക പ്രസിദ്ധീകരണങ്ങൾക്കും നിർബന്ധമുള്ളതായി കാണുന്നില്ല. ചുരുക്കം ചില പ്രസിദ്ധീകരണങ്ങളേ ഇതിന് അപവാദമായിട്ടുള്ളു. ചില മാസികകകളിൽ പുതിയ അറിവു ലഭിക്കാൻ തക്കവണ്ണം എന്തെങ്കിലും കണ്ടെന്നിരിക്കാം. എന്നാൽ ആർക്കും ആത്മീയ വർദ്ധന ഈ പ്രസിദ്ധീകരണങ്ങളിൽ നിന്ന് ലഭിക്കാൻ സാദ്ധ്യതയില്ല. അർദ്ധനഗ്ന ഫാഷൻ ഷോകളുടെയും, സിനിമാപ്പടങ്ങളുടെയും അടിയിൽ ഇന്നത്തെ ചിന്താവിഷമായ ആത്മീയ ശകലങ്ങളും ഒരുമിച്ചു ചേർത്തു വെക്കുന്ന സെക്കുലർ പത്രങ്ങളെയാണ് ക്രിസ്തീയ മാധ്യമങ്ങളും അന്ധമായി അനുകരിച്ചുകൊണ്ടിരിക്കുന്നത്. എന്തെങ്കിലും ആത്മീയചിന്തകൾ ഒരു ലേഖനത്തിലുണ്ടെങ്കിൽ, മറ്റു പേജുകളിൽ മറ്റുള്ളവരെ നിന്ദിക്കുകയും, വെറുക്കുകയും, ചെറുതാക്കുകയും ചെയ്യുന്ന വാർത്തകളായിയിരിക്കും. ആധുനിക മാധ്യമ സങ്കല്പങ്ങളും പ്രവർത്തന രീതികളും ഒരിക്കലും ആദ്ധ്യാത്മികതയുടെ മൂഗയിൽ ഉരുത്തിരിഞ്ഞിട്ടുള്ളതല്ല. അതേ സമയം സാങ്കേതിക വിദ്യയുടെ മേത്തരമായ പ്രയോഗം, സെക്കുലർ മാദ്ധ്യമങ്ങൾ സ്വായത്തമാക്കിയതുപോലെ അദ്ധ്യാത്മിക ലോകത്തിന് സാധിച്ചിട്ടുമില്ല. അതിനാൽ സെക്കുലർ പ്രസിദ്ധീകരണങ്ങളെ അനുകരിക്കാനേ സാധിക്കുന്നുള്ളു. സാങ്കേതിക വിദ്യയിൽ മികച്ചു നിൽക്കുന്നതാണ് ഗുണപരമായിട്ടും നല്ലതെന്ന സമവാക്യം ഇന്നത്തെ മനുഷ്യരുടെ ചിന്താ ഗതിയേയും കാഴ്ചപ്പാടിനേയും വളരെയേറെ സ്വാധീനിച്ചു കഴിഞ്ഞു. പുറംചട്ടയുടെ മോടിയും, സെൻസേഷനലായ വാർത്തകളും ഇല്ലാതെ ആധുനിക മാധ്യമങ്ങൾക്കു പിടിച്ചു നിൽക്കാനാവില്ല. ഇതേ ഫോർമുല ക്രിസ്തീയ പ്രസിദ്ധീകരണ

ങ്ങളും അപ്പാടെ സ്വീകരിച്ചുകഴിഞ്ഞു. ക്രിസ്തീയ മൂല്യങ്ങളുടെ സംവേദനത്തേക്കാളുപരി, സർക്കുലർ വിർദ്ധിപ്പിച്ചു പിടിച്ചു നിൽക്കുക എന്നത് ഏതൊരു പ്രസിദ്ധീകരണത്തിന്റെയും അപ്രഖ്യാപിത ലക്ഷ്യമായിക്കഴിഞ്ഞു. സെക്കുലർ മാധ്യമങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഈ ചുറ്റു വളയത്തിലാണ് ക്രിസ്തീയ മാധ്യമങ്ങളും ചരിക്കുന്നത് എന്ന് നാം തിരിച്ചറിയണം. മതനിന്ദയുടെ വേരുകൾകണ്ടെത്തേണ്ടത്, ആധുനിക സെക്കുലർ മാധ്യമങ്ങളുടെ കച്ചവടമൂല്യങ്ങളിൽ അധിഷ്ഠിതമായ ചട്ടക്കൂട്ടിലാണ്.

ഇവിടെ ഒരുചോദ്യമുദിക്കാം. സെക്കുലർ മാധ്യമങ്ങൾ ''മതനിന്ദ''പോലെയുള്ള സങ്കേതങ്ങൾ കാര്യമായി ഉപയോഗിക്കേണ്ടി വരാത്ത സാഹചര്യങ്ങളിൽ 'നന്മയായ മൂല്യങ്ങൾ' പ്രചരിക്കേണ്ട മത പ്രസിദ്ധീകരണങ്ങൾ മറ്റു വിശ്വാസങ്ങളെ നിന്ദിക്കേണ്ടതിന്റെ ആവശ്യകത എന്താണ്? സെക്കുലർ പ്രസിദ്ധീകരണങ്ങൾക്ക് സെൻസേഷൻ വാർത്തകൾ നൽകാൻ ഈ കാലത്ത് യാതൊരു പഞ്ഞവുമില്ല. പിടിച്ചുപറി, കൊലപാതകം, ബലാൽസംഗം, സ്ത്രീപീഡനം, അപകടം, സിനിമാ, ക്രിക്കറ്റ്, രാഷ്ട്രീയം തുടങ്ങി ഏതെല്ലാം മേഖലകളാണ് വിശാലമായി മുന്നിലുള്ളത്. ഇവയിൽ നിന്നെല്ലാം സെൻസേഷനലായ വാർത്തകൾ കണ്ടെത്താൻ സെക്കുലർ പ്രസിദ്ധീകരണങ്ങൾ ധാരാളം സാദ്ധ്യതയകളുണ്ട്. 16–20 പേജുകളോടെയാണല്ലോ ഇന്ന് ഓരോ ദിനപത്രവും പുറത്തിറങ്ങുന്നത്. വളരെ ചെറുതായ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾക്ക് ഇത്രയും വിസ്തൃതമായ ക്യാൻവാസില്ല. തന്നെയുമല്ലാ അതാതു സഭകളുടെയും, പ്രസ്ഥാനങ്ങളുടെയും ചുറ്റുവട്ടങ്ങളിലുള്ള വായനക്കാരുമേയുള്ളു. എരിവും പുളിയും ചേർത്ത് സെൻസേഷനലായ വാർത്തകൾ നൽകാൻ ഒറ്റ വഴിയേയുള്ളൂ. ഇതര മതങ്ങളേയും, സഭകളേയും പ്രതിക്കൂട്ടിൽ നിർത്തുന്ന വിധത്തിൽ വാർത്തകൾ നൽകുക. ആധുനിക മീഡിയാകൾക്ക് നിലനിൽപ്പിനായി സെൻസേഷനൽ വാർത്തകൾ ആവശ്യമായി വരുന്ന ഈ തലമാണ് മതനിന്ദയുടെ പിന്നാമ്പുറങ്ങളിൽ പ്രധാനമായത്.

മറ്റൊന്ന് ഇടം തേടാനുള്ള ശ്രമമാണ്. (Space Seeking) അംഗീകൃതമായ എല്ലാ മാധ്യമങ്ങളും രാഷ്ട്രീയ സാമൂഹ്യ, സാമ്പത്തിക സാംസ്ക്കാരിക, മത–ജാതി എന്നിവയോട് ബന്ധപ്പെട്ട് നിലപാടുകൾ എടുക്കുന്നതിലൂടെ ഇടം അവർ കണ്ടെത്തിക്കഴിഞ്ഞു. ഇടതു വലതു പക്ഷങ്ങളെ പിൻതുണയ്ക്കാൻ പത്രങ്ങളുണ്ട്. പാർട്ടികൾക്ക് അവരുടെ പത്രമുണ്ട്. സഭാജാതി ഇവകൾക്കു വേണ്ടി പ്രത്യേകം പ്രസിദ്ധീകരണങ്ങളുണ്ട്. സമൂഹത്തിൽ ഇടം നേരത്തെ കണ്ടെത്തിയിട്ടുള്ളവർക്ക് അത് വിപുലമാക്കിയാൽ മതി. എന്നാൽ താരതമ്യേന പുതുതായി ഉണ്ടാകുന്ന പ്രസിദ്ധീകരണങ്ങൾക്ക് മുഖ്യധാരാ മാധ്യമങ്ങളുടെ ഇടയിൽ അല്പം ഇടം കണ്ടെത്താൻ തീവ്രമായ ശ്രമം തന്നെ നടത്തേണ്ടിയിരിക്കുന്നു. അതിനുള്ള എളുപ്പവഴി തീവ്രവാദപരമായ നിലപാടുകൾ സ്വീകരിച്ച് അണികളെ ആവേശം കൊള്ളിക്കുക എന്നതാണ്. നിലനിൽപ്പിനുള്ള ഇടം തേടലാണ് മറ്റു മതങ്ങളെ നിന്ദിക്കുന്നതിലേക്കു വാർത്തകളെ കൊണ്ടെത്തിക്കുന്നത്.

> **“ മൗലിക വാദികളുടെ അരങ്ങേറ്റം, മാനസിക രോഗികളായ ചിന്തകരുടെയും, എഴുത്തുകാരുടെയും രംഗ പ്രവേശം ഇതൊക്കെ പരിപാവനമായ പ്രസാധന രംഗത്തെ തെറ്റുകളുടെ കൂത്തരങ്ങായി വഴിമാറ്റുന്നു.**

മൂല്യച്യുതി: ഇതിലൊക്കെ പ്രധാനമായി വരാവുന്ന മറ്റൊരു കാര്യം മതങ്ങളുടെ, മൂല്യച്യുതിയും അധപതനവുമാണ്. ഏതൊരു മതവും, പ്രവർത്തനപന്ഥാവിൽ, അതിന്റെ സനാതന മൂല്യങ്ങളിൽ നിന്ന് വളരെ അകന്നാണ് നിൽക്കുന്നത്. ഉദാഹരണത്തിന് നമ്മുടെ കർത്താവ് പടിപ്പിച്ച സ്വർഗ്ഗരാജ്യ മൂല്യങ്ങളോട് നീതി പുലർത്തുന്നു എന്ന് ഏതെങ്കിലും ക്രിസ്തീയ സഭകൾക്ക് അവകാശപ്പെടാനാവുമോ? ചില വ്യക്തികളോ, ചെറിയ കൂട്ടായ്മകളോ ഒക്കെ അങ്ങിങ്ങായി അപവാദമായി കണ്ടേക്കാം. മുഖ്യധാരയിലുള്ള കത്തോലിക്കാ. ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് സഭകളെല്ലാം ആന്തരീകമായി വളരെ ജീർണ്ണതകളെ നേരിടുകയാണ്. ഏറ്റവും ശക്തമായ ആഗോള വൽക്കരണമെന്ന പുതിയ മതം ഈ ജീർണ്ണതയ്ക്ക് ആക്കം കൂട്ടിയിരിക്കുന്നു. നിർബന്ധിത പൗരോഹിത്യം സൃഷ്ടിച്ചിരിക്കുന്ന വൈതരണികൾ ഉൾപ്പെടെ കത്തോലിക്കാ സഭകൾ വളരെ വെല്ലുവിളികൾ നേരിടുന്നു. മിക്ക ഓർത്തഡോക്സ് സഭകളിലും ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ട്. കൺ മുൻപിൽ നാം അതു കണ്ടുകൊണ്ടിരിക്കുകയാണല്ലോ. ഒന്നിനോടൊന്നു പൊരുത്തപ്പെടാതെ ആയിരക്കണക്കിനു പ്രൊട്ടസ്റ്റന്റ് സഭകൾ പരസ്പരം പോരാടുകയും പഴിചാരുകയും ചെയ്യുന്നു. മറ്റു മതങ്ങളുടെ നിലവാരവും വ്യത്യസ്ഥമല്ല. ആഗോള സാഹോദര്യം പറയുമെങ്കിലും മുസ്ലീം ലോകവും കടുത്ത ആഭ്യന്തര കലഹത്തിലാണ്. ഇറാക്കിലും അഫിഗാനിസ്ഥാനിലും തുടങ്ങി പല മുസ്ലിം രാജ്യങ്ങളിലും പരസ്പരം വെട്ടിക്കൊല്ലുന്നത് ഒരേ മത വിശ്വാസികൾ തന്നെയാണല്ലോ. സംഘടിത സ്വഭാവവും കൃത്യമായ വിശ്വാസ പ്രഖ്യാപനങ്ങളും ഇല്ലാത്തതിനാൽ ഒരു പക്ഷേ ഹിന്ദുമതത്തിൽ ഈ തരത്തിലുള്ള കലഹങ്ങൾ ആഭ്യന്തരമായി ഉണ്ടാകുന്നില്ല. എന്നാൽ ജാതി വ്യത്യാസവും, തീവ്ര ഹിന്ദുത്വ വർഗീയതയും ആ മതത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചുരുക്കത്തിൽ സംഘടിത സ്വഭാവമുള്ള എല്ലാ മതങ്ങളും ജീർണ്ണതയേ നേരിടുന്നുണ്ട്. എന്നാൽ ആചാരാനുഷ്ഠാനങ്ങളോട് വിശ്വാസികൾക്ക് ആഭിമുഖ്യ മുള്ളതിനാൽ പുറമെ യഹൂദ സഭയേപ്പോലെ തളിർത്തു നിൽക്കുന്ന സൂചനയാണ് നൽകുന്നത്. യെരുശലേം, മക്ക, ശബരിമല, തിരുപതി, വേളാങ്കണ്ണി, പരുമല, മാരാമൺ തുടങ്ങി എല്ലായിടത്തും തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരികയാണല്ലോ. ഇത് ആത്മീയതയുടെ അടയാളമായി ചിന്തിച്ചാൽ തെറ്റിപ്പോയി. പ്രകൃതിയിൽ നിന്നും, സഹോദരനിൽ നിന്നും മനുഷ്യനെ അടർത്തിമാറ്റിയ ഒരു ഭൗതിക സംസ്ക്കാരം (Metrialistic culture) സൃഷ്ടിച്ച മാനസിക വിഭ്രാന്തിയിൽ നിന്ന് എന്തെങ്കിലും രക്ഷ കിട്ടാനുള്ള ഓട്ടമാണ് ഈ തീർത്ഥാടക കേന്ദ്രങ്ങളിൽ വിശ്വാസികളെ കൊണ്ടെത്തിയ്ക്കുന്നത്. അല്ലാതെ ദൈവപുത്രൻ മനുഷ്യപുത്രനായത് "മനുഷ്യ പുത്രരെ ദൈവ പുത്രരാക്കിത്തീർക്കാനാണ്" എന്നുള്ള വ്യഗ്രതയുടെ സാക്ഷാത്ക്കാരമായി തീർത്ഥാടന കേന്ദ്രങ്ങളിലെ ആൾക്കൂട്ടത്തെ കാണാൻ സാധിക്കുകയില്ല. മതങ്ങളിലെയും, സഭകളിലെയും ആന്തരീക ജീർണ്ണതയുടെ പ്രതിഫലനമാണ് ഇത

രമത വിശ്വാസങ്ങളോടുള്ള അവഹേളനവും നിന്ദയും. ഏറ്റവും കൂടുതൽ ജീർണ്ണതയുള്ള സമൂഹം ഏറ്റവും കൂടുതലായി പരനിന്ദയിൽ ഏർപ്പെടും.

മതമൗലിക വാദികളുടെ പങ്ക് : മതങ്ങൾക്കും, അതിലെ അമാന്തര വിഭാഗങ്ങൾക്കും സംഘടിത രൂപവും ഭാവവും വന്നു കഴിയുമ്പോൾ അതിനെ വിമർശിക്കുന്നവർക്ക് നേതൃത്വ തലത്തിൽ എത്തിച്ചേരാനുള്ള സാദ്ധ്യത വിരളമാണ്. സംഘടിത തലമുറ സെക്കുലർ സംഘടനകൾക്കും, രാഷ്ട്രീയ പാർട്ടികൾക്കുപോലും ഈ തത്ത്വം ബാധകമാണെന്നുള്ളതിന് അനവധി ഉദാഹരണങ്ങൾ ആനുകാലിക സംഭവങ്ങളെ ഉദ്ധരിച്ചു കൊണ്ട് ചൂണ്ടിക്കാട്ടുവാൻ കഴിയും. സംഘടിത മതത്തിന്റെ നേതാക്കന്മാർക്ക് അവരുടെ ശബ്ദമായി പ്രവർത്തിക്കേണ്ട മാധ്യമങ്ങളുടെ തലപ്പത്ത് ലിബറൽ ചിന്താഗതിക്കാരെ പ്രതിഷ്ഠിക്കേണ്ടതിനെക്കുറിച്ച് ചിന്തിക്കാനേ ആവുകയില്ല. നേതൃത്വം എടുക്കുന്ന തീരുമാനങ്ങൾ തെറ്റാണെങ്കിൽ പോലും അതിനെ ന്യായീകരിച്ച് അനുയായികളെ അനുനയിപ്പിക്കുന്നവരെയാണ് അവർക്കാവശ്യം. രാജാവിനേക്കാൾ, വലിയ രാജ്യ ഭക്തി തെളിയിക്കേണ്ടത് അതാതു സ്ഥാനങ്ങളിലുള്ള അവരുടെ നിലനിൽപ്പിന് ആവശ്യമാകയാൽ വിശ്വാസ കാര്യങ്ങളിൽ മൗലീക വാദമായിരിക്കും ഇവരുടെ ചിന്തകളിലെയും എഴുത്തുകളിലെയും മുഖമുദ്ര. ദൈവത്തെയും വിശ്വാസത്തെയും താങ്ങിനിർത്തുന്നത് ഇവരാമെന്നുള്ള മൂഢ ചിന്തയിൽ നിന്നുള്ള എഴുത്തുകൾ പര നിന്ദയിൽ അവസാനിക്കാനാണ് സാദ്ധ്യത. പാരമ്പര്യങ്ങളിൽ കാണുന്ന ഒരു തട്ടിപ്പ് ഇവിടെയും ബാധകമാണ്. തങ്ങളുടെ ഉല്പന്നം മെച്ചമാണെന്ന് കാണിക്കുന്നത് മറ്റു സമാനമായ ഉല്പന്നങ്ങളെ ഇകഴ്ത്തിക്കൊണ്ടാണല്ലോ. തങ്ങളുടെ വിശ്വാസം മെച്ചമാണെന്ന് ജീവിതം കൊണ്ട് തെളിയിക്കാനാവാതെ വരുമ്പോൾ ഏതൊരു വ്യക്തിയും സമൂഹം മറ്റുള്ളവർ മോശക്കാരാണെന്ന് ചിത്രീകരിക്കാൻ ശ്രമിക്കും. മിക്കപ്പോഴും മൗലിക വാദികളായ എഴുത്തുകാരാണ് സംഘടിത മതങ്ങളുടെയും സഭകളുടെയും വക്താക്കളായി രംഗത്തു വരുന്നത്. ഇതും അപകടകരമായ പ്രവണതയാണ്.

**മാനസിക രോഗങ്ങൾ**

ബുദ്ധിജീവികൾ, എഴുത്തുകാർ, ദാർശനികർ എന്നൊക്കെ തലക്കെട്ടുകൾ ചിലർക്കു വന്നു കഴിഞ്ഞാൽ പിന്നെ ആരാധനാ ഭാവത്തോടെ നോക്കാനായിരിക്കും സാമാന്യ ജനങ്ങൾ ഇഷ്ടപ്പെടുക. എന്നാൽ സൂക്ഷ്മ വിശകലനത്തിൽ ഇവർക്ക് പ്രത്യക്ഷമല്ലാത്ത മാനസിക രോഗങ്ങൾ കാണുമായിരിക്കും. SADISM (മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവർ) MASOCHISM സ്വയം പീഡനത്തിൽ ആനന്ദം കണ്ടെത്തുന്നവർ. ചില എഴുത്തുകാരും ഈ വിഭാഗത്തിൽ ഏതെങ്കിലും പെട്ടവരായിരിക്കും. മറ്റുള്ളവരെ കുത്തി, മുറിവേൽപ്പിച്ച് ആദ്യത്തെ കൂട്ടർ ആനന്ദം കണ്ടെത്തുന്നു. ഇവരുടെ മാരകായുധം തൂലികയായിരിക്കുമെന്നു മാത്രം. മറ്റു ചിലർ ആക്രമിക്കപ്പെടുമ്പോഴാണ് ആനന്ദം കണ്ടെത്തുന്നത്. ആക്രമിക്കപ്പെടുവാനായി അവർ ചുണ്ടയ്ക്കാ ഇട്ടുകൊടുക്കും. ചുണ്ടയ്ക്കാ കൊടുത്ത് വഴുതനങ്ങാ വാങ്ങുന്നതുപോലെ ചെറിയ തീപ്പൊരി ഇട്ടുകൊടുത്ത്, അതിനെ കാട്ടു തീയാക്കുന്നതിൽ അവർ ആനന്ദം കണ്ടെത്തുന്നു. അറിവുള്ള എല്ലാവരും മാനസീകാരോഗ്യം ഉള്ളവരാകണമെന്നില്ല. ബുദ്ധിജീവികളുടെഇടയിലും ഞരമ്പു രോഗികൾ അനവധിയുണ്ടാകും. മതനിന്ദയ്ക്കു മുതിരുന്നത് ഇത്തരത്തിലുള്ള മാനസിക രോഗികളായിരിക്കും.

ഉപസംഹാരം

ചുരുക്കത്തിൽ മതനിന്ദയുടെ പേരുകൾ കെട്ടുപിണഞ്ഞുകിടക്കുകയാണ്. ആധുനിക കച്ചവട മീഡിയാകളുടെ പ്രവർത്തന ശൈലിയും, ഇടം കണ്ടെത്താനുള്ള ശ്രമവും, മനുഷ്യനെ നന്നാക്കാനുള്ള മതങ്ങൾ മറ്റെന്തൊക്കെയോ ചെയ്തു കൂട്ടി സനാതന മൂല്യങ്ങളിൽ ജീർണ്ണത സൃഷ്ടിക്കലും, മൗലിക വാദികളുടെ അരങ്ങേറ്റവും, മാനസിക രോഗികളായ ചിന്തകരുടെയും, എഴുത്തുകാരുടെയും രംഗ പ്രവേശനവും ഒക്കെ കൂട്ടിച്ചേരുമ്പോഴാണ് പരിപാവനമായ പ്രസാധന രംഗം തെറ്റുകളുടെ കൂത്തരങ്ങായി വഴിമാറുന്നത്. ചെറുതും വലുതുമായ എല്ലാ പ്രസാധകർക്കും ആഴമേറിയ പരിചിന്തനവും സ്വയപരിശോധനയും ആനുകാലികമായ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ■


# CATHOLICATE & M.D. SCHOOLS
(Corporate Management)
Devalokam, Kottayam-38

1. 2010–2011 അദ്ധ്യയന വർഷത്തിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള താഴെപ്പറയുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും നിർദ്ദിഷ്ഠ ഫാറത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

   **1. H.S.A. (Sanskrit)**
   **2. Lower Grade (U.P.) Sanskrit**
   **3. Drawing Teacher**

   നിർദ്ദിഷ്ഠ ഫാറം 2010 ഏപ്രിൽ 20–ാം തീയതി മുതൽ 50 രൂപയ്ക്ക് (By post 55/-) ഓഫീസിൽ നിന്നും ലഭിക്കുന്നതും, പൂരിപ്പിച്ച ഫാറം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുസഹിതം മെയ് 21–നു മുമ്പ് ഓഫീസിൽ ലഭിക്കേണ്ടതുമാണ്.

2. 2010–2012 അദ്ധ്യയന വർഷം റ്റി.റ്റി.സി. കോഴ്സിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും നിർദ്ദിഷ്ഠ ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. ഫാറം 30 രൂപയ്ക്ക് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. +2 പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15–05–2010.

സ്കൂളുകൾ – M.S.S. T.T.I., Thazhakara, Mavelikara
R.M.T.T.I. Vadavucode, Ernakulam

**ദേവലോകം**
**16–04–2010**

**മാനേജർ**

വർഗീസ് ജോൺ, തോട്ടപ്പുഴ

# പരിശുദ്ധ ദിദിമൊസ് ബാവായും മാർ എലിയാ കത്തീഡ്രലും റിക്കോർഡിലേക്ക്

**2010** മെയ് 12-ലെ മേൽപ്പട്ടവാഴ്ചയോടെ പരിശുദ്ധ ദിദിമോസ് ബാവായും കോട്ടയം മാർ ഏലിയാ കത്തീഡ്രലും റെക്കോർഡിലേക്ക്.

ഇതോടെ പരിശുദ്ധ ബസേലിയോസ് മാർതോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ വാഴിക്കപ്പെടുന്ന മേൽപട്ടക്കാരുടെ എണ്ണം 14 ആകും. പുതുപ്പള്ളി സെന്റ് ജോർജ് വലിയ പള്ളിയിൽ വച്ച് 2009 ഫെബ്രുവരി 19-ന് അദ്ദേഹം ഏഴുപേരെ വാഴിച്ചിരുന്നു.

ഇക്കാര്യത്തിൽ അടുത്ത സ്ഥാനം രണ്ടു കാതോലിക്കാമാർക്കാണ്. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആറു തവണയായി 11 പേരെയും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ മൂന്നു തവണയായി 11 പേരെയും എപ്പിസ്ക്കോപ്പമാരായി വാഴിച്ചു. പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ രണ്ടു തവണയായി 10 പേരെയും പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവാ രണ്ടു തവണയായി എട്ടു പേരെയും വാഴിച്ചു.

കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ മേൽപ്പട്ട സ്ഥാനമേറ്റവരുടെ എണ്ണം ഇതോടെ 14 ആകും. ഇവിടെ 1929 ഫെബ്രുവരി 16-ന് രണ്ടും 1953 മെയ് 15-ന് അഞ്ചും എപ്പിസ്കോപ്പാമാർ വാഴിക്കപ്പെട്ടു. ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടതും (1929 ഫെബ്രുവരി 15) ഇവിടെയാണ്. 1953ൽ വാഴിക്കപ്പെട്ട മാത്യൂസ് മാർ അത്താനാസിയോസ് (പ. മാത്യൂസ് പ്രഥമൻ ബാവാ) മാത്യൂസ് മാർ കൂറീലോസ് (പ. മാത്യൂസ് ദ്വിതീയൻ ബാവാ) എന്നിവർ പിന്നീട് (1975, 1991) കാതോലിക്കാമാരായി.

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും (1929 ഫെബ്രുവരി 15) പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെയും (1964 മെയ് 22) പൗരസ്ത്യ കാതോലിക്കാ സ്ഥാനാരോഹണം നടന്നത് ഇവിടെയാണ്. പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായാണ് 1964-ലെ കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികനായിരുന്നത്.

ഏറ്റവും കൂടുതൽ പ്രാവശ്യം (10) മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം ചേർന്നത് ഇവിടെയുള്ള എം. ഡി. സെമിനാരിയിലാണ്. മലങ്കരസഭ ഭരണഘടന പാസ്സാക്കിയതും (1934 ഡിസംബർ 26) ഇവിടെയാണ്.

കൂനൻ കുരിശു സത്യത്തിനു (1653) ശേഷം മലങ്കര സഭയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം മേൽപ്പട്ട വാഴ്ചകൾ നടന്നത് പരുമല സെമിനാരിയിലാണ്. ഇവിടെ വച്ചു അഞ്ചു തവണയായി (1912, 1930, 1991, 1993, 2005) 13 മേൽപട്ടക്കാർ വാഴിക്കപ്പെട്ടിട്ടുണ്ട്. ഇവയ്ക്കു പുറമേ രണ്ടു പ്രാവശ്യം (1991 ഏപ്രിൽ 29, 2005 ഒക്ടോബർ 31) പൗരസ്ത്യ കാതോലിക്കാ സ്ഥാനാരോഹണവും നടന്നിട്ടുണ്ട്. കോട്ടയം മാർ ഏലിയാ കത്തീഡ്രലും പരുമല സെമിനാരിയും കൂടാതെ നിരണം വലിയ പള്ളിയിൽ രണ്ടു പ്രാവശ്യവും (1912, 1925) കോട്ടയം പഴയ സെമിനാരയിൽ ഒരു പ്രാവശ്യവും (1975) പൗരസ്ത്യ കാതോലിക്കാ സ്ഥാനാരോഹണം നടന്നിട്ടുണ്ട്.

ആധുനിക കാലത്ത് നിരണം വലിയ പള്ളിയിൽ ഏഴു പേർ മേൽപട്ട സ്ഥാനമേറ്റിട്ടുണ്ട്. പുതുപ്പള്ളി പള്ളിയിൽ ഒരുമിച്ച് ഇത്രയും പേർ വാഴിക്കപ്പെട്ടു. പഴഞ്ഞി, മാവേലിക്കര എന്നീ പള്ളികളിൽ ആറു പേർ വീതവും വടക്കൻ പറവൂർ പള്ളിയിൽ നാലു പേരും വാഴിക്കപ്പെട്ടു. കോലഞ്ചേരി പള്ളിയിലും ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിലും മൂന്നുപേർ വീതമാണ് വാഴിക്കപ്പെട്ടത്. കോട്ടയം ചെറിയ പള്ളിയിലും പഴയ സെമിനാരിയിലും രണ്ടു പേർ വീതം വാഴിക്കപ്പെട്ടു.

കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ മൂന്നാം പ്രാവശ്യമാണ് മേൽപട്ട സ്ഥാനാഭിഷേകം നടക്കുന്നത്. കൂനൻകുരിശു സത്യത്തിനു ശേഷം ഒന്നിലധികം തവണ മേൽപ്പട്ട വാഴ്ചകൾ നടന്ന പള്ളികളിൽ നിരണം സെന്റ് മേരീസ് വലിയ പള്ളി (1761, 1925, 1975) കോട്ടയം ചെറിയ പള്ളി (1817, 1825), കോട്ടയം പഴയ സെമിനാരി (1868, 1889), വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളി (1876 ഡിസംബർ 3, 10) ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി (1796, 1913) പഴഞ്ഞി സെന്റ് മേരീസ് പള്ളി (1815, 1978) മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളി (1940, 1985) എന്നിവയും ഉൾപ്പെടുന്നു.

ഏഴു മേൽപട്ടക്കാർ ഒരുമിച്ച് വാഴിക്കപ്പെടുന്നത് തുടർച്ചയായി രണ്ടാം തവണയാണ്. അതുവരെ പരമാവധി അഞ്ചു പേരെയാണ് ഒരുമിച്ച് മേൽപ്പട്ടക്കാരായി വാഴിച്ചിട്ടുള്ളത്. കോട്ടയം മാർ ഏലിയാ ചാപ്പൽ (1953 മെയ് 15), നിരണം സെന്റ് മേരീസ് വലിയ പള്ളി (1975 ഫെബ്രുവരി 16), പഴഞ്ഞി സെന്റ് മേരീസ് പള്ളി (1978 മെയ് 15), മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളി (1985 മെയ് 15), പരുമല സെമിനാരി (1991 ഏപ്രിൽ 30) എന്നീ പള്ളികളിൽ ഒരുമിച്ച് അഞ്ചു പേരെ വീതം വാഴിച്ചിട്ടുണ്ട്. പരുമല സെമിനാരിയിൽ ഇതു കൂടാതെ 2005 മാർച്ച് അഞ്ചിന് നാലു പേരും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ 1966 ആഗസ്റ്റ് 24-ന് മൂന്നു പേരും വാഴിക്കപ്പെട്ടിട്ടുണ്ട്.

രണ്ടു പേർ വീതം പല പ്രാവശ്യം വാഴിക്കപ്പെട്ടിട്ടുണ്ട്. മലങ്കരയിൽ 1875-ൽ വന്ന പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായാണ് ആദ്യമായി ഒന്നിലധികം പേരെ ഒരുമിച്ച് മേൽപട്ടക്കാരായി വാഴിച്ചത്. മൂന്നു പ്രാവശ്യമായി ആറുപേരെ അദ്ദേഹം വാഴിച്ചു.




# പൗരോഹിത്യ ശുശ്രൂഷയും: മശിഹായുടെ കാലവും

ഭാഗം - V

ഫാ. ഡോ. ബേബി വർഗീസ്

**ബിഷപ്പ്–കശീശ്ശാ–ശെമ്മാശ്ശൻ: പുതിയ നിയമത്തിൽ**

പുതിയ നിയമത്തിൽ പലയിടത്തും സഭാ ശുശ്രൂഷകരുടെ പട്ടിക നൽകിയിട്ടുണ്ട് (1കൊരി. 12:28; റോമർ. 12:6–8; എഫെ. 4:11; 1 പത്രോ. 4:10–11).

അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കൾ (Teachers), സുവിശേഷകന്മാർ (Evangelits), ഇടയന്മാർ (pastors) എന്നീ ശുശ്രൂഷകരുടെ പേരുകൾ അതിൽ കാണുന്നു. കൂടാതെ സഭാ തലവന്മാരെപ്പറ്റി പറയുമ്പോൾ താഴെപ്പറയുന്ന വാക്കുകൾ ആണ് ഉപയോഗിച്ചിരിക്കുന്നത്.

1) അധ്യക്ഷന്മാർ (Bishops; ഗ്രീക്കിൽ Episcopos) അ.പ്ര. 20:17,28, ഫിലി. 1:1, തീത്തോ. 1:7, 1 തീമോ. 3:2.

2) മൂപ്പന്മാർ (Elders or presbyters: ഗ്രീക്കിൽ presbyteros; സുറിയാനിയിൽ കശ്ശീശ്ശാ, അ.പ്ര. 11:30, 14:23, യാക്കോ. 5:14, 1 പത്രോ. 5:1, തീത്തോ. 1:5...

3) ശെമ്മാശ്ശന്മാർ (Deacons : ഗ്രീക്കിൽ : Diakonos; സുറിയാനിയിൽ 'മ്ശംശോനോ') ഫിലിപ്പി. 1:1, 1 തീമോ. 3:8

എബ്രഹാ. 13:7–ൽ ("നിങ്ങളോടു ദൈവ വചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവീൻ") ഇംഗ്ലീഷിൽ leaders (ഗ്രീക്കിൽ higoumenos) എന്ന് സഭാ തലവന്മാരെപ്പറ്റി പൊതുവായി പരാമർശിച്ചിട്ടുണ്ട്.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പൊസ്തലന്മാർ സഭയ്ക്ക് നേതൃത്വം നൽകി. അവർ സ്ഥാപിച്ച സഭകളിൽ അദ്ധ്യക്ഷന്മാരെയോ, മൂപ്പന്മാരെയോ നിയമിച്ചു. (അ.പ്ര. 14:23; തീത്തോ.1:5; അ.പ്ര. 20:17,28). അവരുടെ സഹായികളായിട്ടാണ് ശെമ്മാശ്ശന്മാരെ വാഴിച്ചത്.

മേൽപറഞ്ഞ ശുശ്രൂഷകന്മാരുടെ പട്ടികയെ രണ്ടായി തിരിക്കാം.

1) സഞ്ചരിച്ച് ശുശ്രൂഷ നടത്തുന്നവർ (Traveling ministers): അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ എന്നിവർ ഈ വിഭാഗത്തിൽ പെടുന്നവരാണ്, അതിൽ അപ്പൊസ്തലന്മാർ, ഉയിർത്തെഴുന്നേറ്റ കർത്താവിനെ നേരിട്ടു കണ്ടിട്ടുള്ളവരും, തന്റെ പരസ്യ ശുശ്രൂഷയിൽ തന്റെ വാക്കുകൾക്കും, പ്രവർത്തനങ്ങൾക്കും ദൃക്സാക്ഷികളുമായിരുന്നു. അവരുടെ കാലശേഷം ആരെയും 'അപ്പൊസ്തലനായി' വാഴിക്കുകയോ, അംഗീകരിക്കുകയോ ചെയ്തില്ല കാരണം അവർ 'കർത്താവിനെ നേരിട്ടു കണ്ട സാക്ഷികൾ' ആയിരുന്നു. തത്തുല്യമായ സാക്ഷ്യം നൽകുവാൻ മറ്റാർക്കും കഴിയുമായിരുന്നില്ല.

പുതിയ നിയമ പ്രവാചകന്മാർ (prophets), പഴയ നിയമത്തിൽ നിന്നും വ്യത്യസ്തരായിരുന്നു. വരുവാനിരിക്കുന്ന കാര്യങ്ങൾ പ്രവചിക്കുന്നതിനെക്കാൾ, വിശ്വാസപരവും ആത്മീയവുമായ ഉദ്ബോധനമാണ് അവർ നൽകിയിരിക്കുന്നത്:

"പ്രവചിക്കുന്നവനോ ആത്മിക വർദ്ധനെക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു" (1 കൊരി. 14:3).

പ്രവചനവരം ഒരു താത്കാലിക പ്രതിഭാസമായിരുന്നു: "പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും" (1 കൊരി. 13:8) എന്നാണ് വി. പൗലൂസ് എഴുതുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിനു മുമ്പായി പ്രവാചകന്മാർ അപ്രത്യക്ഷരായിത്തുടങ്ങി, ഈ ശുശ്രൂഷ സഭ അധികം പ്രോത്സാഹിപ്പിച്ചില്ല. കാരണം, പ്രത്യേകിച്ച് യാതൊരു സഭയോടും കടപ്പാടോ, ഉത്തരവാദിത്തമോ ഇല്ലാതെ പ്രവർത്തിച്ച 'സഞ്ചാര ശുശ്രൂഷകർ' സഭക്ക് ഗുണത്തെക്കാൾ കൂടുതൽ ദോഷമാണ് ചെയ്തത്. ചിലരുടെ കാപട്യം സഭയിൽ ഭിന്നതകളും ചിന്താക്കുഴപ്പങ്ങളും ഉണ്ടാക്കി. (2 തീമോ. 3:1–9; 1 തീമോ. 6:3–10). കൂടാതെ രണ്ടാം നൂറ്റാണ്ടിൽ ഉണ്ടായ 'മൊന്താനിസം' പോലുള്ള വേദവിപരീതികളുടെ ഇടയിൽ ധാരാളം പ്രവാചകന്മാർ ഉണ്ടായിരുന്നു. ഇതും 'പ്രവാചകന്മാരെ' നിയന്ത്രിക്കുവാൻ പ്രേരകമായ ഒരു സംഗതിയായിരുന്നു.

2) ഒരു സഭയിൽ താമസിച്ച് ശുശ്രൂഷ ചെയ്യുന്നവർ(Resident Ministers): ബിഷപ്പ്, കശീശ്ശാ, ശെമ്മാശ്ശൻ എന്നീ ശുശ്രൂഷകന്മാർ ഇതിൽപ്പെടുന്നു. വി. പൗലൂസ് സഭ സ്ഥാപിച്ചപ്പോൾ മൂപ്പന്മാരെ വാഴിക്കുകയും (അ.പ്ര. 14:23), അതേ രീതിയിൽ പുതിയ സഭകളിൽ വാഴിക്കുവാൻ ശിഷ്യന്മാരോട് കൽപ്പിക്കുകയും ചെയ്തു. (തീത്തോ. 1:5).

ബിഷപ്പ്: വി. പൗലൂസ് എഫെസൂസിലെ സഭാ തലവന്മാരോട് പരിശുദ്ധാത്മാവ് അവരെ സഭയുടെ തലവന്മാരായി നിയമിച്ചിരിക്കുന്നുവെന്ന് പറയുന്നു:

"നിങ്ങളെത്തന്നെയും, താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി (episcopos) വെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവീൻ" (അ.പ്ര.20:28).

വിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കി അവരെ സഭയിൽ നിന്നും അകറ്റുവാൻ ശ്രമിക്കുന്നവർക്കെതിരെ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ അവരെ ഉദ്ബോധിപ്പിക്കുന്നു: "ഞാൻ കടന്നുപോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നാക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു

ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ എഴുന്നേൽക്കും; അതുകൊണ്ട് ഉണർന്നിരിപ്പീൻ" (അ.പ്ര. 20:29–31).

സഭക്ക് നേതൃത്വം നൽകി, സഭാംഗങ്ങളെ വിശ്വാസ സ്ഥിരതയുള്ളവരാക്കുവാനാണ് അപ്പൊസ്തലന്മാർ ബിഷപ്പന്മാരെ വാഴിച്ചത്. എല്ലാ വിധത്തിലും ബിഷപ്പ് വിശ്വാസികൾക്ക് മാതൃകയായിരിക്കണം (1 തീമോ. 3:1–7; തീത്തോ. 1:7–9) ബിഷപ്പ് "ദൈവത്തിന്റെ ഗൃഹവിചാരകൻ" ആണ് (തീത്തോ. 1:7). "അതിഥി പ്രിയനും, സൽഗുണ പ്രിയനും, നീതിമാനും, നിർമ്മലനും, പ്രബോധിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം (തീത്തോ. 1:9).

കശീശ്ശാ: ബിഷപ്പിന്റെ യോഗ്യതകൾ തന്നെ കശീശ്ശാക്കും ഉണ്ടായിരിക്കുമെന്ന് പുതിയനിയമം അനുശാസിക്കുന്നു. (തീത്തോ. 1:6). കാരണം ഇടവകക്ക് നേതൃത്വം നൽകുകയും വിശ്വാസ ബോധനം നൽകുകയുമാണല്ലോ. കശീശ്ശാ ചെയ്യുന്നത്?.

വൈദിക സ്ഥാനികളും കൂദാശാനുഷ്ഠാനവും

അപ്പൊസ്തലന്മാരുടെ കാലശേഷം അവരുടെ ശിഷ്യന്മാർ. അതതു സഭകളുടെ തലവന്മാരായി, അതായത് ബിഷപ്പന്മാരായി ശുശ്രൂഷയനുഷ്ടിച്ചു. റോമിലെ ബിഷപ്പായിരുന്ന വി. ക്ലീമ്മീസ് (എ.ഡി. 95) എഴുതുന്നു. "ക്രിസ്തു ദൈവത്താലും, അപ്പൊസ്തലന്മാർ ക്രിസ്തുവിനാലും അയക്കപ്പെട്ട, അവർ (അപ്പൊസ്തലന്മാർ) ആദ്യത്തെ വിശ്വാസികളുടെ ബിഷപ്പന്മാരും ശെമ്മാശ്ശന്മാരുമായി, ആത്മാവിൽ ശോധന ചെയ്ത് 'ആദ്യഫലങ്ങൾ' എന്നു പറയുന്നത് ഓരോ സഭയിലും ആദ്യം സ്നാനമേറ്റവരെപ്പറ്റിയാണ്. സ്തേഫാനോസിന്റെ കുടുംബത്തെ 'അഖായയിലെ ആദ്യഫലം' എന്ന് വി. പൗലൂസ് വിളിക്കുന്നു. അവർ സഭയ്ക്ക് നേതൃത്വം നൽകി ശുശ്രൂഷ ചെയ്തു എന്നും വി. പൗലൂസ് എഴുതുന്നു:

"സഹോദരന്മാരെ, സ്തേഫാനോസിന്റെ കുടുംബം അഖായയിലെ ആദ്യഫലം എന്നും അവർ വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നേ ഏൽപ്പിച്ചിരിക്കുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ. ഇങ്ങനെയുള്ളവർക്കും, അവരോടുകൂടെ പ്രവർത്തിക്കയും അദ്ധ്വാനിക്കയും ചെയ്യുന്ന ഏവനും നിങ്ങളും കീഴ്പെട്ടിരിക്കേണം എന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു" (1 കൊരി. 16:15–16)

അഖായയിലെ ആദ്യഫലമായ സ്തെഫാനാസിന്റെ കുടുംബം, (ഒരു പക്ഷെ ഗൃഹനാഥനായ സ്തേഫാനോസ്) അവിടുത്തെ സഭയുടെ നേതൃത്വം വഹിച്ചുവെന്നും, അവർക്ക് സഭാംഗങ്ങൾ കീഴ്പെട്ടിരിക്കുവാൻ പൗലൂസ് നിർദ്ദേശിച്ചുവെന്നുമാണ് ഇവിടെ സൂചന, വി. പൗലൂസ് ക്രേത്തയിലെ സഭയുടെ നേതൃത്വം തീത്തോസിനെ ഏൽപിക്കുകയും, ഓരോ പട്ടണത്തിലും സഭാ തലവന്മാരായി മൂപ്പന്മാരെ (elders, കശ്ശീശ്ശാ) നിയമിക്കുവാൻ കൽപിക്കുകയും ചെയ്തുവെന്ന് നാം കണ്ടു (തീത്തോ. 1:6). എഫെസൂസിലെ മൂപ്പന്മാർ, ആ സഭയുടെ നേതൃത്വ സ്ഥാനമാണ് വഹിച്ചിരുന്നത് (അ.പ്ര. 20:28). പുതിയ നിയമസഭകളിലെ നേതൃസ്ഥാനത്തെ 'ബിഷപ്പ്' (episcopos അദ്ധ്യക്ഷൻ) 'മൂപ്പൻ' എന്നിങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

വി. പത്രോസ് സ്വയം വിളിക്കുന്നത് "കൂട്ടുമൂപ്പൻ" (fellew elder) എന്നാണ് (1 പത്രോ. 5:1) അതിനാൽ മൂപ്പന്, അതായത് ഒരു സഭാ തലവന് അപ്പൊസ്തലന് സമമായ സ്ഥാനവും ബഹുമാനവും സഭ നൽകിയിരുന്നു എന്ന് വ്യക്തമാണ്. നേരത്തെ സൂചിപ്പിച്ചതു പോലെ 'അപ്പൊസ്തല'ന്റെ സ്ഥാനത്തെ വി. ലൂക്കോസ് "എപ്പിസ്കോപ്പേറ്റ്" (അദ്ധ്യക്ഷ സ്ഥാനം, അതായത് മേല്പട്ടസ്ഥാനം) എന്നാണ് വിളിക്കുന്നത് (അ.പ്ര. 1:20).

മൂപ്പന്റെ അഥവാ ബിഷപ്പിന്റെ അധ്യക്ഷ സ്ഥാനം എന്നുള്ളതുകൊണ്ട് അർത്ഥമാക്കുന്നത് ആരാധനയിലും വി. കൂദാശാനുഷ്ഠാനങ്ങളിലും നേതൃത്വം നൽകുന്നതാണ്. അപ്പൊസ്തലന്മാരുടെ കാലത്ത് അവർ തന്നെ സ്നാനപ്പെടുത്തുകയും, വി. കുർബ്ബാന അർപ്പിക്കുകയും, തങ്ങൾ



സ്ഥാപിച്ച സഭകളുടെ നേതാക്കന്മാരെ കൈവെപ്പിലൂടെ വാഴിക്കുകയും ചെയ്തു. അവർ കൈവെപ്പിലൂടെ വാഴിച്ച നേതാക്കന്മാരും ശുശ്രൂഷകരും അതേ ശുശ്രൂഷ തുടർന്നു പോന്നു. അപ്പൊസ്തലന്മാരുടെ കാലത്തു തന്നെ പുതിയതായി ചുമതലയേറ്റ ശുശ്രൂഷകന്മാർ സ്നാനപ്പെടുത്തുകയും, വി. കുർബാനയർപ്പിക്കുകയും, കൈവെപ്പ് നൽകുകയും ചെയ്തു. ഏഴുപേരിൽ ഒരാളായ ഫിലിപ്പോസ് സ്നാനപ്പെടുത്തി. (അ.പ്ര. 8:12–13; 38); വി. പൗലൂസിന്റെ മേൽ കൈ വെക്കുന്നതും സ്നാനപ്പെടുത്തുന്നതും അനന്യാസ് ആയിരുന്നു (അ.പ്ര. 9:17–18. ഇവിടെ സ്നാനത്തിന്റെ ഭാഗമായിട്ടായിരുന്നു കൈ വെച്ചത്). ബർന്നബാസും ശൗലും ഒന്നാം മിഷനറി യാത്രയ്ക്കു പുറപ്പെടുമ്പോൾ കൈവെച്ച് അധികാരപ്പെടുത്തിയത് 'പ്രവാചകന്മാരും, ഉപദേഷ്ടാക്കന്മാരും' ആയിരുന്നു (അ. പ്ര.13:1–3). വി. പൗലൂസ് തീത്തോസിനും തീമോത്തിയോസും കൈവെപ്പ് നൽകുകയും, പുതിയ നേതാക്കന്മാരെ കൈവെപ്പിലൂടെ വാഴിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു (തീത്തോ. 1:5; 2 തീമോ.1:6; 1 തീമോ. 4:14;5:22). അവരുടെ പിൻഗാമികൾ ഈ ചുമതല തുടർന്നുവെന്നാണ് പിന്നീടുള്ള രേഖകൾ വ്യക്തമാക്കുന്നത്.

**ബിഷപ്പന്മാർ രണ്ടാം നൂറ്റാണ്ടിലെ സഭയിൽ**

അപ്പൊസ്തലന്മാർക്കു ശേഷം, അവരുടെ ശുശ്രൂഷ സഭാതലവന്മാരായ ബിഷപ്പുമാർ തുർന്നു. അതായത് സുവിശേഷ വേലക്ക് നേതൃത്വം നൽകുകയും, വിശ്വാസബോധനം നടത്തുകയും, മാമോദീസായിലും, വി. കുർബാനയിലും കാർമ്മികത്വം വഹിക്കുകയും, വൈദിക സ്ഥാനികളെ കൈവെപ്പ് നൽകി വാഴിക്കുകയും ചെയ്തു. അപ്പൊസ്തലന്മാർ ക്രിസ്തുവിന് നൽകിയ ബഹുമാനം തന്നെയാണ് വിശ്വാസികൾ സഭാ തലവനായ ബിഷപ്പിനു നൽകിയിരുന്നതെന്ന് അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസിന്റെ ലേഖനത്തിൽ കാണാം.

"ക്രിസ്തുവിനോട് എന്ന വിധം നിങ്ങൾ ബിഷപ്പിനോട് അനുസരണമുള്ളവരായി ജീവിക്കുമ്പോൾ, നിങ്ങൾ ക്രിസ്തുവിന്റെ ജീവിതചര്യ പിന്തുടരുന്നു" (ഇഗ്നാത്തിയോസ്, ട്രല്ലിയൻസിന് എഴുതിയ ലേഖനം 2:1).

"നമ്മുടെ കർത്താവ് പിതാവിനോടുള്ള ഐക്യത്തിൽ കഴികയും, സ്വന്ത ഇഷ്ടത്താൽ യാതൊന്നും പ്രവർത്തിക്കയും ചെയ്തില്ല. അതേ രീതിയിൽ നിങ്ങളുടെ ബിഷപ്പിനെയും മൂപ്പന്മാരെയും (കശീശ്ശാ) അവഗണിച്ച് നിങ്ങൾ പ്രവർത്തിക്കരുത്" (മഗ്നീഷ്യ ലേഖനം 7:1).

സഭയിൽ ഐക്യവും അച്ചടക്കവും നിലനിർത്തുവാനാണ് സഭാ തലവന്മാരെ അനുസരിക്കുവാൻ വി. ഇഗ്നാത്തിയോസ് കൽപിക്കുന്നത്. വി. പൗലൂസ് കൊരിന്തിലെ ക്രിസ്ത്യാനികൾക്കും ഇതേ നിർദ്ദേശമാണ് നൽകിയത് (1 കൊരി. 16:15–16).

സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം മാമോദീസായും വി. കുർബാനയും ആയിരുന്നു: "നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനമേറ്റും, എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു" (1 കൊരി. 12:13). ഓരോ വിശുദ്ധ കുർബ്ബാനയും സഭയുടെ ഐക്യത്തിന്റെ ദൃശ്യ രൂപമായിരുന്നു. "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്നു ആക കൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ." (1 കൊരി. 10:16–17).

> “ **പ്രത്യേകിച്ച് യാതൊരു സഭയോടും കടപ്പാടോ, ഉത്തരവാദിത്തമോ ഇല്ലാതെ പ്രവർത്തിച്ച 'സഞ്ചാര ശുശ്രൂഷകർ' സഭക്ക് ഗുണത്തെക്കാൾ കൂടുതൽ ദോഷമാണ് ചെയ്തത്.**

ഓരോ പ്രദേശത്തുമുള്ള കാതോലിക സഭയുടെ തലവനാണ് ബിഷപ്പ്. അദ്ദേഹത്തിന്റെ കാർമ്മികത്വത്തിൽ നടത്തുന്ന മാമോദീസായും, വി. കുർബ്ബാനയും മാത്രമാണ് സഭ യഥാർത്ഥ കൂദാശകളായി അംഗീകരിച്ചിരിക്കുന്നത്. കാതോലിക സഭകളുടെ ബിഷപ്പിൽ നിന്നും വിഘടിച്ച് സ്വതന്ത്ര ഗ്രൂപ്പുകൾ ഉണ്ടാക്കുന്ന പ്രവണത ആദിമ കാലം മുതൽ ഉണ്ടായിരുന്നു. കാതോലിക സഭയുടേതിൽ നിന്നും വ്യത്യസ്തമായ ഉപദേശങ്ങൾ പിന്തുടർന്ന വിഘടിത ഗ്രൂപ്പുകളെയാണ് വേദവിപരീതികൾ എന്ന് വിളിച്ചിരുന്നത്. അവരുടെ മാമോദീസായും, ഇതര 'കൂദാശകളും' സഭ അംഗീകരിച്ചിരുന്നില്ല. ആദിമസഭയുടെ കാഴ്ചപ്പാടിൽ കാതോലിക സഭയുടെ കൂദാശകൾ മാത്രമാണ് കാനോനികമായിട്ടുള്ളത്. അതിനാൽ ഇതര സമൂഹങ്ങളുടെ കൂദാശകളിൽ വിശ്വാസികൾ പങ്കെടുക്കുന്നതിനെ വിലക്കിയിരുന്നു. വി. ഇഗ്നാത്തിയോസ് എഴുതുന്നു:

"സഭയുടെ ഏക വിശുദ്ധ കുർബ്ബാനയിൽ മാത്രം സംബന്ധിക്കുവാൻ ശ്രദ്ധിക്കുക; കാരണം കർത്താവിന്റെ ശരീരം ഏകമാണ്; തന്റെ രക്തവുമായുള്ള ഐക്യത്തിനു പാനപാത്രവും ഏകമാണ്; ഏക അൾത്താരയും മൂപ്പന്മാരോടും, ശെമ്മാശന്മാരോടും കൂടെ ഏക ബിഷപ്പുമാണ് സഭയിൽ ഉള്ളത്"

(ഇഗ്നാത്തിയോസ്, ഫിലിപ്യ ലേഖനം 4)

ഏക ബിഷപ്പിന്റെ കീഴിൽ, ഏക അൾത്താരക്കു മുമ്പിൽ ഒരുമിച്ചു കൂടി, കർത്താവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന വിശ്വാസികളാണ് ഏക സഭയുടെ അംഗങ്ങൾ എന്നാണ് ഇവിടെ സൂചന. വി. പൗലൂസ് കൊരിന്തിലെ വിശ്വാസികളെ അനുസ്മരിപ്പിച്ചതും ഇതു തന്നെയാണ് (1 കൊരി. 10:16–17).


ABRAHAM THAMARASSERY

The Kerala State Coir Corporation Ltd
(An ISO 9001-2000 Certified Govt. Company)
Kollam Showroom,
Hospital Road, Kollam - 691 001.

കയർ, കാർപ്പറ്റുകൾ, കയർ ടൈലുകൾ, ചവിട്ടിമെത്തകൾ മുതലായവകൾ ഞങ്ങളുടെ മേൽനോട്ടത്തിൽ പള്ളികളിലും, വീടുകളിലും, ഓഫീസുകളിലും എവിടെയും വർക്കുകൾ ചെയ്തു തരുന്നു. ബന്ധപ്പെടുക.

ഫോൺ: 0474–2767969, 9447472035



For Favours Received



SARAMMA

# ദശാംശവും പൂർണ്ണാംശവും

ചുങ്കപ്പാറയിൽ ഇസ്ലാം മതവികാരങ്ങളെ വ്രണപ്പെടുത്തിയ 'സുവിശേഷം' ക്രൈസ്തവ ചരിത്രത്തിലെ തന്നെ 'ദുർവിശ്ശേഷ'മായി വ്യാഖ്യാനിക്കുകയാണ്. ഇങ്ങനെയുള്ള ചില സുവിശേഷകന്മാർ ഉണ്ടാക്കുന്ന ഹീനകർമ്മങ്ങൾക്ക് ക്രൈസ്തവർ മറുപടി പറയേണ്ട ഗതികേടുണ്ടായിരിക്കുന്നു

ഓർത്തഡോക്സ് സഭയുടെ ഉള്ളിലുള്ള വ്യവഹാരങ്ങളെ നിരന്തരം ചൂണ്ടിക്കാണിക്കുന്നതും പഴിക്കുന്നതുമൊക്കെ ഇപ്പോൾ വ്യാഖ്യാനിക്കാതെ ചില ബലഹീന ചിന്തകൾ പറഞ്ഞുകൊള്ളട്ടെ.

ചരിത്ര വഴിയിൽ റിഫർമേഷൻ അഥവാ മതനവീകരണമെന്ന പേരിൽ കൊണ്ടാടിയ തരംഗത്തിന്റെ സന്താനമാണ് പഴമകളെ നിരാകരിച്ചുകൊണ്ട് നവ ആരാധനാ ശൈലിയിലേക്ക് പ്രവേശിച്ച പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം. ആ പ്രസ്ഥാനത്തിന്റെ വേസ്റ്റ് പ്രോഡക്ട് ആയി പെന്തക്കോസ്റ്റലിസത്തെ മനസ്സിലാക്കണം. ഇങ്ങവസാനം വരുന്ന ന്യൂ ജനറേഷൻ വേസ്റ്റുകൾ വരെ.

'യേശു'വെന്നും (സ്വന്തം സ്യാലനെ വിളിക്കുന്ന ലാഘവത്തോടെ) രക്തമെന്നും, ജയമെന്നും ചില പദങ്ങൾ മോണ തെറിക്കും വിധം ഉച്ചരിച്ചു കൊണ്ട് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായ ദയ, സ്നേഹം, കരുണ ഇവയൊക്കെ 'ഇൻസെർട്ട്' ചെയ്ത് കുട്ടപ്പന്മാരായി നടക്കുന്ന ഇവർ ജീവൻ കൊടുത്തും നേടുന്നത് 'ദശാംശം' മാത്രമാണ്. വിരട്ടിക്കളയും കൊടുത്തില്ലെങ്കിൽ.

ഈ അവഹേളനവും നിന്ദയുമൊക്കെ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പരമ്പരാഗത സഭകളെ രൂക്ഷമായി ആക്ഷേപിച്ചു കൊണ്ടു എഴുതിയിട്ടുള്ള ലഘുലേഖകളും, പ്രസിദ്ധീകരണങ്ങളും ഇവരുടെ സുവിശേഷ പ്രചരണത്തിന്റെ മുഖ്യരീതിയാണ്. പരനിന്ദയിൽ സംതൃപ്തി നേടുന്ന സാഡിസ്റ്റുകളെപ്പോലെ. ഇപ്പോഴും മേശപ്പുറത്ത് കിടക്കുന്ന പെന്തക്കോസ്തു പ്രസിദ്ധീകരണങ്ങളിൽ പകുതിയിലേറെ ആക്ഷേപവും പരനിന്ദയുമാണ്.

റോമൻ കത്തോലിക്കാ സഭകളും, ഓർത്തഡോക്സ് സഭകളുമൊക്കെ ഇവരുടെ തുപ്പലുകളേറ്റ് സങ്കടപ്പെട്ടിട്ടുണ്ട്. അത്താഴപ്പട്ടിണിക്കാരന്റെ വീട്ടിൽ അതിക്രമിച്ച് കടന്ന് പ്രാർത്ഥിക്കാനെന്ന വ്യാജേന അവന്റെ ഇല്ലായ്കളെ കുത്തിനോവിച്ചുകൊണ്ട് 'രക്ഷ' പ്രാപിക്കാനുള്ള മാർഗ്ഗം ഉപദേശിക്കുന്നതിനോടൊപ്പം അവന്റെ അജ്ഞതയെ മുച്ചൂടും ചൂഷണം ചെയ്തു കൊണ്ട് ചില ചോദ്യങ്ങൾ ചോദിക്കുന്നു പള്ളിയിലെന്തിനാ ധൂപം? മരിച്ചവർക്കെന്തിനാ പ്രാർത്ഥന?...

അമ്മ ചോറു വാരിക്കൊടുക്കുമ്പോൾ കുഞ്ഞുങ്ങൾ അതിനുള്ളിലെ കലോറി ലിസ്റ്റ് ആവശ്യപ്പെടാറില്ല. കാരണം അമ്മയാണത് തരുന്നത്. അമ്മമാർ ചോറി വാരിക്കൊടുത്തിട്ട് മക്കൾ മരിച്ച ചരിത്രമില്ല.

19-ാം നൂറ്റാണ്ടിലെ മരുന്നല്ല ഈ നൂറ്റാണ്ടിൽ നല്കുന്നത്. മരുന്നിനുമുണ്ടൊരു പാരമ്പര്യം, ശാസ്ത്രത്തിനും സാങ്കേതിക വിദ്യക്കും, അറിവിനും, സമ്പത്തിനും (അപ്പന്റെ സമ്പത്ത് വേണ്ടെന്ന് പറയട്ടെ) പാരമ്പര്യം വേണം മതത്തിനു മാത്രം വേണ്ട.

ദരിദ്ര രാഷ്ട്രത്തിനുള്ള സുവിശേഷ സംഭാവനകൾ വിദേശത്തു നിന്നും വരുന്ന കാലത്തോളം ഈ ദുർവൃതികൾ തുടരുക തന്നെ ചെയ്യും.

മുൻ കാലങ്ങളിൽ രഹസ്യമായിട്ടായിരിക്കുന്നു ഈ അധിക്ഷേപങ്ങൾ ഇപ്പോൾ പരസ്യമായി മൈക്കു കെട്ടിയും അച്ചടിച്ചും പരമ്പരാഗത മത സങ്കല്പങ്ങളെ നിന്ദിക്കുവാനുള്ള ചുങ്കൂറ്റം ഇവർ കാണിക്കുന്നു. ഇത് അപകടരമായ ഒരു സ്ഥിതി വിശേഷമാണ്. ഒരു മത തീവ്രവാദത്തിന്റെ വക്കോളമെത്തിക്കുന്ന ഈ പ്രവർത്തകർ നാടിന്റെ സമാധാന അന്തരീക്ഷം തകർക്കുമെന്നു വ്യക്തമാണ്. ദേശീയ പതാകയെ വികലമാക്കി വ്യാഖ്യാനിച്ച ഒരു സുവിശേഷകന്റെ ഫോട്ടോ പതിച്ച കൺവൻഷൻ പോസ്റ്റർ ഇപ്പോഴും മതിലിനു മുകളിൽ പതിച്ചിരിക്കുന്നു. മുൻനിര പെന്തക്കോസ്തു നേതാക്കന്മാർ ഒപ്പം ചിരിച്ചു കൊണ്ട് നിൽക്കുന്നുണ്ട്. അധിക്ഷേപത്തിന്റെ തമ്പ്രാക്കന്മാർ.

ഞങ്ങൾക്കിതിൽ പങ്കില്ലെന്ന്

ചില പെന്തക്കോസ്തു സംഘടനകൾ കൈകഴുകി പ്രസ്താവനയിറിക്കിയിരിക്കുന്നു. എവിടെയൊക്കെ പെന്തക്കോസ്തുകാരുണ്ടോ അവിടെ മതനിന്ദയുമുണ്ട് എന്നാണ് ഞങ്ങളുടെ അനുഭവ പശ്ചാത്തലം.

ഒരു വീട്ടിൽത്തന്നെ രണ്ടു കഞ്ഞിക്കലം വയ്ക്കുന്നതു വരെ എത്തിച്ചിട്ടുണ്ട് ഇവരുടെ സുവിശേഷം. സ്നാനം മുങ്ങിയില്ലെങ്കിൽ വീട്ടിൽ നിന്ന് തെരുവിലിറക്കിക്കളയുമെന്ന് ഭീഷണിപ്പെടുത്തുന്ന 'രക്ഷിക്കപ്പെട്ട' മക്കൾ.

"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ" എന്നു വേദവാക്യം ഗോഷ്ടികാണിക്കാതെ വായിച്ച് പത്തു മിനിറ്റ് വായടക്കിയിരിക്കുക ശീലിച്ചിട്ടുണ്ടെങ്കിൽ. അതിൽപ്പരം സുവിശേഷം ലോകത്തിനു കൊടുക്കാനില്ല.

തെമ്മാടികളും, ക്രിമിനലുകളും രക്ഷിക്കപ്പെട്ട് പാസ്റ്റർമാരാകുന്നു എന്നത് നല്ലകാര്യം തന്നെ പക്ഷേ ആ ക്രിമിനൽ പശ്ചാത്തലമാണ് സമൂഹത്തെ തകർക്കുന്നത്. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തത് വാചകക്കസർത്തിലൂടെ എത്ര കാലം പരിഹരിക്കപ്പെടും?

ഏറെപ്പറയാനുണ്ടെങ്കിലും ഇതു പറയാതെ വയ്യ. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പാസ് നിങ്ങളുടെ കൈയിലല്ല. നീ പോകില്ല, അവൻ പോകില്ല അവർ പോകില്ല എന്ന് ആക്രോശിക്കുന്നതു കേട്ടിട്ടുണ്ട്. അത് ദൈവത്തിന്റെ അധികാര പരിധിയിൽപ്പെട്ട കാര്യമാണ് സ്നാനമോ, സാക്ഷ്യമോ ഇല്ലാതെ കള്ളൻ പറുദീസയിലേക്ക് എടുക്കപ്പെട്ട ചരിത്രമാണ് ബൈബിൾ വരച്ചു കാട്ടുന്നത്. അതാണ് ഞങ്ങളുടെ ദൈവം. സമയം കിട്ടുമെങ്കിൽ വിശുദ്ധ പൗലോസ് അരയോപഗകുന്നിൽ നടത്തിയ പ്രസംഗവും വായിക്കുക.

ഇതര മതങ്ങളെ നിന്ദിക്കുന്നവർ എങ്ങനെ ഈ ലോകത്ത് ജീവിക്കും, ഒരു കഷായം പോലും കുടിക്കാനാകാതെ കാരണം അയുർവ്വേദം, വേദത്തിന്റെ ഭാഗമാണ് എന്തുമാത്രം പൂജകൾക്ക് ശേഷമാണ് അവർ മരുന്നുണ്ടാക്കുന്നതെന്ന് അറിയാമോ?

വായ് തുറന്ന് ഗീർവ്വാണം വിടുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളിൽ പോലും ഭാരതീയത കടന്നു വരാറില്ലേ മനുഷ്യ'രാശി', 'ഗ്രഹ'പ്പിഴ. അർത്ഥമറിഞ്ഞാണോ വാക്കുകൾ ഉപയോഗിക്കുന്നതു പോലും ചവുട്ടി നില്ക്കുന്ന മണ്ണിനെ നോവിക്കരുത്.

ദശാംശം വാങ്ങിക്കോളൂ പക്ഷേ പൂർണ്ണാംശത്തെ അവഹേളിക്കരുത്. അരൂപിയായ ഈശ്വരാംശത്തെ.

*– ഫാ. മുകളിൽ*

## വീഡിയോ ആൽബം പ്രകാശനം ചെയ്തു

മലങ്കര സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ സ്നേഹസന്ദേശത്തിന്റെ പ്രോഗ്രാം വീഡിയോ ആൽബം തിരുവല്ല ബഥനി അരമനയിൽ നടന്ന ചടങ്ങിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു.

## വാർഷികം

ചന്ദ്രപ്പൂർ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ആശാകേന്ദ്രം–slum mission ന്റെ 10–ാം വാർഷികം നടത്തി. വികാരി ഫാ. ജിജു ജോർജ്, ജോർജുകുട്ടി പ്രസംഗിച്ചു. വന്ദ്യ ഗീവർഗീസ് റമ്പാച്ചൻ (ഭിലായ്), മുഖ്യാതിഥി ആയിരുന്നു. ആറു മാസത്തെ തയ്യൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തയ്യൽ മെഷിൻ വിതരണം ചെയ്തു.

പത്തു വർഷമായി ഇടവക നടത്തുന്ന ഈ പദ്ധതി കൊണ്ട് 100–ൽ പരം കുടുംബങ്ങൾക്ക് പ്രയോജനമുണ്ടായിട്ടുണ്ട്.

## വി. മൂറോനഭിഷേകം

തൃശൂർ മെത്രാസനത്തിൽപെട്ട എളനാട് സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനിപള്ളിയുടെ വി. മൂറോനഭിഷേകം 2010 മാർച്ച് 19, 20 പ. ബസ്സേലിയോസ് മാർത്തോമ്മ ദിദിമൊസ് പ്രഥമൻ കാതോലിക്ക ബാവ, അഭിവന്ദ്യരായ ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, സഖറിയ മാർ അന്തോണിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## പ്രകാശനം ചെയ്തു

തൃശൂർ ഭദ്രാസന സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ "കൺവൻഷൻ ഗാനങ്ങൾ" പ്രകാശനം ചെയ്തു. മരോട്ടിച്ചാൽ സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലായിരുന്നു ചടങ്ങ്. ഫാ. സാജൻ കാഞ്ഞിരംപാറ, റവ. പൗലോസ് കോർ എപ്പിസ്ക്കോപ്പ, ശ്രീ. വി. ചെറിയാൻ, ഫാ. അബ്രഹാം കുഴികാല പ്രസംഗിച്ചു.

## അവാർഡ്



2009–2010 ലെ സംസ്ഥാന അധ്യാപക അവാർഡ് ജേതാവായ സി. ഗീവർഗീസ് പണിക്കർ. കുണ്ടറ എം. ജി.ഡി. ബോയ്സ് ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്റർ. കുണ്ടറ വലിയ പള്ളി ഇടവകാംഗമാണ്.

## ഗോൾഡൻ ക്ലബ്ബ്



100 വരിക്കാരെ ചേർത്ത് മലങ്കരസഭ മാസികയുടെ ഗോൾഡൻ ക്ലബ്ബിൽ അംഗമായ വി. സി. ചെറിയാൻ തൃശ്ശൂർ, മാരംകോട് സെന്റ് ജോർജ് ലെബാനോൻ ഓർത്തഡോക്സ് ഇടവകാംഗം. ഫോൺ: 9605776474.

## മികച്ച യൂണിറ്റ്

മാതൃകാ ഒ.വി.ബി.എസ്. യൂണിറ്റായി പ്രഖ്യാപിച്ച പാത്താമുട്ടം സെന്റ് മേരീസ് ചാപ്പലിലെ ഒ.വി.ബി.എസിന്റെ സമാപന സമ്മേളനം കേന്ദ്ര ജനറൽ സെക്രട്ടറി ചെറിയാൻ തോമസ് ഉദ്ഘാടനം ചെയ്തു. ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കൽ, സെമിനാരി വിദ്യാർത്ഥി സിജു കെ. തോമസ്, ജോൺ ജോർജ്, ഡോ. റ്റി. ജെ. മാത്യു, ശാലിനി തോമസ്, മാത്യു കെ. ഐപ്പ് പ്രസംഗിച്ചു.

## അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുടെ

# സുന്ത്രോണീസോ ശുശ്രൂഷ മെയ് 22–ന്

**ഹൂസ്റ്റൺ:** അമേരിക്കയിലെ സൗത്ത്–വെസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുടെ സുന്ത്രോണീസോ ശുശ്രൂഷയും, ഭദ്രാസനത്തിന്റെ പ്രഥമ പൊതുയോഗവും മെയ് 20, 21, 22 തീയതികളിൽ ഹൂസ്റ്റൺ സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് നടക്കും. നിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ് മുഖ്യ കാർമ്മികനായിരിക്കും. അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, അഭി. സഖറിയാ മാർ നിക്കോളോവോസ് എന്നിവർ സഹ കാർമ്മികരായിരിക്കും. 20–ന് സന്ധ്യാനമസ്ക്കാരത്തിനു ശേഷം നടക്കുന്ന വൈദിക സമ്മേളനത്തിൽ നിയുക്ത കാതോലിക്ക അഭി. മിലിത്തിയോസ് മെത്രാപ്പോലീത്ത ക്ലാസ്സ് നയിക്കുന്നതാണ്. 21–ന് 10 മണിക്ക് ആരംഭിക്കുന്ന ഭദ്രാസന അസംബ്ലിയിൽ വാർഷിക റിപ്പോർട്ടും കണക്കും 2010 ലെ ബഡ്ജറ്റും പ്രവർത്തന രൂപരേഖയും അവതരിപ്പിക്കും. ഉച്ച കഴിഞ്ഞ് ഭദ്രാസന കൗൺസിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കും. സന്ധ്യാനമസ്ക്കാരത്തെത്തുടർന്ന് അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് ധ്യാനപ്രസംഗം നടത്തുന്നതാണ്. 22–ന് രാവിലെ ആരംഭിക്കുന്ന വി. കുർബാന മദ്ധ്യേ ഇടവക മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷ നടക്കുന്നതും, തുടർന്ന് നടക്കുന്ന പൊതു സമ്മേളനത്തിൽ നിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. അഭി. ഡോ. മാത്യൂസ് മാർ തേവോദോസിയോസ്, അഭി. സഖറിയ മാർ നിക്കോളോവാസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് അബ്രഹാം കോനാട്ട്, അത്മായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, സഭാ മാനേജിംഗ് കമ്മറ്റി അംഗം ഡോ. സഖറിയ തോമസ്, സ്റ്റാഫോർഡ് ഡെപ്യൂട്ടി മേയർ കെൻ മാത്യു എന്നിവർ ആശംസകൾ നേരും.

## കൗൺസിൽ

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ കബറിടം സ്ഥിതി ചെയ്യുന്ന ശാസ്താംകോട്ട മാർ ഏലിയാ തീർത്ഥാടന കേന്ദ്രത്തിന്റെ ക്രമീകൃതമായ ഭരണ നിർവ്വഹണത്തിനായി പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത, ഡോ. ജോർജ് ജോസഫ്, റവ. ഫാ. കെ. റ്റി. വർഗീസ്, ശ്രീ. ജോൺസൺ ഉമ്മൻ പുത്തൂർ, ശ്രീ. റോയി വൈരമൺ എന്നിവർ അംഗങ്ങളുമായ ഒരു സമിതി രൂപീകരിച്ചു.

## ഗസ്റ്റ് ലക്ചർ

മലങ്കര ഓർത്തഡോക്സ് സഭാവക കോളേജുകളിൽ ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, മാത്തമാറ്റിക്സ്, സുവോളജി, ബോട്ടണി, ഹിസ്റ്ററി, പൊളിറ്റിക്സ്, കെമിസ്ട്രി, ഫിസിക്കൽ എഡ്യുക്കേഷൻ, ഇക്കണോമിക്സ്, ഫിസിക്സ്, മലയാളം എന്നീ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറന്മാരുടെ ഒഴിവുകൾ ഉണ്ട്. നിശ്ചിത യോഗ്യതയുള്ളവർ സെക്രട്ടറി, എം.ഒ.സി. കോളജസ്, ദേവലോകം പി.ഓ., കോട്ടയം–686038 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

## അനുമോദനം

മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഫാ. ഡോ. സാബു കുറിയാക്കോസിനെ മൂല കുടുംബാംഗമായ കാടുവെട്ടൂർ സെന്റ് മേരീസ് ദേവാലയത്തിൽ അനുമോദിച്ചു. കുടുംബയോഗം പ്രസിഡന്റ് ശ്രീ. കെ. എം. സഖറിയ, ഫാ.പി. ജെ. മാത്യൂസ്, ഫാ. തോമസ് കെ. ചെറിയാൻ, ഫാ. മാത്യൂസ് പ്രസംഗിച്ചു.

## പ്രത്യേക അനുമതി

തിരുവനന്തപുരം നന്തൻകോട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ ജയിൽ മിനിസ്ട്രിക്ക് (Jail Ministry) പ്രത്യേക അനുമതി. ജയിലിൽ കഴിയുന്ന തടവുകാർക്ക് വേണ്ടി ജയിലിൽ തന്നെ വി. കുർബാന അർപ്പിച്ച് വി. കുമ്പസാരവും ആത്മിക കൗൺസിലിംഗും നൽകുന്നതിനുള്ള പ്രത്യേക അനുമതി സർക്കാരാണ് നല്കിയിരിക്കുന്നു.

## ശുശ്രൂഷക ക്യാമ്പ് സമാപിച്ചു

2010 ഏപ്രിൽ 19 മുതൽ 21 വരെ പരുമല സെമിനാരിയിൽ നടന്ന് വന്ന അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷാ സംഘത്തി (Amoss) ന്റെ വാർഷിക ക്യാമ്പ് പ. സഭയിലെ എല്ലാ ഇടവകകളിലും മറ്റ് ആത്മീയ സംഘടനാ പ്രതിനിധികളുടെയും സഹകരണത്തോടെ പരിസ്ഥിതി സംരക്ഷണം ഏറ്റെടുക്കുവാനും, സഭാ ശുശ്രൂഷകൾ ശ്രേഷ്ഠമായ നിലയിലും മുക്തി ദായകമായും, അനുഗ്രഹകരമായി നടത്തുവാനുമുള്ള തീരുമാനങ്ങളോടെ പര്യവസാനിച്ചത്.

## കർഷക ശ്രേഷ്ഠ അവാർഡ്

മലങ്കര ഓർത്തഡോക്സ് സഭ കാർഷിക മേഖലയെ പുനർജീവിപ്പിക്കുക കർഷകരെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ഓരോ വർഷവും കാർഷികരംഗത്ത് മികവ് തെളിയിക്കുന്ന മൂന്ന് പേർക്ക് ഇടവക–ഭദ്രാസന –സഭാ തലങ്ങളിൽ കർഷകശ്രീ അവാർഡ് നൽകി ആദരിക്കുന്നതാണെന്ന്. ജൂൺ 6 ഞായർ പരിസ്ഥിതി ദിനമായി എല്ലാ പള്ളികളിലും ആചരിക്കും. സഭാ സുന്നഹദോസിന്റെ തീരുമാനപ്രകാരം മിനിസ്ട്രി ഓഫ് എംപവർമെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ ബോധവത്ക്കരണ പരിപാടിയുടെ **വിശദാംശങ്ങൾക്ക് 0481–2572800**

# മലങ്കരസഭ
# പദപ്രശ്നം 13

|  |  |  |  |  |  |  |
|---|---|---|---|---|---|---|
| 1 | 2 | 3 |  | 4 |  | 5 |
| 6 |  |  | 7 |  | 8 |  |
|  |  | 9 |  |  | ■ |  |
| 10 | 11 | 12 |  | 13 | 14 |  |
| 15 |  | 16 |  |  |  | ■ |
| 17 |  |  | 18 | 19 | 20 | 21 |
|  | 22 |  |  |  | ■ |  |

### വലത്തോട്ട്

2. മോവാബ് ദേശത്ത് ഖദിരമരമുള്ള മേച്ചിൽ സ്ഥലമായ ഒരു ഗ്രാമം (5)
6. ........ കഴുത മരുഭൂമിയിൽ (വനം) വളരെയധികം ഉണ്ട്. ഇതു വളരെ വേഗത്തിൽ ഓടും. (2)
7. കടം ഇളച്ചു കിട്ടിയ ദാസൻ തന്റെ കടക്കാരനെ തൊണ്ടക്ക് പിടിച്ചു ഞെക്കി കാരാഗൃഹത്തിലാക്കിയ ഉപമയിൽ കടം പെട്ടിരുന്നത് ഇതായിരുന്നു. (ആണ്ടു തക്സായിലെ ഒരു ഏവൻഗേലിയോൻ നോക്കുക (2)
8. യേശുവിനു ക്രൂശിൽ വച്ച് കുടിക്കുവാൻ നല്കിയത് (2)
9. യേശു വെള്ളം വീഞ്ഞാക്കിയത് ഈ സ്ഥലത്ത് വച്ചാണ് (2)
10. സെലോഫഹാമിന്റെ പുത്രിമാരിൽ ഒരുത്തി. അവന് പുത്രന്മാരില്ലാതിരുന്നതിനാൽ ഇവൾക്ക് അവകാശം ലഭിച്ചു (2)
11. ഒരു വൃക്ഷം (2)
12. പുരുഷൻ പരിഗ്രഹിക്കാത്ത സ്ത്രീയെ കുറിക്കുന്ന പദം (3)
14. കളി..... പാത്രങ്ങൾ കുശവന്റെ സൃഷ്ടിയാണ് (2)
15. പ്രസവം എടുക്കന്നവൾക്ക് പഴയ നിയമത്തിൽ പറഞ്ഞിരിക്കുന്ന പേര് (6)
17. മോശ നിലത്തിട്ടപ്പോൾ പാമ്പായി തീർന്ന വടിയുടെ ഏതു ഭാഗത്തു പിടിച്ചാണ് തിരികെ വടിയാക്കിയത് (2)
18. കത്തോലിക്കർ വിശുദ്ധ കുർബാന അപ്പത്തിനു പറയുന്ന പേര് (3)
20. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഒരു ധാന്യച്ചെടി. ഈ ധാന്യം അപ്പം ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.
22. ജന്മ പാപവും..... പാപവും മാമോദീസായാൽ പരിഹരിക്കപ്പെടുന്നു (3)

### താഴോട്ട്

1. സ്വർഗ്ഗം എന്ന ആശയത്തിൽ ഉപയോഗിക്കുന്ന പദം. ആദിയിൽ ദൈവം ഇതും സൃഷ്ടിച്ചു. (3)
2. ചക്ക് പ്രവർത്തിപ്പിക്കുന്നതിന് ഇതാണ് പറയുന്നത് (3)
3. അബ്രഹാമിന്റെ കാലത്ത് സോദോം പട്ടണത്തിലെ രാജാവ് (2)
4. ഈ അതിർ വടക്കോട്ട്, എക്രോന്റെ പാർശ്വം വരെ ചെന്ന്...... എന്ന സ്ഥലത്തേക്ക് തിരിഞ്ഞ് ബാലാ മലയിലേക്ക് കടന്ന് യശ്ബേനിൽ ചെന്ന് സമുദ്രത്തിൽ അവസാനിക്കുന്നു. (3)
5. കുതിരയെ ഇതിട്ടാണ് നിയന്ത്രിക്കുന്നത് (4)
7. കനാൻ നാട്ടിലുള്ളവർ എന്നർത്ഥം (4)
11. ഞാൻ ആകുന്നുവെന്ന് യേശു പറഞ്ഞിട്ടുള്ളതിൽ ഒന്ന് (3)
13. വൈദികരുടെ സാധാരണ വേഷത്തിൽ ഉൾപ്പെടുന്ന മേൽ വസ്ത്രം (കുപ്പായം) ഇത് നിവർത്തിയിട്ടാൽ കുരിശാകൃതിയായിരിക്കും (3)
14. പ്രധാന സമയങ്ങളറിയിക്കുവാൻ ആരാധനയക്ക് ഉപയോഗിക്കുന്ന ഒരു ഉപകരണം (2)
15. യിസാഖാർ ഗോത്രത്തിൽ നിന്നും യുദ്ധത്തിന് മോശയോടൊപ്പം നില്കുവാൻ തെരഞ്ഞെടുക്കപ്പെട്ട നെഫനയേലിന്റെ പിതാവ് (3)
16. ശിഷ്യന്മാർ വയലിൽ കൂടി സഞ്ചരിച്ച സമയത്ത് വിശന്നപ്പോൾ പറിച്ച് തിന്നത് (3)
19. ........യുടെ സന്തതി സർപ്പത്തിന്റെ തല ചതക്കും (2)
21. മോശ ശിശുവായിരുന്നപ്പോൾ ഉപേക്ഷിക്കപ്പെട്ടത് ഇവിടെയായിരുന്നു (2)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

ഉത്തരങ്ങൾ അയയ്ക്കേണ്ട
അവസാന തീയതി : 10-05-2010

### പദപ്രശ്നം – 11 ശരിയുത്തരം അയച്ചവർ

**വിജയി:- വിനുമോൻ വർഗീസ്, കൊച്ചി**

2. അനു തങ്കച്ചൻ, പുനലൂർ; 3. ആൻ മറിയം കോശി, കടമ്പനാട്; 4. ആനി ചെറിയാൻ, കാവുംഭാഗം, തിരുവല്ല; 5. അന്നമ്മ ജോസഫ്, നെടുമാവ്, കോട്ടയം; 6. സിസ്റ്റർ എസ്. അന്നമ്മ, നസ്രത്ത് കോൺവെന്റ്, കടമ്പനാട്; 7. അന്നമ്മ ചാക്കോ, നിരണം; 8. അന്നമ്മ ചെറിയാൻ, പുത്തൻകാവ്; 9. അക്കാമ്മ ജോർജ്, പാമ്പാക്കുട; 10. അമ്മിണി കോശി, ആറ്റുവ; 11. അമ്മിണി സക്കറിയ ചീരൻ, പഴഞ്ഞി; 12. അമ്മിണി യോഹന്നാൻ, ഉള്ളന്നൂർ; 13. ആലീസ് വർഗീസ്, ചമ്പക്കര; 14. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ; 15. ആലീസ് നൈനാൻ, എരുമേനി; 16. കെ. സി. എലിസബത്ത് തമ്പി, കൊച്ചി-36; 17. ഏലിയാമ്മ ശാമുവേൽ, ഡംബ്വീലി; 18. ഏലിയാമ്മ പൗലോസ്, വയനാട്; 19. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ; 20. ഏലിയാമ്മ തോമസ്, നിരണം; 21. ഏലിക്കുട്ടി വർഗീസ്, മദ്ധ്യപ്രദേശ്; 22. ഏലമ്മ ഏബ്രഹാം, നോർത്ത് കളമശേരി; 23. പി.സി. അലക്സാണ്ടർ, മാവേലിക്കര; 24. അലക്സാണ്ടർ ജോർജ്, പയ്യന്നൂർ; 25. കെ. കെ. ഏബ്രഹാം, പനയമ്പാല; 26. ഏബ്രഹാം അലക്സാണ്ടർ, തിരു.; 27. ബേബി വർഗീസ്, ചുങ്കത്തറ; 28. ബേബി ഡേവിസ്, തൃശ്ശൂർ-4; 29. ബീനാ ജോണി, ഹരിപ്പാട്; 30. ബെൻസി വിൽസൺ, നരിയാപുരം; 31. ബാബുക്കുട്ടി തോമസ്, മൈലപ്ര; 32. ചിന്നമ്മ ജോൺ, തിരു.; 33.ചിന്നമ്മ ജോൺസൺ, ചെമ്മന്തൂർ; 35. എം.എം. ജോർജ്, പാമ്പാക്കുട; 36. ജോർജ് ജോൺ, പാമ്പാക്കുട; 37. ഹന്നാ പുന്നൂസ്, അയ്മനം; 38. ഡെ. കെ. പി. ജേക്കബ്, തിരു.; 39. ജയമോൾ മാത്യു, പനയമ്പാല; 40. എം. സി. കുറിയാക്കോസ്, പാമ്പാക്കുട; 41. കുമാരി കെ. ചാക്കോ, തിരു.; 42. ലിസി വർഗീസ് , തിരുവല്ല; 43. ലില്ലിക്കുട്ടി മാത്യു, ഇടുക്കി; 44. ലില്ലിക്കുട്ടി ഏബ്രഹാം നെടുമങ്ങാട്; 45. ലീലാമ്മ ജോർജ്, ജലഹള്ളി, ബാംഗ്ലൂർ; 46. ലീലാമ്മ മാത്യു, കൊട്ടാരക്കര; 47. ലീലാമ്മ തോമസ് പണിക്കർ, കുണ്ടറ; 48. ലീലാമ്മ കുര്യൻ, പുതുപ്പള്ളി; 49. ലീലാ വർഗീസ്, പട്ടത്താനം; 50. മറിയാമ്മ തോമസ്, ഇലവുംതിട്ട; 51. മറിയാമ്മ ഫിലിപ്പോസ്, അഴൂർ; 52. മറിയാമ്മ വർഗീസ്, ഡുൺഗാൺപൂർ; 53. മറിയാമ്മ മാത്യു, കുണ്ടറ; 54. മിനി സ്ക്കറിയ, ജയ്പൂർ; 55. മോളി തോമസ്, തിരുവനന്തപുരം; 56. മോളിക്കുട്ടി മാത്യു, നരിയാപുരം; 57. മോളി മാത്യൂസ്, നാരങ്ങാനം; 58. മേരിക്കുട്ടി അലക്സാണ്ടർ, തിരു.; 59. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 60. മേരി ജോൺ, കോട്ടയം; 61. മറിയാമ്മ കെ. പത്തനംതിട്ട; 62. മാത്യു വർഗീസ്, പുനലൂർ; 63. മാത്തുക്കുട്ടി കെ. പി., ബാംഗ്ലൂർ; 64. നൈനാൻ വർഗീസ്, ആലംതുരുത്തി; 65. ഓമന ചാക്കോ, നിരണം; 66. കെ. പി. പൗലോസ്, ചാലക്കുടി; 67. കെ. യു. പൗലോസ്, തിരു.; 68. പാപ്പച്ചൻ വൈ., തലവൂർ; 69. പി.എസ്. ഫിലിപ്പോസ്, അരീപ്പറമ്പ്, കോട്ടയം; 70. റാഹേൽകുട്ടി ഏബ്രഹാം, കുന്നംകുളം; 71. റാഹേലമ്മ തോമസ്, തുവയൂർ; 72. റേച്ചൽ, അലക്സാണ്ടർ, പൂനൈ-12; 73. റേച്ചൽ വർഗീസ്, നിരണം; 74. റഞ്ചിനി റെജി, കളമശേരി; 75. റോസമ്മ തങ്കച്ചൻ, ജയ്പൂർ; 76. റീഷാ കുറിയാക്കോസ്, ബാംഗ്ലൂർ; 78. രാജു വർഗീസ്, പുത്തൂർ; 79. രാജേഷ് പി.വി. പറന്തൽ; 80. സാറാമ്മ തമ്പി, കോയമ്പത്തൂർ; 81. സാറാമ്മ ഐസക്, ആറ്റുവ; 82. സാറാമ്മ യോഹന്നാൻ, ഏനാത്ത്; 83. ശോശാമ്മ തോമസ്, കൈതക്കോട്; 84. സൂസമ്മ രാജൻ, കൽക്കട്ട; 85. സൂസമ്മ മാത്യു, നാരങ്ങാനം; 86. സൂസൻ മാത്യു, കൊച്ചി-21; 87. ഷൈനി ജോൺസൻ, ഏനാത്ത്; 88. ഷാജി മാമ്മൻ മാത്യു, കുട്ടമ്പേരൂർ; 89. ഷിനു ഫിലിപ്പ്, മുംബൈ; 90. സുജ ജോർജ്, നാസിക്; 91. സുനു വർഗീസ്, തേവലക്കര; 92. തങ്കമ്മ ഏബ്രഹാം, കോടുകുളഞ്ഞി; 93. തങ്കമ്മ മാത്യു, കരിക്കം; 94. വി.എ. തോമസ്, കറ്റാനം; 95. തോമസ് പി. ജോർജ്, പാണ്ടനാട്, ചെറുനൂർ; 96. വി.റ്റി. തോമസ്, തിരുമൂലപുരം; 97. ഉണ്ണി വർഗീസ്, പെരിങ്ങര, തിരുവല്ല; 98. വിമൽ ജോൺ ചെറിയാൻ, തിരു.; 99. വിത്സൺ കുട്ടി, ഇലവുംതിട്ട; 100. വർഗീസ് ചെറിയാൻ, കോട്ടയം; 101. വർക്കി വർഗീസ്, കുന്നംകുളം; 102. യോഹന്നാൻ കെ. ചെരുമനാട്; 103. യോഹന്നാൻ റ്റി. വി. ബോറിവില്ല, മുംബൈ.

### പദപ്രശ്നം–11–ശരിയുത്തരം

|  |  |  |  |  |  |  |
|---|---|---|---|---|---|---|
| 1 നെ | 2 ദൂ | 3 മാ | 4 പ | ല | 5 ഹാ | രം |
| 6 ബോ | 7 ധ | നം | ട്ട | ■ | നേ | ■ |
| 8 മ | നു | ഷ്യ | ത്വം | 9 വി | 10 സ് | 11 ഫി |
| ല | ■ | 12 ഊ | നം | ദ്ധാ | മു | ലി |
| 13 അ | ഗ്നി | മ | 14 യ | ന്മാ | ർ | 15 പ് |
| ബീ | 16 ഹീ | 17 യേ | ൽ | ർ | ന്നാ | ശീ |
| 18 ഹൂ | രാം | 19 ഹൂ | ദോ | സ് | ഈ | ത്തോ |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:
ഫാ. തോമസ് മാത്യു, കൊട്ടാരക്കര
ഫോൺ: 9847555113)

ദൃഷ്ടി



അജി വർഗീസ്, ബത്തേരി

# എൻട്രൻസും വയറുവേദനയും പിന്നെ ചെറിയ പനിയും

രംഗം–1

'അച്ചാ' ഈ പേനയൊന്ന് പ്രാർത്ഥിച്ചു തരണം, മോൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതുന്നതാണ്?.

പള്ളിയിലെ വായും തൂണും മല്പാനും (എതിർലിംഗം മുപ്പത്തിമൂന്ന് ശതമാനം സംവരണത്തിനു ശേഷവും ലഭ്യമല്ല). സുദീർഘ പ്രാർത്ഥനയ്ക്ക് (അച്ചനോ, പ്രസംഗകനോ വരാൻ വൈകിയാൽ സമയം അഡ്ജസ്റ്റ് ചെയ്യുന്ന സ്റ്റോപ്പ് ഗ്യാസ് പ്രാർത്ഥന എന്ന് നിഘണ്ടുവിലെ അർത്ഥം) പ്രഗത്ഭയുമായ അന്നാമ്മ കൊച്ചമ്മയുടെ പ്രാർത്ഥനാപേക്ഷ അച്ചനു സ്വീകാര്യ യോഗ്യമായിതോന്നി.

രംഗം–2

കാലത്തിന്റെ കുതിപ്പിൽ അന്നാമ്മകൊച്ചമ്മ വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കുകയും മൂക്കു കയറില്ലാത്ത പശുക്കുട്ടിയെപ്പോലെ ആടയഭാരണങ്ങളുപേക്ഷിച്ച് വീര്യമുള്ള അധ്യാത്മികതയുടെ കർത്തൃദാസിയുമായി. ഒരു നാൾ നമ്മുടെ സഹോദരി ടി.വി. സ്ക്രീനിൽ ഒരു സാക്ഷ്യമായി അവതരിച്ചു. "എന്റെ മകൾക്ക് എം.ബി.ബി.എസ്. അഡ്മിഷൻ ലഭിച്ചു... ഹാലേലുയ്യാ... (പിന്നെ പുട്ടിനു തേങ്ങയിടുന്നതുപോലെ കൃത്യമായ ഇടവേളകളിൽ ചേരുവകേൾ). ഈ ബ്രദറിന്റെ (സുന്ദരമായ സുമുഖനും സുസ്മേരവദനനുമായി, ഒട്ടുപാൽ കുടിച്ച ഓന്തിനെപ്പോലെ മൈക്കുകൊണ്ട് പാഞ്ഞു നടക്കുന്നയാൾ സ്ക്രീനിൽ മെഗാസ്റ്റാറായി അവതരിച്ചു) ഗോപുരത്തിലേക്ക് (പ്രാർത്ഥന) പ്രവേശന പരീക്ഷാ സമയത്ത് പ്രാർത്ഥിക്കണമെന്നപേക്ഷിച്ചിരുന്നു. അതുകൊണ്ട് എന്നെ കേൾക്കുന്ന മാതാപിതാക്കളെ, മക്കളെ ഡോക്ടറാകണമെന്നാഗ്രഹിക്കുന്നുവെങ്കിൽ മടിക്കാതെ ഈ സഹോദരനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുക"



രംഗം–3

ഗോപുര ബ്രദറിനെക്കാൾ മിടുക്കനായൊരാൾ കാലസമ്പൂർണ്ണതയിൽ കോട്ടിട്ടുകൊണ്ട് കോട്ടയത്തവതരിച്ചപ്പോൾ നമ്മുടെ അന്നമ്മ സഹോദരി ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയിൽ പത്രത്തിലൂടെ വീണ്ടും മനുഷ്യാവതാരം ചെയ്തു. അവിടുത്തെ വിരുന്നിലെ മേൽത്തരമായ വീഞ്ഞാസ്വദിച്ച് വീര്യംവന്ന പ്രഖ്യാപനം... 'എന്റെ രണ്ടാമത്തെ മകൾക്ക് എഞ്ചിനീയറിംങ് അഡ്മിഷൻ ലഭിച്ചു, എന്റെ ശാപങ്ങളെല്ലാം നീക്കുകയും അനുഗ്രഹങ്ങളുടെ കൊയ്ത്ത് അഗ്നിയായി വർഷിക്കുകയും ചെയ്ത സഹോദരന്റെ ശുശ്രൂഷ മഹത്തരം'.

രംഗം–4

ചെറിയ വയറുവേദനയും പനിയുമായി ഒരിക്കൽ ഒരാൾ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെത്തി വലിയ ബോർഡിലെ നെടുനീളൻ ഡിഗ്രിയുള്ള ഡോക്ടർമാരുടെ വിവരങ്ങൾ വായിച്ചു വാപിളർന്നു നിന്നു.

കാർഡിയോളജി.....

ഡെർമറ്റോളജി....

ന്യൂറോളജി....

'രക്ഷയില്ല.... വയറുവേദന.... പനി (ആത്മഗതം)...

അയാൾ മുന്നോട്ടു നടന്നു... ചെകിടടപ്പിക്കുന്ന വാദ്യഘോഷങ്ങൾ

ബോർഡുവായിച്ച പനിക്കാരന്റെ സന്തോഷം പതഞ്ഞുപൊങ്ങി

'മൾട്ടി സൂപ്പർ ആൻഡ് അൾട്രാ മോഡേൺ പ്രാർത്ഥനാലയം'

സമീപിക്കുക....

അയാൾ വായിച്ചുനോക്കി.... വിവിധയിനം സൗഖ്യദായകരുടെ സ്പെഷ്യലൈസേഷനുകൾ...

മരിച്ചവരുടെ ഉയിർപ്പ്.... (Br:......

ശാപമോക്ഷങ്ങൾ....

ബിസിനസ് തകർച്ചകളെ അകറ്റുവാൻ....

കാലാവസ്ഥ കൃത്യതകൾക്ക്...

ആമാശയ, ഉദര, പെരുപ്പ് രോഗങ്ങൾക്ക്...

മക്കളില്ലാത്തവർക്ക്....

ഐ.എ.എസ്.. ഐ.പി.എസ്. അഡ്മിഷനുകൾക്ക്...

ഉടനെ വിവാഹമോചനം വേണ്ടവർക്ക്...

അതാ അവസാനം നമ്മുടെ പാവത്താന്റെ കണ്ണുകൾ തിളങ്ങി...

ചെറിയ വയറുവേദനയും പനിയുമുള്ളവർക്ക് .... അഡ്മിഷൻ ടിക്കറ്റെടുത്ത് അയാൾ അകത്തു കയറി.

■

**അനുഭവം**

# തുറക്കപ്പെട്ട വാതിൽ

ഫാ. സാമുവൽ ജോൺ
തേവത്തുമണ്ണിൽ

**യരുശലേം യാത്രയ്ക്കിടയിൽ ലേഖകനുണ്ടായ അപൂർവ്വ അനുഭവം**

'ഇതാ ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു.' വെളി.3:8. മനുഷ്യരായ നമുക്ക് ജീവിതത്തിൽ ധാരാളം അനുഗ്രഹങ്ങളും സ്വപ്നങ്ങളുമുള്ളവരാണ്. വിശുദ്ധനാട് സ്വപ്നത്തിൽ മാത്രം കണ്ടിട്ടുള്ള എനിക്ക് അത് നേരിട്ടു കാണുവാനുള്ള ഭാഗ്യം കിട്ടി. എന്നെ സംബന്ധിച്ച് ഈ യാത്ര വിശുദ്ധവും വിജ്ഞാനവും വിനോദവും നിറഞ്ഞതായിരുന്നു. ഞങ്ങളുടെ സംഘത്തിലെ വൈദികരിൽ പ്രായം കുറഞ്ഞ ആൾ ഞാനായിരുന്നു. എങ്കിലും കർത്താവ് ജനിച്ച ബേദ്ലഹേം പുൽക്കൂട് നില്ക്കുന്ന ദേവാലയത്തിന് നൂറുവാര അകലത്തിലുള്ള ദൈവമാതാവിന്റെ നാമത്തിലുള്ള സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വി. കുർബാന അനുഷ്ഠിക്കുവാനുള്ള നിയോഗം ഉണ്ടായി. ഇത് ഞങ്ങളുടെ യാത്രയുടെ നാലാം ദിവസമായ ശനിയാഴ്ച ആയിരുന്നു. വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ച മെയ് 12–ന്റെ പ്രത്യേകത പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ബാവ തിരുമേനി തുമ്പമൺ കത്തീഡ്രലിൽ എനിക്ക് ശെമ്മാശപട്ടം തന്നതിന്റെ വാർഷിക ദിനം കൂടിയായിരുന്നു. കർത്താവ് ജനിച്ച മണ്ണിൽ ദിവ്യബലി അനുഷ്ഠിക്കുവാൻ ലഭിച്ച ഭാഗ്യം തീർത്തും എങ്ങനെ വിവരക്കണമെന്ന് എനിക്ക് അറിയാൻ പറ്റാത്തവണ്ണം ആത്മീയ അനുഭൂതി നിറഞ്ഞതായിരുന്നു.

നേരം സന്ധ്യയോട് അടുത്തു. ഞങ്ങളുടെ അന്നത്തെ പര്യടനം കഴിഞ്ഞ് യറുശലേമിലെ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ അന്തിയുറങ്ങുവാൻ എല്ലാവരും വന്നുചേർന്നു. എന്റെ മുറി ഹോട്ടലിന്റെ 10–ാം നിലയിലായിരുന്നു. ബാഗേജുകൾ മുറിയിൽ വെച്ച് വസ്ത്രം മാറി പാൻസും ഷർട്ടുമിട്ട് നാട്ടിലേക്ക് ഫോൺ ചെയ്യാനുള്ള അതിയായ വെമ്പലിൽ ലിഫ്റ്റ് ഉപയോഗിക്കാതെ 10–ാം നിലയിൽ നിന്ന് കുത്തനെയുള്ള സ്റ്റെപ്പുകൾ ഇറങ്ങി ഗ്രൗണ്ട് ഫ്ളോറിൽ എത്തി. മനോചിന്തകളിൽ മുഴുകി ഇരുന്നതിനാൽ പോകുന്ന കാര്യം മറ്റു വൈദികരോട് പറയുവാൻ മറന്നുപോയി. എങ്ങനെയോ യെറുശലേമിന്റെ തെരുവീഥികളിൽ ഞാൻ എത്തി. അന്ന് ശാബത് ആയതിനാൽ യഹൂദന്മാരുടെ കടകളും മറ്റും അടവായിരുന്നു. വാഹനങ്ങൾ പാതയോരത്ത് നിശ്ചലമായി കിടക്കുന്നു. തെരുവുവിളക്കുകൾ പ്രകാശിച്ചിരുന്നു. ക്രിസ്ത്യാനികളുടെയും മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകളുടെയും കടകൾ തുറന്നിട്ടുണ്ട്. ഫോൺ വിളിക്കണമെങ്കിൽ ഡോളർ മുടക്കി കാർഡ് എടുക്കണം. ആ കാർഡ് വഴിയായി മാത്രമെ ഇൻഡ്യയിലേക്ക് വിളിക്കാൻ പറ്റുകയുള്ളു. എങ്ങനെയും പ്രിയതമയെ വിളിക്കണം എന്ന ത്വരയിൽ കടകളായ കടകൾ കയറി ഇറങ്ങിയിട്ടും ഫോൺ കാർഡ് കിട്ടിയില്ല. പതിവില്ലാതെ മഴയും ശീതക്കാറ്റും അടിക്കാൻ തുടങ്ങി. തെരുവീഥികൾ വിജനം. ഹോട്ടൽ വാതിൽ കൊട്ടി അടയ്ക്കപ്പെട്ട വിവരം പിന്നീടാണ് മനസിലായത്. എന്തു ചെയ്യും. ഭാഷ അറിയാത്ത നാട്, സന്ധ്യമയങ്ങി, മഴ വർദ്ധിക്കുന്നു. കുടയോ മറ്റു വസ്ത്രങ്ങളോ കൈയിൽ ഇല്ല. ഇനിയും എങ്ങനെ അംബര ചുംബിയായ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ എത്തും. ശൈത്യം വർദ്ധിക്കുകയാണ്. ഞാൻ സർവ്വ ദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിച്ചു. വഴിപോക്കനോട് ഇംഗ്ലീഷിൽ Please help me എന്നു പറഞ്ഞിട്ട് ശമരിയാക്കാരന്റെ കഥയിലെ വൈദികനെപ്പോലെ അവർ കടന്നുപോയി. ഈ രാത്രിയിൽ ഇവിടെ കിടന്ന് മരിക്കുകയെഉള്ളൂ എന്ന് വരെ ചിന്തിച്ചുപോയി. അപ്പോൾ ജീവനുള്ള യഹോവയായ ദൈവം മനസിൽ ഒരു കാര്യം തോന്നിപ്പിച്ചു തന്നു. ഹോട്ടൽ ഭിത്തിയിൽ പൊട്ടുപോലെ ഒരു പാട് ഞാൻ കണ്ടു. ഞാൻ രണ്ടും കല്പിച്ച് അതിൽ കൈ അമർത്തി. അത്ഭുതമെന്ന് പറയട്ടെ ഒരു അശരീരി "Please in" പെട്ടെന്ന് ഹോട്ടലിന്റെ ഭീമമായ വാതിൽ ഞാൻ പിടിച്ച് തള്ളി. പൊടുന്നനെ കതക് തുറന്നു. അകത്ത് കയറി കഴിഞ്ഞപ്പോൾ വാതിൽ പഴയതുപോലെ അടയുകയും ചെയ്തു. എന്നെ കാണാതായ കാര്യം ഭക്ഷണശാലയിൽ എത്തിയവരുടെ ഇടയിൽ സംസാരമായി. എനിക്ക് പറ്റിയ അമളി ഞാൻ അവരോട് പറഞ്ഞപ്പോൾ യാത്രയിൽ ജാഗ്രതയുള്ളവരാകണമെന്ന കാര്യം ടീം നേതാവ് എല്ലാവരേയും ഓർമ്മിപ്പിച്ചു. ഇസ്രായേലിന്റെ ജീവനുള്ള ദൈവത്തിന് എങ്ങനെ നന്ദി പറഞ്ഞാലും മതിയാവുകയില്ല എന്ന ചിന്തയോടെ ഭക്ഷണത്തിനും പ്രാർത്ഥനയ്ക്കും ശേഷം സുഖമായി കിടന്നുറങ്ങി. ■

**ST. MARY'S EMBROIDERY**
Palace Road, Changanacherry-686101, Kerala
Prop: SAJU CHACKO
0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.
വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.
ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

9–ാം ചരമ വാർഷികം
പാവനസ്മരണയ്ക്ക്


ഫാ. റ്റി. ജി. സഖറിയ

*കൊച്ചുപ്പാപ്പാ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.*

*കൊച്ചുപ്പാപ്പന്റെ*
*Tinamol, USA*

SMT. PRATIBHA PATIL



# HARMONIOUS NATION

Ladies and Gentlemen,

I am very happy to be at this function for the presentation of the 5th Paulos Mar Gregorios Award. This prestigious Award was instituted by the Sophia Society in the memory of its founder, the Late Dr. Paulos Mar Gregorios, who was the first Bishop of the Delhi Diocese of the Indian Orthodox Church, an extraordinary human being, a scholar and linguist, as also an activist for peace and justice. He spent his life in the service of the people. He had a deep desire for learning and was a life-long seeker of truth and knowledge. He believed that all religions worked for the common goal of the well being of humanity. He often said that the deeper we go into our respective religions, we find the basic love of God and love for all humanity, which should unite us all.

**Dr. Paulose Mar Gregorios: an extraordinary human being, a scholar and linguist, as also an activist for peace and justice. He spent his life in the service of the people. He had a deep desire for learning and was a life-long seeker of truth and knowledge.**

## SPEECH BY HER EXCELLENCY THE PRESIDENT OF INDIA, ON THE OCCASION OF THE PRESENTATION OF DR. PAULOS MAR GREGORIOS AWARD AT NEW DELHI. 23, APRIL 2010.

The Paulos Mar Gregorios Award recognizes the seminal contribution made by individuals in the promotion of inter-faith dialogue, as well as work in the fields of community self-renewal, education, public health, social justice, culture and peace. Dr. Karan Singh richly deserves this award for his outstanding contribution in the fields of public life, inter-faith dialogue and culture. I congratulate him warmly.

Ladies and Gentlemen,

Since the dawn of human civilization there has been a constant search for answers about existentialism and the purpose of life. This has led to a universal conclusion that peace and harmony are the very basis of progress and prosperity. But, despite this knowledge, human history has not been free of discord and conflict. Strife, however, has neither diluted the quest for peace nor resulted in diminishing the commitment of the proponents of peace. Indeed, our efforts for bringing harmony can never be given up and these must continuously be pursued. Many men and women have contributed to these efforts throughout human history, and continue to do so. Dr. Karan Singh is one of the foremost among them.

Dr. Karan Singh is a respected and distinguished statesman, an eminent administrator, a thinker, author and diplomat. He has seen and experienced life in its many hues. He has contributed enormously to the nation in various fields and shown exemplary dedication in working for the welfare of the people. His many interests range from education, literature, culture, spirituality to social work and the preservation of wildlife, just to name a few. One of his major interests is a deep study of religion. He has a mastery over Vedic literature, the Upanishads and other such texts. I attended the engagement ceremony of his son and the daughter of late Madhavrao Scindia. At that time Dr. Karan Singh chanted shlokas non-stop for a long time, so much so that the five pundits who had come for this purpose were amazed. His is a voice heard with deep respect on many matters and in many fora. He believes that each religion has made a special contribution to human knowledge. Dr. Karan Singh has always advocated that all on our planet have a shared destiny and, therefore, all must seek to live in peace with one another, through respect for each other's faiths. He is of the view that inter-faith discourses should move from the periphery to the center of human consciousness. Speaking in January 2004, he posed the question, What sort of global society are we going to have? Will it be based upon exploitation and fanaticism, or are we going

to have a sane and harmonious global society based on inter-faith understanding and peaceful conflict resolution?"

In view of the happenings around us in the past few years and the world becoming a smaller place, this indeed is a very important question. We must try and find an answer.

Often it is divisions created by lack of understanding and misperceptions that have sparked the fires of conflict. We need to bridge these divides and necessarily through dialogue. In the contemporary world, globalization has accentuated and intensified inter-action amongst people of diverse backgrounds. No country or community lives in isolation. This imposes an even greater responsibility on all of us to understand the many cultures, faiths and the religions. However, it is most regrettable when religion is used to sow the seeds of suspicion and dissensions. Across the world, in recent years, extremism and terrorism have been issues of concern. Both are antithesis of all religions. There is no religion that promotes disharmony. All religions advocate welfare of humanity as the highest form of duty and devotion. Love and affection are the cardinal principles underlying all religions. Inter-faith dialogue can promote an understanding of the basic tenets on which different faiths are anchored.

Dialogue produces a confluence of the various streams of thought, opinions and aspirations. They bring together the inputs of different civilizations, cultures and religions, to produce a grand movement of human advancement. Today's world is different from yesterdays. Tomorrow's world too will be different from the one of today. Change is inevitable and the march of time a reality. We stand today at the start of a new decade of a new millennium. It offers an opportunity when science and technology combined with the values of harmony and tolerance of our civilizational heritage can create the conditions of peace and security, where individuals and societies can excel, and where compassion and respect for others prevail.

India is a land of many faiths and cultures. Inter-faith discourses have taken place in our country over the millennia. Besides all the faiths that originated here, India welcomed people belonging to other religions. Their customs and ideas were synthesized to create the unique composite identity of India. The principle of secularism, enshrined in our Constitution, is based on respect for all religions. I would like to stress this again, that not merely tolerance but respect for all religions is important. There is no place for fissiparous ideas of any sort - region, religion, language, caste, creed, hatred or any other ground. We have to work together with unity of purpose with patriotic feelings, keeping India together and strong with perfect communal harmony. All Indians of all faiths in different parts of the country have worked together collectively for India. This spirit must continue, as we build a more prosperous and harmonious nation.

I, once again, congratulate Dr. Karan Singh for receiving this prestigious award. Dr. Karan Singh is a rare person with a number of rare qualities of the head and the heart. I also compliment the Sophia Society for instituting this Award and their efforts to promote peace, justice and wisdom, the ideals for which Mar Gregorios worked for.

Thank you.

JAI HIND!

## ലളിതം മധുരം

സഖറിയാ മാർ അന്തോനിയോസ്
(പ്രസിഡന്റ്, മലങ്കരസഭ)



# ഗുരു

ഗുരുവിനെ എന്തു ചെയ്യണം?

ഗുരുവിനെ സ്നേഹിക്കണം, ഗുരുവിനെ വന്ദിക്കണം കരുതണം ബഹുമാനിക്കണം... ഇങ്ങനെ നിരയറ്റ ശിഷ്യ ചിന്തകൾ നിലനിൽക്കുമ്പോൾ തന്നെ ഭാരതീയ പ്രമാണം അനുസരിച്ച് ഒരു കർമ്മം കൂടി ചെയ്യേണ്ടതുണ്ട്.

അത് ഗുരുവിനെ തോല്പിക്കലാണ്.

തോല്പിക്കുന്നത് ശാരീരികമായ കീഴ്പ്പെടുത്തല്ല. മാതാ–പിതാ–ഗുരു ദൈവ സങ്കല്പങ്ങൾക്ക് ഇന്ന് ഉണ്ടായിട്ടുള്ള അർത്ഥ വ്യത്യാസങ്ങൾ മൂലം തോല്പിക്കുന്നതിനും നമുക്ക് മടിയുണ്ടാവില്ല.

തോല്പിക്കുന്നത് തകർക്കലോ, കീഴ്പ്പെടുത്തലോ അല്ല ഗുരുപ്രീതിക്കു പാത്രമായി ഗുരുവിനെ വെല്ലുന്ന കഴിവുണ്ടാക്കുക എന്നതു മാത്രമാണ്.

ഇത് ഗുരുവിന്റെ പുർണ്ണ അനുഗ്രഹാശിസുകളോടും കൂടിയായിരിക്കും.

തന്നെ തോല്പിക്കാനായി ഓരോ ശിഷ്യനേയും വളർത്തുന്ന ഗുരു നമ്മെ ചിന്തിപ്പിക്കുന്ന ഒരേടാണ്.

നമ്മുടെ ഗുരു ക്രിസ്തുവാണ്. ക്രിസ്തുവിനെ തോല്പിക്കാനാകുമോ? തോല്പിക്കണമെന്ന് കർത്താവ് പറഞ്ഞിട്ടുണ്ടോ...

ജ്ഞാനത്തിനും, കർമ്മത്തിലും ആർക്കും തോല്പിക്കാനാകാത്ത അഭൗമികനായ ഗുരു തന്റെ ശിഷ്യന്മാരോട് പറയുന്നതിപ്രകാരണ്.

"ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനു മതി"

ദൈവത്തെ വെല്ലുന്ന പ്രഭാഷണങ്ങളും, ചിന്തകളും, അത്ഭുതങ്ങളും ആവശ്യമില്ല. താൻ നടന്നു കിട്ടിയിട്ടുള്ള ഏതെങ്കിലും വഴികളിലെ സഹയാത്രികനായി ഇരുന്നു കൊള്ളുക.

# നമ്മിലൊരാൾ

From Our Church





അലക്സാണ്ടർ ദാനിയേൽ IPS



രമാ അലക്സ് ദാനിയേൽ

ഇൻഡ്യൻ ഉപഭൂഖണ്ഡത്തിന്റെ 7000 കിലോമീറ്ററോളം നീളത്തിൽ കിടക്കുന്ന അതിർത്തി കാക്കുന്ന രക്ഷാ സേനയുടെ (BSF) അഡീഷണൽ ഡയറക്ടർ ജനറലാണ് മലങ്കരസഭാംഗമായ ശ്രീ. അലക്സാണ്ടർ ദാനിയേൽ I.P.S. സഹധർമിണി ശ്രീമതി രമാ അലക്സ് ദാനിയേൽ YWCA ദേശീയ പ്രസിഡന്റും. മലങ്കര സഭയ്ക്ക് അഭിമാനിക്കാനുതകുന്ന ദ്വൈ–വ്യക്തിത്വങ്ങൾ ഒന്നു ചേർന്ന കുടുംബം.

പത്തനംതിട്ട ജില്ലയിലെ കുളനട സെന്റ്. ജോർജ് ഇടവകാംഗമായ ശ്രീ. അല്കസാണ്ടർ ദാനിയേലായിരുന്നു ഈ വർഷം നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലെ മുഖ്യ വരണാധികാരി. പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാരുടെ മകനായ ശ്രീ. പി. പി. ദാനിയേലിന്റേയും, മേരി ദാനിയേലിന്റെയും മകനായി 1951–ലെ ക്രിസ്തുമസ് ദിനത്തിലാണ് ജനനം.

പന്തളം NSS സ്ക്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. യും, NSS കോളേജിൽ നിന്നും PDC യും, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നിന്നു ബിരുദവും, തിരുവനന്തപുരം യൂണിവേഴ്സിറ്റി, സെന്ററിൽ നിന്നു ബിരുദാന്തര ബിരുദവും നേടി.

3–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ കണക്കദ്ധ്യാപകനായ നെടിയത്ത് നാരായണപിള്ള മാഷ് ക്ലാസ്സിലെ എല്ലാ കുട്ടികൾക്കുമായി കണക്കിലെ ഒരുചോദ്യം കൊടുത്തു. എല്ലാവർക്കും ഉത്തരം തെറ്റി. എന്നാൽ ശിക്ഷിച്ചത് അലക്സാണ്ടറെ മാത്രം. ഗുരു തന്നെ മാത്രം ശിക്ഷിച്ചതിന്റെ കാരണം പിന്നീട് നാരായണപിള്ള മാഷിനെ നേരിട്ട് കണ്ട് ചോദിച്ചു. ഉത്തരവും ലഭിച്ചു. “മറ്റുള്ളവരെപോലെയല്ല. നിനക്ക് ശിക്ഷ കിട്ടിയാൽ അത് കൂടുതൽ ഫലപ്രദമാണെന്ന് എനിക്കു തോന്നി” ഗുരുവിന്റെ മുന്നറിവ് തെറ്റിയില്ല. നല്ല ഗുരുക്കന്മാർ ശിഷ്യന്മാരുടെ ഉള്ള് കണ്ടറിയുന്നു എന്നതിന്റെ തെളിവായി അലക്സാണ്ടർ ദാനിയേൽ ഇതിനെ സാക്ഷിക്കുന്നു.

ജനസേവനത്തിന് ഉത്തമമായ മാർഗം സിവിൽ സർവീസിലൂടെയാണ് സാധിക്കുന്നതെന്ന് ബോധ്യവും, ലക്ഷ്യബോധത്തോടെയുള്ള പ്രയത്നവും അതിലേക്കു നയിച്ചു. 1976–ൽ ഉത്തർപ്രദേശ് കേഡറിൽ IPS–ൽ ചേർന്നു 1979 മുതൽ 1989 വരെ) യു.പി. യിലെ വിവിധ സ്ഥലങ്ങളിലായി പോലീസ് സേവനം. 1989 മുതൽ $3^1/_2$ വർഷക്കാലവും INTERPOL ന്റെ ഇൻഡ്യയിലെ മുഖ്യ ചുമതലക്കാരനായി പ്രവർത്തിച്ചു. 1992 മുതൽ 1997 വരെ സി.ബി.ഐ.യുടെ DIG. അയോധ്യ ബാബറി മസ്ജിദ് കേസുൾപ്പെടെ പല പ്രമുഖ കേസുകളുടെ അന്വേഷണ ചുമതല നിർവ്വഹിച്ചിട്ടുണ്ട്. 1997–98 കാലഘട്ടത്തിൽ ഐക്യരാഷ്ട്ര സഭയുടെ സമാധാന പാലന ദൗത്യവുമായി വെസ്റ്റ് ഇൻഡീസിലെ ഹെയ്റ്റിയിൽ പ്രത്യേക സേവനം നടത്തി, ഇപ്പോൾ BSF ന്റെ ഓപ്പറേഷൻസിന്റെ ചുമതലയിൽ അഡീഷണൽ ഡയറക്ടർ ജനറലായും സേവനം ചെയ്യുന്നു. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലും, യു. എൻ. സമാധാന മെഡലും മറ്റനവധി അംഗീകാരങ്ങളും നേടയിട്ടുണ്ട്.

“ചെയ്യാനുള്ള ജോലി കൃത്യസമയത്ത് കൃത്യമായി ജനഹിതം മുന്നിൽ വച്ചുകൊണ്ടു പ്രവർത്തിക്കുക. പണത്തിന്റെയും അധികാരത്തിന്റെയും സ്വാധീനത്തിൽ വഴങ്ങാതെ നിയമത്തിന്റെ വഴിയിൽ പൊതു നന്മയ്ക്കായി പ്രവർത്തിക്കുക. അതിലൂടെ ആർജിച്ചെടുക്കുന്ന വിശ്വാസ്യത ഇതാണ് ജീവിതത്തിന്റെ വിജയ രഹസ്യം.” ശ്രീ. അലക്സാണ്ടർ ദാനിയേലിന്റെ ജീവിതാനുഭവം.

## രമാ അലക്സ് ദാനിയേൽ

21 വർഷത്തെ അദ്ധ്യാപന പരിചയത്തിലൂടെയും വിവിധ വിദ്യാഭ്യാസ സാമൂഹ്യ സംഘടനകളുടെ പ്രവർത്തന പന്ഥാവിലൂടെയും ആർജിച്ചെടുത്ത മഹിളാ വ്യക്തിത്വമാണ് ശ്രീമതി രമാ അലക്സ് ദാനിയേൽ. ഏറ്റവും വലിയ ക്രിസ്തീയ വനിതാ സംഘടനയായ YWCA യുടെ ദേശീയ പ്രസിഡന്റായി ഈ വർഷം ഫെബ്രുവരിയിലാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഹോസ് കാസ് സെന്റ് പോൾസ് സ്ക്കൂളിന്റെ പ്രിൻസിപ്പലായും ഇപ്പോൾ പ്രവർത്തിക്കുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്ദര ബിരുദവും, കാൺപൂർ സർവ്വകലാശാലയിൽ നിന്ന് BED ഉം, പിന്നീട് പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമകളും കരസ്ഥമാക്കി. ഡൽഹി ബ്രിട്ടീഷ് കൗൺസിൽ പരീക്ഷകൾക്കുള്ള പരിശീലകയായും, ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഗാസിയാബാദ് സെന്റ് തോമസ് സ്ക്കൂൾ, ഇന്ദിരാപുരം സെന്റ് തോമസ് സ്ക്കൂൾ, എന്നിവയിൽ പ്രിൻസിപ്പലായും സെന്റ് മേരീസ് സ്ക്കൂൾ വൈസ് പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് അനേകം അവാർഡുകളും നേടിയിട്ടുണ്ട്. ആസ്ട്രേലിയൻ ഗവണ്മെന്റ് നല്കിയ എൻഡവർ എക്സിക്യൂട്ടവ് അവാർഡ് 2010 നു ഇൻഡ്യയിൽ നിന്ന് അർഹരായ 2 പേരിൽ ഒരാൾ ശ്രീമതി രമാ അലക്സ് ദാനിയേലാണ്.

രണ്ടു മക്കൾ രേഖ അലക്സ് ദാനിയേൽ, രാഹുൽ അലക്സ് ദാനിയേൽ. അഡ്വക്കേറ്റായ രേഖ വിവാഹിതയാണ്. എൻജിനീയറായ രാഹുൽ ന്യൂയോർക്കിൽ എം.ബി.എ. പഠിക്കുന്നു.

– ഫാ. യൂഹാനോൻ ജോൺ

# മെയ് 12–ന്
# മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നവർ

**വെരി. റവ. ഡോ. യൂഹാനോൻ റമ്പാൻ**



കോട്ടയം വൈദിക സെമിനാരി പ്രൊഫസർ. പ്രഭാഷകനും ഗ്രന്ഥകാരനും. അവനധി സമ്മേളനത്തിൽ സഭയെ പ്രതിനിധീകരിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ, അമേരിക്കയിലെ ഗോർഡൻ കോൺവെൽ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എം.ആർ.ഇ., ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി കരസ്ഥമാക്കി. ഇംഗ്ലീഷ്, ഗ്രീക്ക്, ഹീബ്രു, അരാമക്ക്, സിറിയക്ക് ഭാഷകളിൽ പാണ്ഡിത്യമുണ്ട്. 21 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. മാവേലിക്കര പാലമൂട്ടിൽ മാത്യൂസിന്റെയും മേഴ്സിയുടെയും മകൻ കൊല്ലം ഭദ്രാസനത്തിലെ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം (18–12–1952)

**വെരി. റവ. ഫാ. ഡോ. നഥാനിയേൽ റമ്പാൻ**



മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പൽ, യാച്ചാരം സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാം ബോർഡ് അംഗം. മലങ്കരസഭ മാസിക എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ നിന്ന് ബി.എ.യും, ഉസ്മാനിയ സർവ്വകലാശാലയിൽ നിന്ന് എം.എ.യും സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് ബി.ഡി., എം.റ്റി.എച്ച്, ഡി.റ്റി.എച്ച്. എന്നിവയും കരസ്ഥമാക്കി. മാവേലിക്കര തോപ്പിൽ തെക്കേതിൽ ജോർജ്ജിന്റെയും തങ്കമ്മയുടെയും മകൻ. മാവേലിക്കര ഭദ്രാസനത്തിലെ വഴുവാടി മാർ ബസേലിയോസ് പള്ളി ഇടവകാംഗം. (10–12–1953)

**വെരി. റവ. യാക്കോബ് റമ്പാൻ**



ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ, സെന്റ് ബേസിൽ ബൈബിൾ സ്ക്കൂൾ ഡയറക്ടർ, മൗണ്ട് ഹോറേബ് ആശ്രമാംഗം. മലങ്കരസഭ മാസിക എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. 31 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ധനതത്വ ശാസ്ത്രത്തിൽ എം.എ., സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.ഡി., എം.റ്റി.എച്ച്. എന്നിവ നേടിയിട്ടുണ്ട്. ബുധനൂർ ചക്കാലേത്ത് വിരുതിയത്ത് കിഴക്കേതിൽ മത്തായിയുടെയും മറിയാമ്മയുടെയും മകനാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. (24–02–1953).

**വെരി. റവ. യൂഹാനോൻ റമ്പാൻ**



റാന്നി ഹോളി ട്രിനിറ്റി ആശ്രമം സുപ്പീരിയറായി സേവനമുഷ്ഠിക്കുന്നു. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജിയിൽ എം.എയും, സെറാമ്പൂർ യൂണിവേഴ്സറ്റിയിൽ നിന്ന് ബി.ഡി.യും ബാംഗ്ലൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ജനറൽ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എസ്.ടി.എമ്മും നേടി. 23 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. കുരമ്പാല ശങ്കരത്തിൽ നെടിയവിളയിൽ മത്തായിയുടെയും തങ്കമ്മയുടെയും മകൻ. ചെങ്ങന്നൂർ ഭദ്രാസനത്തിലെ പന്തളം കുരമ്പാല സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗം. (08–10–1962).

**വെരി. റവ. ഡോ. സഖറിയ റമ്പാൻ**



പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി, മലങ്കരസഭ മാസിക ചീഫ് എഡിറ്റർ, കോട്ടയം വൈദിക സെമിനാരി രജിസ്ട്രാർ. താഴത്തങ്ങാടി മാർ ബസേലിയോസ് ഗ്രിഗോറിയോസ് പള്ളി വികാരിയാണ്. 17 വർഷത്തെ വൈദിക സേവനം പൂർത്തിയാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എസ്സ്.സി.യും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി. എം.റ്റി.എച്ച്, ഡി.റ്റി.എച്ച് ബിരുദങ്ങളും നേടി. "ഭാരതീയ ദർശനത്തിൽ"(അദ്വൈത വേദാന്തം), ഗവേഷണം ചെയ്തു. ചുങ്കത്തറ കാടുവെട്ടൂർ തച്ചിരുപറമ്പിൽ ഇ.കെ. കുര്യാക്കോസിന്റെയും ശോശാമ്മയുടെയും മകൻ. മലബാർ ഭദ്രാസനത്തിലെ ചുങ്കത്തറ സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗം. (11–3–1966)

**വെരി. റവ. ഡോ. ഗീവർഗീസ് റമ്പാൻ**



നാഗ്പൂർ വൈദിക സെമിനാരി പ്രൊഫസർ. കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബി.എസ്.സി.യും, കോട്ടയംവൈദിക സെമിനാരിയിൽ നിന്ന് ബി.ഡി.യും ഗുരുകുൽ കോളേജ്, മദ്രാസിൽ നിന്ന് എം.റ്റി.എച്ചും, ജർമ്മനിയിലെ ഫ്രെഡിക് അലക്സാണ്ടർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡി.റ്റി.എച്ചും കരസ്ഥമാക്കിയിട്ടുണ്ട്. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് അസ്സോസിയേറ്റ് സെക്രട്ടറി, കോട്ടയം വൈദിക സെമിനാരി ലക്ചറർ, ദിവ്യബോധനം രജിസ്ട്രാർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കണിയാമ്പാൽ പുലിക്കോട്ടിൽ പാവുന്റെയും അന്നമ്മയുടെയും മകൻ. കുന്നംകുളം ഭദ്രാസനത്തിലെ സൗത്ത് ബസാർ സെന്റ് മാത്യൂസ് പള്ളി ഇടവകാംഗം. (17–5–1967).

**വെരി.റവ. ഡോ. ഏബ്രഹാം റമ്പാൻ**



എം.ജി.ഒ.സി.എസ്.എം. ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറിയായിരുന്നു. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന്. ബി.എസ്.സിയും, ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നിന്ന് തിയോളജിക്കൽ ബിരുദവും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി.യും, ബാംഗ്ലൂർ ധർമ്മരാം കോളേജിൽ നിന്ന് എം.റ്റി.എച്ചും, ഷിക്കാഗോ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഗവേഷണ ബിരുദവും നേടി. പത്തനംതിട്ട ശാന്തി നിലയം കൗൺസിലിംഗ് സെന്റർ ഡയറക്ടറായിരുന്നു. വടുതല പുത്തൻവീട് വി.എ. മാത്യൂസിന്റെയും ആനിയുടെയും മകൻ തുമ്പമൺ ഭദ്രാസനത്തിലെ ഏറം സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗവും പത്തനംതിട്ട ബേസിൽ ദയറാംഗവുമാണ്. (28–12–1969)

# സുന്ത്രോണീസോ 2010 മെയ് 22



**സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപനായി സ്ഥാനാരോഹണം ചെയ്യുന്ന**

## അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിക്ക്

**ഹൃദയപൂർവ്വമായ പ്രാർത്ഥനാശംസകൾ**

*സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം*



# രൂപാന്തരീകരണത്തിന് ഉത്തമ മാതൃക

COLOUR

പ്രൊഫ. മേരി മാത്യു, കുഴിമറ്റം

അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്ത ജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെ ത്താൻ നമുക്കു വേണ്ടി കൊടുത്തു. (തീത്തോസ് 2:14)

നോമ്പിന്റെയും കഷ്ടാനുഭവത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും കാലയളവ് രൂപാന്തരീകരണത്തിനുള്ള ഒരുക്ക സമയമാണ്. സ്ഥിരമായി യാത്ര ചെയ്തുകൊണ്ടിരിക്കുന്ന പാതകളിൽ നിന്നും നവമായ വഴികളിലേക്ക് ജീവിതത്തെ തിരിച്ചുവിടുവാൻ ആത്മശരീര മനസ്സുകളെ ഒരുക്കുന്ന പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും ദിനങ്ങൾ!

കർത്താവിന്റെ സമീപത്തെത്തിയ മഗ്ദലമറിയത്തെപ്പോലെ ദൈവസന്നിധിയിൽ നമ്മെത്തന്നെ പകരുവാൻ സാധിച്ചുവോ എന്ന് ആത്മവിശകലനം നടത്തുവാൻ നാമും തയ്യാറാകണം. ബാഹ്യ സൗന്ദര്യം കൊണ്ട് അനേകരെ വിമോഹിപ്പിച്ച പാപിനിയായ ആ സ്ത്രീ ലോകമോഹങ്ങളിൽ നിമഗ്നയായിരുന്നു. അഹന്തയും ഭൗതികതാല്പര്യങ്ങളും ദ്രവ്യാഗ്രഹവും മഗ്ദലന മറിയത്തിന്റെ ജീവിതത്തെ പാപാന്ധകാരത്തിലേക്ക് വീഴ്ത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ യേശുവിനെ തിരിച്ചറിഞ്ഞ ആ സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ വെൺകൽ ഭരണിയുമായി കർത്താവിന്റെ അടുത്തു വരുന്നു. ധനാഢ്യനായ ശീമോന്റെ മാളികയിൽ ഇരുന്ന യേശുവിന്റെ തലയിൽ ആ പരിമള തൈലം ഒഴിച്ചു. ഒരു വെൺകൽ ഭരണി നിറയെ തൈലവുമായി വന്ന മറിയയുടെ പ്രവൃത്തിയെ കർത്താവും തടുക്കുന്നില്ല. എന്നാൽ ശിഷ്യന്മാർ അതു കണ്ടു മുഷിഞ്ഞു. ഈ സന്ദർഭത്തിലും മറിയ പ്രതികരിക്കുന്നതായി വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആ സ്ത്രീയുടെ വിശ്വാസം അത്ര തീവ്രമായിരുന്നു. "എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു എന്റെ രക്ഷ അവങ്കൽ നിന്നു വരുന്നു" സങ്കീ. 62:1 വാചാലത കൊണ്ടല്ല സത്യാനുതാപത്തിൽ നിന്നാവിർഭവിക്കുന്ന ആന്തരിക മൗനം കൊണ്ട് പശ്ചാത്താപ നിർഭരമായ ഹൃദയം ദൈവസന്നിധിയിൽ കാഴ്ച വച്ചു. ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്ന കർത്താവും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് സദാ സമീപസ്ഥനാകുന്നു.

ശീമോന്റെ മാളികയും ആ പരിസരവും മുഴുവനും സുഗന്ധപൂരിതമാക്കുവാൻ മറിയത്തിനു സാധിച്ചു. ശീമോന്റെ മണിമാളികയിലെ സർവ്വതും സുഗന്ധ പൂരിതമാക്കുന്ന ആ സാന്നിദ്ധ്യം എത്ര അർത്ഥവത്താണ്. സർവ്വേശ്വരന്റെ കാൽപാദം വണങ്ങിയ ആ സ്ത്രീരത്നത്തോടും യേശു പറഞ്ഞതായി മഹാകവി വള്ളത്തോൾ രചിച്ച വരികൾ.

പൊയ്ക്കൊൾക പെൺകുഞ്ഞേ, ദുഃഖം വെടിഞ്ഞു നീ

ഉൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ

അപ്പപ്പോൾപ്പാതകം ചെയ്തതിനൊക്കെയു–

മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം

മഗ്ദലന മറിയത്തിന്റെ സമീപന രീതി പശ്ചാത്താപം എന്താണെന്ന് പഠിപ്പിക്കുന്നതിനുള്ള മാതൃക തന്നെയാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യമായി കാണുവാനും മറിയത്തിനു സാധിച്ചതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. എവിടെ ഹൃദയ ദ്രവീകരണക്ഷമമായ പശ്ചാത്താപമുണ്ടോ അവിടെ ദൈവകൃപ വ്യാപരിക്കും; അത്ഭുതകരമായ കാഴ്ചകൾക്കുള്ള അവസരങ്ങൾ സംജാതമാകും.

ശേഷം 41–ാം പേജിൽ

YOUTH

ഫാ. വിൽസൺ മാത്യു
(ബേസിൽ ദയറ)

# Sincerity goes further than CAPACITY




ആത്മാർത്ഥത' എന്നതിന് 'ആത്മാവിന്റെ മൂല്യം' എന്നും, 'ആത്മാവിന്റെ അർത്ഥം' എന്നും അർത്ഥം കല്പിക്കുന്നുണ്ട്. (Essence of Spirit) ദൃഷ്ടിയ്ക്ക് അഗോചരമായ വസ്തുതയ്ക്ക് ജീവനും രൂപവും നല്കുന്ന പ്രക്രീയയാണ് 'ആത്മാർത്ഥത'. കാണുവാൻ സാധിയ്ക്കുന്ന വയ്ക്ക് നിറവും, മണവും, ഭാവവും നല്കുവാൻ ശ്രമിയ്ക്കുന്നത് അത്ഭുതമല്ല; എന്നാൽ രൂപരഹിതമായ വയ്ക്ക്, ഭാവരഹിതമായവയ്ക്ക് അർത്ഥവും, വ്യാപ്തിയും നല്കുന്നതും, അതിനായി ജീവൻ വെടിയുന്നതും വിശകലന വിധേയമായ വസ്തുതയല്ല. കഴിവും, സാഹചര്യവുമുണ്ടാ യിട്ടും പൂർത്തിയാകാതിരിയ്ക്കുന്നതും, അനുകൂലസാഹ ചര്യങ്ങൾ ഇല്ലാതിരുന്നിട്ടും പൂർണ്ണത പ്രാപിയ്ക്കുന്നതും ചിന്തനീയമാണ്.

'ബാൽഷെം' എന്ന വിഖ്യാതനായ തത്വചിന്തകന്റെ ഭവനത്തിൽ ഭിക്ഷയ് ക്കെത്തിയ യാചകന് മറ്റൊന്നും കൊടുക്കാനില്ലാത്തതിനാൽ മേശപ്പുറത്തിരുന്ന മോതിരം അദ്ദേഹം നൽകി. അല്പസമയ ത്തിനകം തിരികെയെത്തിയ ഭാര്യ, അമൂല്യമായ വൈര മോതിരം നഷ്ടപ്പെട്ടതറിഞ്ഞ് പ്രകോപിതയായി. ഉടനെ ബാൽഷെ താൻ ദാനം നൽകിയ യാചകനെ അന്വേഷിച്ചിറ ങ്ങുകയും, അവസാനം കണ്ടെത്തുകയും ചെയ്തു. ബാൽഷെ ആ യാചകനോട്: "സ്നേഹിതാ, ആ മോതിരം അമൂല്യമാണ്. നിസ്സാരവിലയ്ക്ക് ആരും നിന്നിൽ നിന്ന് അത് അപഹരി യ്ക്കാതിരിയ്ക്കട്ടെ". തന്റെ ദാനം അമൂല്യമാണെന്ന് മനസ്സിലാക്കിയപ്പോൾ അതിനെ തിരികെ വാങ്ങുവാനല്ല, മറ്റാരും അവനെ കബളിപ്പിയ്ക്കുവാൻ ഇടയാകരുതെന്ന പരിശ്രമത്തിനു പിന്നിലെ ആത്മാർത്ഥത വാക്കുകൾക്കതീ തമാണ്.

സോക്രട്ടീസിന്റെ അടുക്കൽ വന്ന രണ്ടുവ്യക്തികളുടെ അനുഭവം മറ്റൊരുദാഹരണമാണ്. അവരിൽ ഒരുവൻ സുന്ദരനും, മറ്റൊരുവൻ വിരൂപനുമായിരുന്നു. സമാധാന ത്തിനുള്ള മാർഗ്ഗം തേടിയായിരുന്നു അവരെത്തിയത്. രണ്ടുപേരോടും കണ്ണാടിയിൽ നോക്കി തങ്ങളെപ്പറ്റി വിലയിരുത്തുവാൻ സോക്രട്ടീസ് ആവശ്യപ്പെട്ടു. സുന്ദരനായ വ്യക്തിയോട്, ബാഹ്യസൗന്ദര്യത്തിനു സൃതമായി ആന്തരിക സൗന്ദര്യവും പ്രാപിയ്ക്കുവാനും, വിരൂപനോട് ബാഹ്യ സൗന്ദര്യം പ്രാപിയ്ക്കുവാൻ നീ എത്രത്തോളം വാഞ്ഛി യ്ക്കുന്നുവോ അതിനനുസൃതമായി നന്മയിൽ വളരുവാനും ആവശ്യപ്പെട്ടു. ഇവർക്കുരണ്ടു പേർക്കും സോക്രട്ടീസ് നല്കിയ ഒറ്റമൂലി, "ആത്മാർത്ഥവും, വിശുദ്ധവുമായ മനസ്സാൽ നിർമ്മലീകരിയ്ക്കപ്പെട്ട് സമാധാനം പ്രാപിയ്ക്കു വാനാണ്.

> "ഫലങ്ങളുടെ സേവനം മധുരപൂർണ്ണം, പൂക്കളുടേത് വർണ്ണോജ്ജ്വലം, ഇവയ്ക്ക് തണലേകി സൂക്ഷിയ്ക്കുന്ന ഇലകളുടെ സംരക്ഷണമാകട്ടെ എന്റെ ജീവിതം"
>
> *- ഗീതാഞ്ജലി*

ഈയിടെ വായിക്കുവാനിടയായ ഒരു വാർത്താശകലം ഇപ്രകാരമാണ് "പട്ടിണിയോ, ഏകാന്തതയോ, തടവോ, യുദ്ധമോ, പീഡനമോ നിങ്ങളെ ബാധിയ്ക്കുന്നില്ലെങ്കിൽ അതനുഭവിച്ചുകൊണ്ടിരിയ്ക്കുന്ന 500 മില്യൻ ജനങ്ങളിൽ നിന്നും നിങ്ങൾ അകന്നിരിയ്ക്കുന്നു. നിങ്ങളുടെ ഫ്രിഡ്ജിൽ ആഹാരസാധനങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ, വസ്ത്രം ധരിപ്പാനുണ്ടെങ്കിൽ, തലചായ്പാൻ ഒരു വീടുണ്ടെങ്കിൽ അതിന് ഗതിയില്ലാത്ത 75% ആളുകളെക്കാൾ നിങ്ങൾ ധനികനാണ്. നിങ്ങൾക്കൊരു ബാങ്ക് അക്കൗണ്ടുണ്ടെങ്കിൽ, നിങ്ങളുടെ പേഴ്സിൽ കുറെ പണമുണ്ടെങ്കിൽ, ലോകത്തിൽ സുഖമായിക്കഴിയുന്ന 8% ആളുകളിലൊരുവനാണ് നിങ്ങൾ; നിങ്ങൾക്ക് വായിക്കുവാനും, എഴുതുവാനും സാധിയ്ക്കുമെങ്കിൽ അതിനു സാധിയ്ക്കാത്ത 150 കോടിയോളം വരുന്ന ജനസമൂഹത്തിൽ നിന്നും നിങ്ങൾ അകന്നിരിയ്ക്കുന്നു.

MEDICAL

PROF. LEENA THOMAS, M.Pharm



# LET US HAVE A LOOK ON DRUG LABELS!

Medicines are inevitable in human life now a days. So an awareness should be created in public to observe the drug label for the safe and effective use of medicine. For that, it is important to understand what is displayed in the label of a drug that has certain identifying information.

Is there any rules framed for labelling of drugs?

The rules of drug labelling framed under the "Drugs and Cosmetic Act 1940". The International Pharmaceutical Federation (FIP) has developed international guidelines for the labeling of medicines which are published on their website.

What is the meaning of  sign?

R stands for Latin word Reciepe translated as "you take" (Take though)

J in -an invocation to Jove (Jupiter) the God of healing, Another explanation is that, it represents the iris of God of healing. Anyway, it can be understood as " you take the following medicines"(in the name of God)

How the name of a drug is displayed on the label?

A drug or the main active pharmaceutical ingredient can be represented by 3 names

Generic name:- It is the official medical name for the basic active substance or active pharmaceutical ingredient, which is chosen by the Nomenclature committee of the British Pharmacopoeia Commission.

Brand name or Trade name :- It is chosen by the manufacturer usually on the basis that it can be easily pronounced, recognized, or remembered. For example, Paracetamol is the Generic name. Calpol, Acetaminophen, Crosin, Dolo etc are the brand names or the trade names of the Paracetamol which is given by different manufactures.


Chemical name :- It is a technical description of the drug. For eg,Para acetaminophenol is the chemical name of paracetamol.

What is the meaning of the letters IP, BP, USP,BNF which follows the strength of the medicine?

These are short forms for the official books for standards of particular countries according to which the drugs are manufactured and known as Pharmacopoeia. The expansion are as follows :-

Indian Pharmacopoeia, British Pharmacopoeia, United States Pharmacopoeia, British National formulary

Try to develop a habit in order to observe the label of each and every drug.



IP BP USP BNF

What is meant by Expiry date?

The expiry date displayed on the container of a pharmaceutical starting raw material is the date upto and including which the pharmaceutical starting material is expected to remain within specification if stored correctly. The drug can be used by the last date of that particular month displayed as expiry date( if exact date is not specified)

What is Schedule H drug and Schedule G drug?

To ensure the availability of proper and standard drugs to the public there are effective laws in various countries. Law in our country is the "Drugs and Cosmetic Act 1940" .Generally Drugs- divided into two- Prescription only drugs & over-the-counter drugs.

Schedule H

List of substances that should be sold by retail only on the prescription of registered medical practitioners.

Over- the-counter drugs (OTC Medicines)

These are drugs that can be sold nom licensed dealers without professional supervision and without prescription. These drugs are suitable for self-medication for minor diseases and symptoms. The consumer should know the safe use of OTC medicines if they are administered without medical advice. Long-term use is not advisable. It is proved that, even Paracetamol , which is well known as safest pain killer, can cause liver damage in high dose and prolonged use.

Schedule G

List of substances that are required to be used only under medical supervision and which are required to be labeled accordingly.

What about the other warnings and directions on the label?

Sometimes, special directions for use are displayed on the label

Route of administration :- Some drugs produces the required therapeutic action, only when they administer through the particular route.

For example, Insulin, the anti-diabetic drug should be administered subcutaneously, as it is degraded by the enzymes in the gastro-intestinal tract, if it is administered through the oral route.

Lv / Lm only; for injections.

oral; for the drugs which can administer through mouth Sublingual; for drugs which should be placed under tongue.

For external use only:

For drugs meant for external use (should not be taken internally) Eg :- creams, gels etc. F or nasal use only - for drugs to instill in nose.

Shake well before use;

For suspensions Eg:- antacids (Gelucil)

Suspensions is having a tendency to settle at the bottom of the container. So if it is not mixed properly the body will not be getting the proper amount of active ingredients for the therapeutic action.

Keep out of reach of children.

Sugar coated and beautifully colored tablets / capsules are available. eg, Iron tablets, Children may mistake them for candy, if not stored out of reach of children.

(If they are ingested in large numbers that may lead to drug toxicity.)

> **There is a law to ensure the availability of proper and standard drugs. 'Drugs and cosmetic act 1940.'**

For eye drops- use within one month

It is displayed on the label that "use the solution within one month after opening the container". This means, if anything is remaining in the container after one month that should not be used.

(Similarly, the dry syrup for children should be reconstituted according to the direction in the label with boiled and cooled water. But the reconstituted liquid syrup will expire after two weeks. So it should not be given to children after two weeks.)

Storage conditions

Storage conditions should be recommended on the label( eg, "Keep in a cool, dry place").to maintain drug stability ie, to prevent contamination and as far 'as possible deterioration. It may be necessary to control elements such as temperature, moisture and light.. If not stored properly the medicine may expire well before the expiry date. therefore,

Cold - between 2°-8° c

Cool - between 8°-25°c

Room temp.- Temperature prevailing in a working area

Warm - 30°-40°c

Excessive heat - above 40°c

eg:- Valium (Diazepam) -do not store above 30°c

Ointments should be kept below 30°c. Do not freeze.

Protection from freezing -

It is indicated where there is a risk of breaking the container or where freezing leads to loss of strength or potency.

Not to be refrigerated.

F or example, soft gelatin capsules should not be refrigerated

Protection from light ;-

Store in a dark cupboard or use a light resistant container.

Physicians sample - not to be sold.

The label of sample drugs should display this. That sample drug are not meant for sale.

Dosage: as directed by the Physician. The dose of a drug or the time interval between the doses is never increased or decreased unless directed by the physician. In most situations, drugs are administered in such a way as to maintain a steady state of drug in the body. The extent to which patients follow the instructions of doctor on medicine is called adherence or compliance. It is often found that the patients do not follow or fail the dosage schedule prescribed for them. Non- adherence can worsen the quality of life. For example, missed doses of medicines of heart problems may lead to more complications. In the case of antibiotic therapy, missed doses of medicines is not only the problem of individual patients but is a global threat, as it leads to sub therapeutic exposure of these medicines. The drug to become ineffective at the moment and also ineffective permanently due to the development of new strains of bacteria which is capable of drug resistance. The result is, new powerful drugs have to be developed and introduced to get the germ-killing effect.

Thus, try to develop a habit in order to observe the label of each and every drug. That will help you for the proper usage and storage of drugs. If any doubt arises,ask your pharmacist for help.

# ST. MARYS' COLLEGE
## Sulthan Bathery
Wayanad Dist. Kerala, Pin-673592
(NAAC Accredited with B Plus Grade)
Phone: 04936-220246, www.stmaryssby.org

*Application are invited for the following vacancies*

1. **Lecturer in Chemistry (One leave vacancy) Open merit.**
2. **Lecturer in Physics (One regular vacancy) Open merit.**

*Qualification & Age:*
As prescribed by the University of Calicut/ Govt. of Kerala/UGC.

Apply in the prescribed from available in the college office on payment of Rs. 100/- in cash or Rs. 125/- by M.O. to the Principal within 30 days from the date of advertisement.

Sd/
Manager


## 9-ാം ചരമവാർഷികം
## 2010 മെയ് 9 തിങ്കൾ

ജനനം : 06.04.1930



മരണം: 09.05.2001

**ഫാ. റ്റി. ജി. സഖറിയ**
(മാനേജർ മലങ്കരസഭ)

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച-
ഈ ആചാര്യന്നേകുക പുണ്യം, - നാഥാ! സ്തോത്രം"

## 12-ാം ചരമ വാർഷികം
## 03-05-2010



**വി.വി. ഇട്ടി** (ഇട്ടിസാർ)

*Inserted by*

Annamma Itty (wife)
V.I. George & Ciji George (Manipal)
V.I. Thomas & Bijili Thomas (Vazhoor)
V.I. Jolly & Johnson Joseph (Mulanthuruthy)

**സെന്റ് ജോർജ്ജ് ബാങ്കേഴ്സ്, വാഴൂർ**




**BRIDE GROOM WANTED**

Orthodox Parents invite parents, middle class family, invites proposal for their son, 29/175, graduate, working in a reputed private firm. Prefer God fearing, educated girl.

Contact:-

**Ph: 9447991688**

**lijin12345@yahoo.com**

**BRIDEGROOM WANTED**

Orthodox Parents invite proposals for their daughter DOB July 1985/161cm. Slim & Fair B-Tech (Computer Science) from Kerala working in IBM, Born & brought up out side Kerala, from Parents of qualified & employed boys (B-Tech on similar PG Degrees) God fearing with clean habits. Please contact/respond with details along with recent photographs. **E-mail ID-ajjojohn@G.Mail.com (Mob. 918890877911, 919413494071)**

**BRIDEGROOM WANTED**

| | | |
|---|---|---|
| Name | : | Deepthy J. Thomas |
| DOB | : | 9th Nov 1985 |
| Qualification | : | BSc Nursing (Working in Hospital) |
| Height | : | 5'4" |
| Colour | : | White |
| Address | : | Thattakkattu Plavilayil (H) Adoor, Pathanamthitta |
| Phone | : | 04734-220102 9447396027 |
| email | : | ww.deepthy1985@gmail.com |

About my preferred partner professionals from abroad

**ശുശ്രൂഷകനെ ആവശ്യമുണ്ട്**

ഹൈദരാബാദ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രലിലേക്ക് ഒരു പൂർണ്ണ സമയ ശുശ്രൂഷകനെ ആവശ്യമുണ്ട്.

താൽപര്യമുള്ളവർ 040–27612322, 09441922344 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു


കൈപ്പറ്റി



**സാമസംഗീതം**

സംഗീതത്തിന്റെ ലോകത്തിൽ വാക്കുകളിലൂടെ രാഗലോകം തീർക്കുന്ന കൃതി

സാമുവേൽ കൂടൽ (കാവ്യാ ബുക്സ്, ആലുവ) വില 200 രൂപ.




ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം


# സമ്യഗ് ദർശനം

'ശൂന്യത' ഒരു നിശ്ചലാവസ്ഥയാണ്. ഒരു നിശ്ചിന്തനത്വമാണ്. വസ്തുതകളോ വസ്തുക്കളോ വിഷയത്തിന് കാരണമാക്കാത്ത നിർമ്മലതയാണ്. ലോകമെല്ലാം തന്നിലൊതുക്കാൻ ശ്രമിക്കുന്നത്, താൻ തന്നെയാണ് ലോകമെന്നു നിനയ്ക്കുന്നത് ശൂന്യത ശീലിക്കാത്ത മനസ്സിന്റെ വ്യാമോഹമാണ്. ശൂന്യമാക്കൽ വെറുമയാക്കലാണ്. പോഷണം ആവശ്യമില്ലാത്തതിന് ഉപേക്ഷണം ഗൗരവമായ കാര്യമല്ല. പോഷണം അടിമത്വമാണ്. ഉപേക്ഷണം സ്വാതന്ത്ര്യമാണ്.

സർവ്വ ജ്ഞാനവും നേടിയ ഒരു മനുഷ്യൻ ജ്ഞാനാർത്ഥനായി ഒരു ഗുരുവിന്റെ അടുക്കൽ ഇരിക്കുന്നു. ഗുരു അയാളോടു ഒന്നും മിണ്ടുന്നില്ല. ഗുരു എഴുന്നേറ്റു ഒരു വലിയ കോപ്പയിൽ നിന്നും ചെറിയ കോപ്പയിലേക്ക് പാനീയം പകർന്നുകൊണ്ടിരുന്നു. ചെറിയ കോപ്പ നിറഞ്ഞ് പാനീയം പ്രതലമാകെ പരന്നൊഴുകിക്കൊണ്ടിരുന്നു. തുടർന്നുകൊണ്ടിരുന്ന ഗുരുവിന്റെ പ്രവർത്തിയെ അയാൾ തടസ്സപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഗുരു പറയുന്നു. ഞാൻ താങ്കളെ പഠിപ്പിക്കുകയായിരുന്നു. താങ്കൾ ഈ പാത്രംപോലെ നിറഞ്ഞൊഴുകുകയാണ്. നിങ്ങൾക്കുമുമ്പിൽ ഒരു ശൂന്യമാക്കപ്പെടലാണ് വേണ്ടത്. ഇവിടെ ശൂന്യമാക്കപ്പെടൽ ജ്ഞാനനിറവുകളിൽ ഉള്ളവന് സംഭവിക്കേണ്ടതാണ്. അവിടെ ദൈവം യഥാർത്ഥ ജ്ഞാനമായി ഉണരാം. ശൂന്യമാക്കപ്പെടൽ എന്റെ കുരിശു മറഞ്ഞു പോകുന്നതും ദൈവത്തിന്റെ കുരിശു കാണുന്നതുമാണ്. സ്വന്ത കുരിശ് എടുത്തവൻ തളർന്നു വീഴുമ്പോൾ ദൈവത്തിന് വേണ്ടി കുരിശ് എടുത്തവൻ അവിടെ വിജയിക്കും.

ധ്യാനത്തിൽ സംഭവിക്കേണ്ട ഒരു ശൂന്യതയുണ്ട്. അവിടെ ദൈവം പ്രകാശത്തിന്റെ നിറവാകും മരണം ഒരു ശൂന്യതപോലെയാണ്. ദൈവമുഖപ്രകാശം മരണ നിഴലിനെയും മായിച്ചു കളയുന്നു. ലോകം ശൂന്യതകളെയെല്ലാം മറച്ചുവച്ചുകൊണ്ട് നമ്മോടിടപെടുന്നു. മനസ്സ് ലോകത്തെ നമുക്ക് അനുകൂലമായി വ്യാഖ്യാനിച്ചു തരുന്നു. നമ്മൾ തന്നെ ഒരു ലോകമായി സൃഷ്ടിക്കപ്പെടുന്നു. ദൈവ സൃഷ്ടമല്ലാത്ത എല്ലാ ലോകത്തിനും ഒരാത്മഹത്യാ മുനമ്പിന്റെ ശേഷിപ്പുണ്ട്. കുടിലും കൊട്ടാരവും ഒരുപോലെ സമീപിക്കാൻ ആകുന്നിടത്ത് ശൂന്യതയുടെ നല്ല പാഠങ്ങൾ നിങ്ങൾക്കുണ്ടാകും. ഇത് രണ്ടും നിങ്ങളെ ബാധിച്ചു കൊണ്ടിരുന്നാൽ (ഉന്മത്തരാക്കുകയോ, ഭാരപ്പെടുത്തുകയോ) ചെയ്താൽ നിങ്ങൾ ഒരിക്കലും ശൂന്യമാക്കപ്പെടാത്ത കോപ്പപോലെയാണ്. അവസാന നിശ്വസനം ഉണ്ടാകുമ്പോഴും ലോകം നിങ്ങളിൽ കവിഞ്ഞൊഴുകിക്കൊണ്ടിരിക്കും.

തിരിസ്ക്കാരങ്ങളെല്ലാം ഒരു പ്രരോദനമായി വേട്ടയാടിക്കൊണ്ടിരിക്കും. വള്ളം, വല, അപ്പൻ, അമ്മ എന്നിങ്ങനെയുള്ള ശിഷ്യന്മാരുടെ ഉപേക്ഷണങ്ങൾ വേദനയോടെ വേട്ടയാടിക്കൊണ്ടിരുന്നാൽ യേശുവിനെ സ്വീകരിക്കുവാൻ വേണ്ടി ശൂന്യത സൃഷ്ടിക്കാൻ അവർക്കാവില്ല. പ്രതിജ്ഞന്മാർ എല്ലാം തിരസ്ക്കരിക്കുകയല്ല, അതിജീവിക്കുകയാണ് വേണ്ടത്. തിരസ്ക്കരിക്കപ്പെട്ടതിന്റെ സിംഹാസനങ്ങൾ നമ്മുടെ മനസ്സുകളിൽ ഒഴിഞ്ഞു കിടക്കും. ഏതു നിമിഷവും അത് അതിന്റെ സിംഹാസനം കയ്യേറാം. നിങ്ങൾ അകന്നു പോകാൻ ശ്രമിക്കുന്നത്. നിങ്ങളെ ആകർഷിച്ചുകൊണ്ടേയിരിക്കും. നിങ്ങൾ ശരീരത്തെതന്നെ തിരിച്ചറിഞ്ഞ് ശൂന്യരല്ലെന്ന് വിചാരിക്കുന്നു. ആത്മാവു ശൂന്യതയിലുമാകുന്നു. ശരീരത്തെ ശൂന്യമാക്കി ആത്മാവിനെ തിരിച്ചറിയുന്നതാണ് ശൂന്യതയിലെ നിറവ്. ഭിക്ഷാദേഹികളെയും സന്യാസികളെയും 'സ്വാമി' എന്നാണ് വിളിക്കുക. 'പൂർണ്ണമായും വിട്ടൊഴിഞ്ഞ ആൾ' എന്നാണ് അർത്ഥം. സ്വാമി എന്നാൽ ഉടയവൻ രാജാവ് എന്നും അർത്ഥകല്പനയുണ്ട്. പൂർണ്ണമായ സ്വയം വെറുമയാക്കൽ (ശൂന്യമാക്കൽ) ആണ് ഒരാളെ രാജാവും ഉടയവനുമാക്കുന്നത്. യേശു രാജാവാകുന്നത് അങ്ങനെയാണ്. രാജചിന്തിതരും അങ്ങനെയാകേണ്ടവരാണ്.

# ORTHODOX CHRISTIAN YOUTH MOVEMENT

## MALANKARA ORTHODOX CHURCH

## DOHA-QUATAR

### വിദ്യാഭ്യാസ–ധന സഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

നിർദ്ധനരും, പഠനത്തിനു സമർത്ഥരുമായ തെരഞ്ഞെടുക്കുന്ന ഓർത്തഡോക്സ് വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്ക് പത്താം ക്ലാസ്സിനു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, പ്രൊഫഷണൽ കോഴ്സിനോ ധനസഹായം നൽകുന്നു.

**നിബന്ധനകൾ:–**

- അപേക്ഷകർ പത്താം ക്ലാസ്സ് അവസാനപ്പരീക്ഷയ്ക്ക് കുറഞ്ഞത് 60 ശതമാനവും, മറ്റ് ഹയർ കോഴ്സുകൾക്കു 50 ശതമാനവും മാർക്ക് ലഭിച്ചവരായിരിക്കണം.
- ഇടവക വികാരി അറ്റസ്റ്റു ചെയ്ത മാർക്കുലിസ്റ്റും, കോഴ്സ് സർട്ടിഫിക്കേറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
- അപേക്ഷയോടൊപ്പം ഇടവകയുടെ ലെറ്റർഹെഡിൽ, വികാരിയുടെ സീലോടു കൂടിയ ശുപാർശക്കത്തും ഉണ്ടായിരിക്കണം.
- വികാരിയുടെ ശുപാർശക്കത്തിൽ അപേക്ഷകന്റെ, കുടുംബ പശ്ചാത്തലം, ചുറ്റുപാടുകൾ, ആദ്ധ്യാത്മീക സംഘടനയിലെ പ്രവർത്തനങ്ങൾ, മറ്റു നേട്ടങ്ങൾ എന്നിവ വിശദമാക്കുന്നത് ഉചിതമായിരിക്കും.
- അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതായ രേഖകൾ കൂടാതെ, അപേക്ഷകന്റെ വരുമാനം, ആശ്രിതരുടെ വിവരണങ്ങൾ എന്നിവയും ഇടവക വികാരി വ്യക്തമായി പഠിച്ച് ശുപാർശ ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു.
- അപേക്ഷകന് മറ്റെന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടെങ്കിൽ അതും വ്യക്തമാക്കിയിരിക്കണം.

  അപേക്ഷകൻ സണ്ടേസ്ക്കൂളിൽ പഠിച്ചവരോ, പഠിക്കുന്നവരോ ആയിരിക്കണം.

അപേക്ഷകൾ ജൂൺ 30–ാം തീയതിക്ക് മുമ്പ് ലഭിക്കത്തക്കവിധം താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു.

**The Secretary, O.C.Y.M., MOC-Doha, Post Box 173118, Doha, Qatar.**

---

**15–ാം ചരമ വർഷികം**

**(12–5–2010)**



## റോസമ്മ സാമുവേൽ


**W/O ഐ. സാമുവൽ**
**ഇലവുനിൽക്കുന്നതിൽ**
**പ്രക്കാനം,**
**പത്തനംതിട്ട**

---

# FR. T. M. GEORGE

**7TH DEATH ANNIVERSARY**

**(10-5-2010)**



"ആചാര്യേശ മശിഹാ കൂദാശകളർപ്പിച്ചോ
ആചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം"

*Inserted by :*

| | | |
|---|---|---|
| Wife | : | Mrs. Susy George |
| Children | : | Dr. Annie Kuriakose |
| | | Mr. George Mathew (Moni) |
| Son-in-law | : | Mr. V. P. Kuriachan |
| D.-in-law | : | Elizabeth Mathew (Kochumol) |
| G. Children | : | Sneha, Susanna, Shilpa and Georgie |

# ദൈവവിളിക്ക് കാതോർക്കുക

## സെന്റ് മേരി മാഗ്ദലിൻ ഓർത്തഡോക്സ് കോൺവെന്റ്

അടുപ്പൂട്ടി, കാണിപ്പയ്യൂർ പി.ഒ. കുന്നംകുളം, തൃശ്ശൂർ ഡിസ്ട്രിക്റ്റ്
ഫോൺ: 04885–222960



– സിസ്റ്റർ ലുദിയ ഒ.സി.സി.

ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ നിഷ്ഠാപൂർവ്വം ജീവിച്ച് ദൈവിക ശുശ്രൂഷ നിർവ്വഹിക്കുവാൻ സമർപ്പിക്കപ്പെടുന്ന ദൈവ വിളിയുടെ പെൺകുട്ടികൾക്കും അഭ്യസ്ത വിദ്യരായ വനിതകൾക്കും സ്നേഹപൂർവ്വം സ്വാഗതം.

43 വർഷങ്ങൾക്കു മുമ്പ് മൂന്ന് സന്യാസിനികൾ കുന്നംകുളം ചെറളയം ദേശത്തു നിന്നും അടുപ്പൂട്ടി കുന്നിലേക്ക് പറിച്ചു നട്ടതാണ് ഈ മഠം. പുണ്യശ്ലോകനായ കാക്കശ്ശേരി ജോസഫ് കോർഎപ്പിസ്ക്കോപ്പ അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അത്യാവശ്യമായ എല്ലാ സജ്ജീകരണങ്ങളോടുകൂടിയ ഒരു കെട്ടിടവും അതിനോടു ചേർന്ന് മനോഹരമായ ഒരു ചാപ്പലും പണി കഴിപ്പിച്ചു തന്നു. അദ്ദേഹം മരിക്കുന്നതുവരെയും ഞങ്ങളുടെ ആത്മീയ ആവശ്യങ്ങൾ എല്ലാം നന്നായി നിർവ്വഹിച്ചു തന്നിരുന്നു. ഇന്നും ഈ അദൃശ്യസാന്നിദ്ധ്യം ഞങ്ങൾക്ക് ശക്തിയേകുന്നു. ആ മഹാത്മാവിന്റെ ആത്മ ശാന്തിക്കായി എപ്പോഴും പ്രാർത്ഥിക്കുന്നു.

ആ വന്ദ്യ ആചാര്യന്റെ ആഗ്രഹ ഫലമായും ഫാ. കെ. ഐ. പോളിന്റെ (ഇപ്പോഴത്തെ ശ്രേഷ്ഠ നിയുക്ത കാതോലിക്ക ബാവ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ) പരിശ്രമഫലമായും ഒരു ഗവ. എയിഡഡ് യു.പി. സ്ക്കൂൾ അനുവദിച്ചു കിട്ടിയതോടെ പുതുതായി വന്നു ചേർന്ന സന്യാസനിമാർക്കും ജോലിയും ശമ്പളവും ലഭിച്ചു തുടങ്ങി. പിന്നീടുള്ള വളർച്ചയും ഉയർച്ചയും പെട്ടന്നായിരുന്നു. ദൈവിക ശക്തി പ്രത്യക്ഷമായി വെളിപ്പെട്ടു. നേഴ്സറി മുതൽ ഹൈസ്ക്കൂൾ വരെ ഇപ്പോൾ ഇവിടെ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചു വരുന്നു.

വികലതയുള്ളവരെ സംരക്ഷിക്കുവാനുള്ള ചുമതല വികലത ഇല്ലാത്തവരിൽ നിക്ഷിപ്തമാണ് എന്ന് കാഴ്ചപ്പാടുള്ള അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി, സന്യാസിനിമാരുടെ സമർപ്പണ ജീവിതത്തിന്റെ പൊരുൾ മനസ്സിലാക്കിക്കൊണ്ട് മന്ദബുദ്ധികളായ സ്ത്രീകളുടെ അഭയസ്ഥലമായി 'കരുണാലയം' എന്ന ആതുരാലയം ഈ കോൺവെന്റിന്റെ ചുമതലയിൽ പ്രവർത്തിക്കുന്നതിന് പ്രേരണ നൽകുകയും 2003–ൽ അഭിവന്ദ്യ തിരുമേനി തന്നെ ശിലാസ്ഥാപനം നടത്തി, 2006–ൽ പ. ബാവാതിരുമേനി അതിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു. ഈ കോൺവെന്റിന്റെ സ്ഥാപകയും പ്രഥമ സുപ്പീരിയറുമായിരുന്ന റവ. മദർ യോഹന്ന ഒ.സി.സി. യുടെ പാവന സ്മരണയ്ക്കായിട്ടാണ് ഈ സ്ഥാപനം നിലകൊള്ളുന്നത്. ഇപ്പോൾ 10 പേരെ ഇവിടെ സംരക്ഷിച്ചു പോരുന്നു. സമസൃഷ്ടികളോട് അനുകമ്പയുള്ളവർ കൂടുതൽ പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുവാൻ സഹായത്തിന്റെ കരങ്ങൾ നീട്ടിത്തരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഇപ്പോൾ ഞങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ദൈവീക ശുശ്രൂഷ നിർവ്വഹിക്കുവാൻ വേണ്ടത്ര സന്യാസിനിമാരുടെ അഭാവമാണ്. ദൈവവിളി ബോദ്ധ്യമാകാത്തതുകൊണ്ടാണോ, ഈ ജീവിതം പാരതന്ത്ര്യമാണെന്നു കരുതുന്നതുകൊണ്ടാണോ, ആധുനിക ജീവിതത്തിന്റെ ഉല്ലാസങ്ങളിൽ മുഴുകികഴിയുന്നതിലുള്ള വ്യഗ്രത കൊണ്ടാണോ എന്താണെന്നറിയില്ല. ഇപ്പോൾ ക്രിസ്തുവിന്റെ മണവാട്ടിയായി ആജീവനാന്തം ദൈവിക ശുശ്രൂഷ ചെയ്ത് ആത്മസന്തോഷം അനുഭവിക്കുവാനുള്ള അവസരം ലഭിച്ചിട്ടും അധികമാരും ഇവിടേക്ക് കടന്നുവരിന്നില്ല.

10–ാം ക്ലാസ്സും +2 ഉം പാസ്സായിട്ടുള്ളവർക്ക് ഉപരിപഠനത്തിനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരായവർക്ക് തക്കതായ ജോലിയും ഇവിടെത്തന്നെ ലഭ്യമാണ്. ആരോഗ്യവതികളായവർക്ക് ആകുലതയില്ലാതെ ദൈവിക കൃപയിൽ സുകൃത ജീവിതം നയിക്കുവാൻ ഈ സ്ഥാപനം നിങ്ങളെ നിശ്ചയമായും സഹായിക്കും.

ഈ സ്ഥാപനത്തിന് എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി രക്ഷാധികാരിയായി പരിശുദ്ധ സുന്നഹദോസിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നത് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയാണ്. റവ. മദർ ബർബാറ ഒസി.സി. മദർ സുപ്പീരിയറായി സേവനം അനുഷ്ഠിക്കുന്നു. നിങ്ങളെ ദൈവത്തിന് ആവശ്യമുണ്ട്. പ്രാർത്ഥനയോടുകൂടെ ചിന്തിക്കുക, തീരുമാനം എടുക്കുക. ദൈവീക ശബ്ദം നിങ്ങളുടെ ചെവിയിൽ മുഴങ്ങുമ്പോൾ നിങ്ങളുടെ ശബ്ദം ഞങ്ങളുടെ ചെവിയിലും പ്രതിദ്ധ്വനിക്കട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കട്ടെ. ■

# ദൈവം നേരത്തേ വിളിച്ച
# എന്റെ പ്രിയ ശിഷ്യൻ



ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ബലഹീനനായ ഞാൻ ഏകദേശം അമ്പത്തിരണ്ട് വർഷത്തോളം കോട്ടയം വൈദിക സെമിനാരിയിൽ പഠിപ്പിച്ചിട്ടുള്ള ഒരു വ്യക്തിയാണ്. ഈ കാലയളവിൽ ആയിരത്തിലധികം വൈദികരെ പഠിപ്പിക്കുവാൻ ഭാഗ്യം ലഭിച്ചതുമാണ്. അവരിൽ അനേകരെ എന്റെ പ്രായാധിക്യത്തിന്റെ ഓർമ്മക്കുറവിനാൽ ഞാൻ മറന്നിട്ടുണ്ടെങ്കിലും പലരേയും ഓർക്കാറുണ്ട് എന്നുള്ളത് വാസ്തവമാണ്. അങ്ങനെ ഓർക്കുന്നതും ഓർക്കപ്പെടേണ്ടതുമായ ഒരു വൈദികനാണ് കോഴഞ്ചേരിയിലെ എനിക്ക് പ്രിയപ്പെട്ടവനായി സന്തോഷച്ചൻ. കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഒരു വർഷം ആകുന്ന ഈ അവസരത്തിൽ അച്ചനെക്കുറിച്ചുള്ള ചില ദീപ്തമായ സ്മരണകൾ ഞാൻ പങ്കുവയ്ക്കുകയാണ്.

മനുഷ്യനെ കാർന്നുതിന്നുന്ന ഒരു മാരകമായ രോഗമാണ് ക്യാൻസർ എന്നത് ഒരു വസ്തുത തന്നെയാണ്. എന്റെ ഓർമ്മയിൽ നമ്മുടെ സഭയിൽ ക്യാൻസർ ബാധിച്ച് രക്ഷ പ്രാപിച്ച വ്യക്തികളുണ്ട്. അവരിൽ പ്രധാനികളാണ് അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി. ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ. അതുപോലെ തന്നെ ദൈവത്തിന്റെ അളവറ്റ സൗഖ്യം വളരെ കൃതാർത്ഥതയോടെ കൈക്കൊണ്ട ഒരു വൈദികനായിരുന്നു സന്തോഷച്ചൻ. എന്നിരുന്നാൽതന്നെയും, പ്രിയംവച്ച തന്റെ അരുമനാഥൻ അച്ചനെ തിരികെവിളിക്കുവാൻ സമയമായപ്പോൾ അച്ചൻ തന്റെ പിതാവിന്റെ ഭവനത്തിൽ പോയി എന്നതിനാൽ നമുക്ക് ദൈവത്തെ പഴിചാരുവാൻ കഴിയില്ല. ദൈവഹിതത്തിന് സമർപ്പിക്കുവാൻ മാത്രമാണ് കഴിയുന്നത്. ഈ ചെറുപ്രായത്തിലെ ഈ ലോകവാസം വെടിഞ്ഞ അച്ചന്റെ കുടുംബത്തെ ദൈവം ആശ്വസിപ്പിക്കട്ടെ. കുഞ്ഞുങ്ങളെ ശോഭനമായ ഭാവിയിലേക്ക് ദൈവം തമ്പുരാൻ എത്തിക്കട്ടെ എന്ന് ഞാനും ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ വരുന്നത് "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു" എന്ന വി. പൗലോസ് ശ്ലീഹായുടെ വചനങ്ങളാണ്. കാരണം അച്ചന്റെ ജീവിതത്തെ അത്രമാത്രം ദൈവത്തിന് സമർപ്പിച്ചു എന്നത് ഞാൻ പറയാതെതന്നെ ഏവർക്കും അറിയാവുന്ന വസ്തുതയാണല്ലോ. രോഗത്തിന്റേതായ വേദന എല്ലാം അച്ചനെ ശാരീരികമായി തളർത്തിയെങ്കിലും മാനസികമായി അച്ചൻ ദൈവിക കരുത്താർജ്ജിച്ചു എന്നതാണ് അച്ചന്റെ ജീവിതത്തിലെ വിജയം എന്ന് ഞാൻ പറയും. വേദനയിലും തളരാതെ ദൈവവചനം മുറുകെപ്പിടിച്ച വൈദികനാണ് അദ്ദേഹം. പ്രിയ അച്ചന്റെ പ്രസംഗങ്ങളും ക്ലാസ്സുകളും മറ്റും ചിലത് കേൾക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. 2006 വലിയ നോമ്പിലെ 40-ാം വെള്ളിയാഴ്ച വൈകിട്ട് എം.റ്റി.സി. യിൽ വന്ന് കൺവൻഷന് പ്രസംഗിച്ചതിന് ഒരു വലിയ അനുഗ്രഹമായിരുന്നു. നിറഞ്ഞ മനസ്സോടെ ആത്മധൈര്യത്തോടെ രോഗത്തെ വെല്ലുവിളിക്കും വിധമായിരുന്നു അച്ചന്റെ അവസാന കാല പ്രവർത്തനങ്ങൾ. ഞാൻ ആകുന്നത് കൃപയാലാകുന്നു എന്ന തിരുവചനം അച്ചന്റെ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു എന്നു തന്നെ വേണം പറയാൻ.

അതുപോലെ യാതൊരു പ്രയാസവും പരിഭവവും ഇല്ലാതെ പ്രത്യാശയോടെ ജീവിക്കാനും ജീവിച്ചിരുന്ന കാലമത്രെയും സഭക്കും സമൂഹത്തിനും കുടുംബത്തിനും ഒരു നല്ല മാതൃകയായി അച്ചൻ പെരുമാറി. നിരാശയില്ലാതെ എപ്പോഴും പുഞ്ചിരിക്കുന്ന മുഖത്തോടെ അച്ചൻ വേദനകളെ കടിച്ചമർത്തി മറ്റുള്ളവരെ സന്തോഷിപ്പിച്ചിരുന്നു. ഈ ഒരു മനോഭാവം പലർക്കും ഇല്ലാത്തതാണ്. എന്നാൽ അച്ചൻ ഈ നല്ല സ്വഭാവം അനേകർക്ക് പകർന്നു നൽകിയാണ് നമ്മിൽ നിന്നും ശാരീരികമായി വേർപിരിഞ്ഞിരിക്കുന്നത്.

അച്ചന്റെ നല്ല മാതൃക പിൻതുടരുവാൻ നമുക്ക് കഴിയട്ടെ എന്ന് ഞാൻ ആശിക്കുന്നു. അച്ചന്റെ കുടുംബത്തെ ദൈവം അനവധിയായി അനുഗ്രഹങ്ങൾ നൽകി പോറ്റിപ്പുലർത്തട്ടെ. "ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു." ഈ വാടാത്തതായ ജീവകിരീടം പ്രാപിക്കുവാൻ ഈ ലോകത്തിലെ ഓട്ടം തികച്ച് വിശ്വാസം കാത്ത് അങ്ങേ ലോകത്തിലേക്ക് പോയിരിക്കുന്ന പ്രിയ അച്ചന്റെ ആത്മാവ് ഇമ്പങ്ങളുടെ പറുദീസായിൽ അഹരോനോടുകൂടെ വിശ്രമിക്കട്ടെ. കർത്താവിന്റെ പുനരാഗമന ദിനത്തിൽ ഉത്തമനും വിശ്വസ്തനുമായ ദാസാ എന്ന വിളക്ക് അച്ചനെ ഇടയാക്കുകയും മഹത്വപ്രത്യക്ഷതയിൽ അച്ചന്റെ മുഖം കാണുവാൻ നമുക്കും കഴിയട്ടെ എന്ന പ്രാർത്ഥനയോടും പ്രത്യാശയോടും ഈ സ്മരണക്കുറിപ്പ് നിർത്തുന്നു. ■


## സാമ്പത്തിക സഹായം

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന 7 വയസ്സ് പ്രായമുള്ള പഠിക്കുവാൻ സമർത്ഥരായ ആൺകുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ആവശ്യമായ ജീവിതസാഹചര്യങ്ങളും തുടർ വിദ്യാഭ്യാസ സൗകര്യങ്ങളും ഒരുക്കി കൊടുക്കും.

ഫോൺ : 9496321455, 9447963493

ഒ. തോമസച്ചൻ



# സൺഡേസ്കൂൾ വാർത്തകൾ

**ഒ.വി.ബി.എസ്.:** 2010 ലെ നല്ല റിപ്പോർട്ടുകളാണ് ലഭിച്ചത്. അനുദിന ധ്യാനം, സീനിയർ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകൾ, സീനിയർ വിദ്യാർത്ഥികളുടെ സംഖ്യയിലുള്ള വർദ്ധനവ്, മനോഹരമായ ക്രൗൺ, അതിനോട് ചേർന്നുള്ള ഭാഗ്യ സമ്മാനം, പാട്ടുകൾ തുടങ്ങി എല്ലാ കാര്യത്തിലും നല്ല നിലവാരം പുലർത്തി. ചുമതലക്കാരായ ബഹു. കെ. വി. ഏലിയാസച്ചൻ, ചെറിയാൻ തോമസ് സാർ ഇൻസ്പെക്ടർമാർ, അദ്ധ്യാപകർ തുടങ്ങി എല്ലാവരേയും അനുമോദിക്കുന്നു. എല്ലാവരോടും കൂടിചേർന്നുള്ള സ്നേഹവിരുന്ന് പലയിടങ്ങളിലും കേറ്ററിംഗ്കാരെ ഏൽപിച്ചിട്ടുള്ള വിഭവ സമൃദ്ധമായ സദ്യയുമായി മാറിയതും, തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള യാത്ര ചിലയിടങ്ങളിൽ പിക്നിക്കായി മാറിയതുമൊക്കെ അഭിലഷണീയമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**തെരഞ്ഞെടുപ്പുകൾ**

പുതുക്കിയ ഭരണഘടന പ്രകാരമുള്ള തെരഞ്ഞെടുപ്പുകൾ ഡിസ്ട്രിക്ട് തലങ്ങളിൽ ഭംഗിയായി നടക്കുന്നു എന്നറിയുന്നതിലും സന്തോഷം. അനാരോഗ്യമായ കിടമത്സരങ്ങൾ സൺഡേസ്കൂൾ തലമത്സരങ്ങളിൽ നടക്കുകയില്ല, എന്ന വിശ്വാസം പ. സുന്നഹദോസിന് ഉള്ളതുകൊണ്ട് ഭരണഘടന പുതുക്കിയപ്പോൾ നിലവിലുള്ള തെരഞ്ഞെടുപ്പ് രീതികളിൽ മാറ്റം വരുന്നത്. അതിനാൽ തെരഞ്ഞെടുപ്പുകൾ അനിവാര്യമായി വരുന്നയിടങ്ങളിൽ മാന്യതയും അന്തസ്സും പാലിക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. പ. സുന്നഹദോസ്, നമ്മളിൽ അർപ്പിച്ച വിശ്വാസത്തിന് കോട്ടം വരുത്തരുത്.

**പി.എം.ജി. സെന്റർ:** നമ്മുടെ സൺഡേസ്ക്കൂളുകളിലെ 10-ാം ക്ലാസ്സിലേക്കു പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു മാർഗ്ഗനിർദ്ദേശ ക്യാമ്പ് മെയ് 25 മുതൽ 29 വരെ പി.എം.ജി. സെന്ററിൽ വച്ച് നടത്തുന്നു. സമർത്ഥരായ കുട്ടികൾക്ക് 10-ാം ക്ലാസ്സ് പരീക്ഷയേക്കുറിച്ച് അധികം ടെൻഷനുകൾ കാണാനിടയില്ല,. B, B+ ഗ്രേഡിൽ താഴെ നിൽക്കുന്ന പഠനത്തേക്കുറിച്ച് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുവേണ്ടി സംഘടിപ്പിക്കുന്ന ഈ ക്യാംപിൽ ആദ്യം അപേക്ഷിക്കുന്ന 100 പേർക്ക് പ്രവേശനം നൽകുന്നതായിരിക്കും. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം ഉണ്ട്. വിശദവിവരങ്ങൾ സൺഡേസ്ക്കൂൾ ഭദ്രാസന ഡയറക്ടർമാർ, ഇൻസ്പെക്ടറന്മാർ നിങ്ങളെ അറിയിക്കുന്നതാണ്.

**പുതിയ അദ്ധ്യയന വർഷം:** ജൂൺ 1-ന് പുതിയ അദ്ധ്യയന വർഷത്തിലേക്കു പ്രവേശിക്കുകയാണല്ലോ. ആത്മീയ ശിക്ഷണത്തേയും ബോധത്തേയും മറന്നുകൊണ്ട് സെക്കുലർ വിദ്യാഭ്യാസത്തിന് മാത്രം പ്രാധാന്യം നൽകുന്ന മാതാപിതാക്കളും, കുട്ടികളും അവലംബിക്കുന്ന രീതി ശരിയായിട്ടുള്ളതല്ല. ദൈവമാണ് ജീവിതത്തിന്റെ കേന്ദ്രം. ഉയർച്ചതാഴ്ചകളിൽ യഥാക്രമം നിഗളിക്കാതെയും നിരാശരാകാതെയും ജീവിതത്തെ സമചിത്തതയോടെ നേരിടുവാൻ സഹായിക്കുന്നത് ആത്മീയ ശക്തിയാണ്. സൺഡേസ്ക്കൂൾ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകി കുട്ടികളെ നേർവഴിയിൽ നയിക്കേണ്ടതാണ്. സൺഡേസ്ക്കൂൾ പഠനത്തിന് അർഹമായ പ്രാധാന്യം നൽകുന്നവർക്ക് സെക്കുലർ വിദ്യാഭ്യാസത്തിലും നല്ല നിലവാരം പുലർത്തുവാനുള്ള ദൈവകൃപ ലഭിക്കും. ആരംഭം മുതലേ ദൈവാശ്രയ ബോധത്തോടെ, ആർക്കും ചിട്ടയുമുള്ള ജീവിതശൈലിയോടെ വിദ്യാഭ്യാസം തുടരാം. എല്ലാ നന്മകളും പുതിയ വർഷത്തിൽ നേരുന്നു. ■


**16th Death Anniversary**
**13-03-2010**



**P. O. ZACHARIAH**
PUTHENPURACKAL
PIRAVANTHOOR, PATHANAPURAM

**5th Death Anniversary**
**27-05-2010**



**KURIAN ZACHARIAH**
(THAMBY)
PUTHENPURACKAL
PIRAVANTHOOR, PATHANAPURAM

# തെക്കൻ പരുമല
## ജൂബിലിയുടെ നിറവിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട 'തെക്കൻ പരുമല' എന്നറിയപ്പെടുന്ന പേരൂർക്കട സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളി അതിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുകയാണ്.

**ഇടവക**

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ തിരുവനന്തപുരം നഗരത്തിൽ സ്ഥാപിതമായ ആദ്യ ദേവാലയമാണ് തെക്കൻപരുമല. കവടിയാർ, പേരൂർക്കട, കുടപ്പനക്കുന്ന് പ്രദേശങ്ങളിലെ ഇടവകാംഗങ്ങളുടെ ആരാധനാവശ്യങ്ങൾക്കായി പാളയം സെന്റ് ജോർജ്ജ് വലിയപള്ളി, അതിന്റെ ഒരു ചാപ്പലായി ഈ ദേവാലയം പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ 1976–ൽ സ്ഥാപിച്ചു. 1985 മെയ് മാസത്തിൽ, തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലീത്താ ആയിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദീയസ്ക്കോറസ് തിരുമേനി ഈ ചാപ്പലിനെ ഇടവകയായി ഉയർത്തി. പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ഇവിടെ എത്തുന്നവരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുവാൻ തുടങ്ങി. ഇതര മതവിശ്വാസികളും ധാരാളമായി ഇവിടെ എത്തി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിച്ചുവരുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ചിരിക്കുന്ന ഈ ദേവാലയം ഭക്തജനങ്ങളുടെ സൗകര്യാർത്ഥം പകൽ മുഴുവൻ തുറന്നു ഇട്ടിരിക്കുന്നു. എല്ലാ ആദ്ധ്യാത്മീക സംഘടനകളും വളരെ മെച്ചമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന മത്സരങ്ങളിൽ, സ്ത്രീസമാജം, സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം എന്നിവ ശ്രദ്ധേയമായ വിജയം കൈവരിച്ചുവരുന്നു. ഞായറാഴ്ചകൾ കൂടാതെ എല്ലാ ബുധനാഴ്ചയും കുർബാനയും, ധൂപപ്രാർത്ഥനയും, മദ്ധ്യസ്ഥ പ്രാർത്ഥനയും നടക്കുന്നു. വൈദീകരെ കൂടാതെ IAS, IPS, Doctors, Engineers, ശാസ്ത്രസാങ്കേതിക തലത്തിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ അനേകർ ഈ ഇടവകയുടെ അരുമ സന്താനങ്ങളാണ്. ഏകദേശം 350 ഓളം കുടുംബങ്ങൾ ഈ ദേവാലയത്തിലുണ്ട്. ഇപ്പോൾ വികാരിയായി ഫാ. സി. ഗീവർഗ്ഗീസ് സേവനമനുഷ്ഠിക്കുന്നു.

**തിരുശേഷിപ്പ്**

2001 ജനുവരിയിൽ പുതുക്കിപ്പണിത ദേവാലയ കൂദാശയോടനുബന്ധിച്ച് അന്നത്തെ മലങ്കര മെത്രാപ്പൊലീത്തായും, കതോലിക്കായുമായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതീയൻ ബാവാതിരുമേനി, പരിശുദ്ധ പരുമല തിരുമേനിയുടെ 'തിരുശേഷിപ്പ്' സ്ഥാപിക്കുകയും, 'തെക്കൻ പരുമല' എന്ന സ്ഥാനം കല്പിച്ച് നൽകുകയുണ്ടായി. തെക്കൻ കേരളത്തിലെ ഒരു തീർത്ഥാടന കേന്ദ്രമായി ഇത് വളർന്നുകൊണ്ടിരിക്കുന്നു. അനേകരുടെ അനുഭവസാക്ഷ്യങ്ങൾ അത് വിളിച്ചറിയിക്കുന്നു. അമ്പലംമുക്കിൽ പരി. പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിൻതൊട്ടി, ജാതിമതഭേദമന്യേ അനേകരുടെ ആശാകേന്ദ്രവും അഭയവുമാണ്.

**പരുമല പെരുന്നാൾ**

ആണ്ടുതോറും നവംബർ രണ്ടിനുശേഷം വരുന്ന ഞായറാഴ്ച പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചുവരുന്നു. ഇതോടനുബന്ധിച്ച് നഗരത്തിലെ എല്ലാ ഓർത്തഡോക്സ് ദേവാലയങ്ങളും ചേർന്ന് ഈ പള്ളിയിലേക്ക് പരുമല പദയാത്രയും, വാഹന റാലിയും നടത്തുന്നു. ഭദ്രാസനാസ്ഥാനമായ ഉള്ളൂർ ഹോളിട്രിനിറ്റി ചാപ്പലിൽ നിന്നാരംഭിക്കുന്ന ഈ പദയാത്രയ്ക്കും, വാഹന റാലിക്കും തിരുവനന്തപുരം ഗ്രൂപ്പ് യുവജന പ്രസ്ഥാനം നേതൃത്വം നല്കുന്നു.

**ജീവകാരുണ്യ പ്രവർത്തനങ്ങൾ**

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അതീവപ്രാധാന്യം കല്പിക്കുന്ന ഈ ഇടവക അതിന്റെ വരുമാനത്തിന്റെ പത്തു ശതമാനത്തിലധികം ജീവകാരുണ്യപ്രവർത്തനത്തിനായി ചെലവിടുന്നു. ജാതിമതഭേദമന്യേ ചികിത്സ, വിവാഹം, വിദ്യാഭ്യാസം, കൈത്തൊഴിൽ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്.

**ജൂബിലി ആഘോഷം**

2009–2010 വർഷം ഇടവക രജതജൂബിലി വർഷമായി ആഘോഷിക്കുകയാണ്. ഇതോടനുബന്ധിച്ചു വിവിധ ക്ഷേമ പദ്ധതികൾ ആദ്ധ്യാത്മിക കൂട്ടായ്മകൾ, ക്യാൻസർ നിർണ്ണയ ബോധവത്ക്കരണ ക്ലാസ്സുകൾ, പ്രമേഹ രോഗനിർണ്ണയക്ലാസ്സ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നിർദ്ധനരായ അനേകം രോഗികൾക്ക് ചികിത്സാസഹായം നല്കി ജൂബിലി വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

2010 മെയ് 16 ന് വേകുന്നേരം 4 ന് തിരുവനന്തപുരം ഭദ്രാസന മെത്രാപ്പൊലീത്താ അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമാപന സമ്മേളനത്തോടെ ജൂബിലി ആഘോഷങ്ങൾ സമാപിക്കും.




**ഇടവകവികാരി**
**റവ. ഫാ. സി. ഗീവർഗ്ഗീസ്,**
**അഞ്ചൽ**


**10th Death Anniversary**
**of**
**C.N.THOMAS**



**Charuvil parampil**
Nariyapuram,pathanamthitta
on 2nd june 2010
*"safe in the arms of lord jesus christ"*
*Inserted by :*
wife: Annamma thomas and family




മെയ് 16

## പെന്തക്കോസ്തിക്കുമുമ്പുള്ള ഞായർ

**(വി. യോഹന്നാൻ 17:13–26)**

നമ്മുടെ കർത്താവ് നിർവ്വഹിയ്ക്കുന്ന ശ്രദ്ധേയമായ ഒരു പ്രാർത്ഥനയാണിത്. വിചാരണയ്ക്കും, കുരിശാരോഹണത്തിനും മുമ്പായി നടത്തുന്ന വിടവാങ്ങൽ സന്ദേശത്തിന്റെ ഭാഗമായാണിത്. ഈ വേദഭാഗത്തിൽ 13 മുതൽ 19 വരെയുള്ള ഏഴ് വാക്യങ്ങൾ ശിഷ്യർക്കുവേണ്ടിയുള്ള പ്രാർത്ഥനയും, 20 മുതൽ 26 വരെയുള്ള ഏഴ് വാക്യങ്ങൾ ശിഷ്യസമൂഹത്തിലൂടെ വിശ്വസിപ്പാനിരിക്കുന്നവർക്ക് വേണ്ടിയുമുള്ള പ്രാർത്ഥനയുമാണ്.

പെന്തക്കോസ്തി പെരുനാൾ ദിനത്തിൽ ദൃശ്യസഭയുടെ സ്ഥാപനത്തിന് മുമ്പായി, സഭ ഈ പ്രാർത്ഥന വായിക്കുന്നത് എത്ര അർത്ഥപൂർണ്ണമായിരിക്കുന്നു! ശിഷ്യർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അവരിലൂടെ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അവന്റെ ശരീരമാകുന്ന സഭയുടെ സ്ഥാപനത്തേയും അതിന്റെ അർത്ഥവ്യാപ്തിയേയും ക്ഷണിയ്ക്കുന്നതാണ്.

**(1) സഭ കാതോലികമാകുന്നു**

ന്യൂനതകളൊന്നുമില്ലാതെ പൂർണ്ണതയുള്ള സ്വഭാവത്തെ കാണിയ്ക്കുന്നതിനുള്ള വിശേഷണമാണിത്. "എന്റെ സന്തോഷം അവരുടെ ഉള്ളിൽ പൂർണ്ണമായിരിക്കേണമേ" (Vs.13), എന്ന പ്രാർത്ഥന നമ്മെ കൊണ്ടെത്തിയ്ക്കുന്നത് സഭയുടെ ഈ പരിപാവനമായ വിശേഷണത്തിലാണ്. സാമുദായിക സ്വഭാവത്തെ പരിപോഷിപ്പിയ്ക്കുന്ന ഒരു തലത്തിൽ നിന്ന് മാത്രമാണ് പക്ഷെ ഇന്ന് നാം സഭയെ കാണുന്നതും, അതിനു പെരുമാറുന്നതും. എന്നാൽ അവന്റെ സ്നേഹത്തിന്റേയും, സന്തോഷത്തിന്റേയും പൂർണ്ണത വെളിപ്പെടുന്ന സാർവ്വത്രിക സ്വഭാവം നാം കണക്കാക്കുന്നതേയില്ല. ഈ ആനന്ദത്തിന്റെ പൂർണ്ണതയുടെ നിലനിൽപ്പ് നമ്മിലൂടെയാണ് സാധ്യമായി തീരേണ്ടത് എന്നിരിക്കെ അവന്റെ ഈ 'വിടവാങ്ങൽ പ്രാർത്ഥന'യ്ക്ക് ഒരു ബഹുമാനവും നൽകാതെ നമ്മൾ എത്രമേൽ 'സുമുദായമായി' മാറിക്കൊണ്ടേയിരിയ്ക്കുന്നു!.

**(2) സഭ അപ്പോസ്തോലികമാകുന്നു.**

ആദ്യം ശിഷ്യർക്കുവേണ്ടിയും തുടർന്ന് ''അവരുടെ വചനത്താൽ വിശ്വസിപ്പാനിരിയ്ക്കുന്നവർക്ക്'' (Vs.20), വേണ്ടിയും, പ്രാർത്ഥിയ്ക്കുന്നതിലൂടെ അപ്പോസ്തോലികതയുടെ സ്വഭാവം കൃത്യതയോടെ വെളിവാകുന്നു. ശിഷ്യസമൂഹത്തേ വിശുദ്ധീകരിച്ചിരിയ്ക്കുന്നത്, പിതാവാം ദൈവത്തിന്റെ സത്യവചനത്താലാകുന്നു. (Vs.17), സഭയിൽ ഈ വചനം വെളിപ്പെടുന്നത് ഈ തെരഞ്ഞെടുക്കപ്പെട്ടവരിലൂടെയുമാകുന്നു. Vs.20), പിതാവാം ദൈവം, അവിടുത്തെ സത്യവചനം, വചനത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട ശിഷ്യസമൂഹം, അവരിലൂടെ വചനത്തെ സ്വീകരിയ്ക്കുന്ന വിശ്വാസികളുടെ സമൂഹം–ഇത്തരത്തിലൂള്ള തുടർച്ച. ഈ പ്രാർത്ഥനയിലൂടെ വെളിവാക്കപ്പെടുന്നു. സഭയുടെ 'അപ്പോസ്തോലികത', നമ്മൾക്ക് അഭിമാനിക്കാവുന്ന ഒരു പൈതൃകം (Heritage), എന്ന അർത്ഥത്തിൽ അവസാനിപ്പിക്കേണ്ട ഒന്നല്ല, നമ്മേ കൂടുതൽ ഉത്തരവാദിത്തത്തിലേക്ക് നയിക്കേണ്ട ഒന്നാണ്.

**(3) സഭ 'ഏക'മാകുന്നു**

'അവന്റെ സ്നേഹത്തിൽ ഒന്നായി തീരേണമേ' എന്നുള്ളതാണ് അവന്റെ പ്രാർത്ഥന (Vss.21,23). മാത്രമല്ല അവർ "ഐക്യത്തിൽ തികഞ്ഞിരിക്കേണമേ" (Vs.23) എന്നും അവൻ പ്രാർത്ഥിയ്ക്കുന്നു. ഈ ഐക്യത്തിന്റെ തികവിനു വേണ്ടി അവന്റെ മഹത്വത്തേ നമ്മൾക്ക് നൽകിയിരിക്കുന്നു (Vs.22). പിതാക്കന്മാരുടെ രചനകളിൽ ആ ഭാഗത്തെ സംബന്ധിച്ച് ശ്രദ്ധേയമായ വ്യാഖ്യാനങ്ങളുണ്ട്–"അവന്റെ മഹത്വത്തേ നമ്മൾക്കായി നൽകിയിരിക്കുന്നത്, മറ്റു കാരണങ്ങൾക്കായി ഒന്നുമല്ല, എന്നാൽ നാമെല്ലാം അവനിൽ ഒന്നായി തീരേണ്ടതിനാകുന്നു", എന്ന് നാലാം നൂറ്റാണ്ടിലെ പാശ്ചാത്യപിതാവായ പോയിറ്റിയേഴ്സിലെ ഹിലരി ഈ വേദഭാഗത്തെ ആസ്പദമാക്കി പഠിപ്പിയ്ക്കുന്നു. (Hilary, On the Trinity, VIII:12-14). അവന്റെ സ്നേഹത്തിൽ ഒന്നായി തീർന്നതാണ് സഭ

**(4) സഭ വിശുദ്ധമാകുന്നു**

കർത്താവ് പ്രാർത്ഥിയ്ക്കുന്നത് ''അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്, ഞാനും അവർക്കുവേണ്ടി എന്നെതന്നെ വിശുദ്ധീകരിക്കുന്നു" (Vs.19). എന്നാണ്. അവിടുത്തെ മനുഷ്യാവതാര രക്ഷണ്യ പ്രവർത്തനങ്ങൾ ഓരോന്നും തന്നെ ഇത്തരത്തിൽ നമ്മെ വിശുദ്ധീകരണത്തിലേക്ക് നയിക്കുന്നതിനായിരുന്നു എന്ന് ഈ വേദഭാഗത്തെ അടിസ്ഥാനപ്പെടുത്തി അലക്സാന്ത്രിയായിലെ വി. അത്താനാസിയോസ് വ്യാഖ്യാനിയ്ക്കുന്നു. (Athanasiuo, Aganist Arians, XII:46-48). ഈ വെളിപ്പെടുത്തലിന്റെ.യെല്ലാം അഭംഗുരമായ തുടർച്ചയെപ്പറ്റി പറഞ്ഞുകൊണ്ടാണ് (Vs.26) കർത്താവ് പ്രാർത്ഥന അവസാനിപ്പിയ്ക്കുന്നത്. വിശുദ്ധിയിലേക്ക് വിളിയിക്കപ്പെട്ടിരിയ്ക്കുന്നതാണ് സഭ. ആ വിശുദ്ധിയുടെ തുടർച്ച നാം സൂക്ഷിക്കേണ്ടിയിരിയ്ക്കുന്നു.

മെയ് 23

## പെന്തക്കോസ്തി ഞായർ

**(വി. യോഹന്നാൻ 15:1–14)**

(മുട്ടുകുത്തലിന്റെ മൂന്ന് ക്രമങ്ങളിലും നാം വി. ഏവൻഗേ

ലിയോൻ വായിക്കുന്നുണ്ടെങ്കിലും ചർച്ചയ്ക്കായി വി. കുർബ്ബാന യുടെ വേദഭാഗം മാത്രമാണെടുത്തിരി ക്കുന്നത്).

വി. സഭയിലുള്ള പരിശുദ്ധാത്മാവിനെ ഉറപ്പിയ്ക്കുന്ന വി. ത്രിത്വത്തിലുള്ള നമ്മുടെ ആഴമായ വിശ്വാസത്തെ പുനപ്രതിഷ്ഠി യ്ക്കുന്ന, ആഘോഷത്തിന്റെ പെരുനാൾ ദിവസമാകുന്നു ഇന്ന്. പൗരസ്ത്യ പിതാക്കന്മാർ ധാരാളമായി ഈ പെരുനാളിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പ്രതിബാധിച്ചിട്ടുണ്ട്.

"ഇന്ന് ദഹിപ്പിയ്ക്കുന്ന അഗ്നി അല്ല, രക്ഷിയ്ക്കുന്ന അഗ്നി ഇറങ്ങി, ശ്ലീഹർക്ക് പരിശുദ്ധാത്മാവിലുള്ള മാമോദീസാ നൽകുകയും, ദൈവീക വസ്ത്രം അവരെ ധരിപ്പിയ്ക്കുകയും, ശൈത്യമായിരുന്ന ആത്മാക്കൾക്ക് ചൂടും വെളിച്ചവും നൽകി വിവിധ ഭാഷാദേശവാസികളോട് സംസാരിക്കുവാൻ അവരെ പ്രാപ്തരാക്കി തീർക്കുകയും ചെയ്തു" എന്ന് യറുശലേമിലെ വി. കൂറിലോസ് പ്രസ്താവിക്കുന്നു. (Cyril, Levture XVII:14, On the Holy Spirit). പരിശുദ്ധാത്മാവിൽ നമ്മൾക്ക് ലഭിച്ച ഈ അഭിഷേകത്തിനനുയോജ്യമായ ഒരു ജീവിതം എന്താണെന്ന് നമ്മെ പഠിപ്പിയ്ക്കുന്ന വേദഭാഗമാണിത്.

**(1) മാലിന്യങ്ങളിൽ നിന്നും കഴുകി വെടിപ്പാക്കപ്പെടുന്ന ദിവസം**

Vs.15:2 ൽ "കായിക്കുന്നത് ഒക്കെയും അധികം ഫലം കായിക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു" എന്ന് പറഞ്ഞിരിക്കുന്നു. വിളവെടുപ്പ് കഴിഞ്ഞ് മുന്തിരിവള്ളികൾ വെട്ടി വെടിപ്പാക്കുന്നില്ലെങ്കിൽ വരും വർഷത്തെ ഫലം കുറയും. ചെത്തി വെടിപ്പാക്കുന്നത് നല്ല ഫലം നൽകുന്നതിനുവേണ്ടിയാണ്. "വെട്ടിയൊതുക്കാത്ത കൊമ്പുകൾ ഫലശൂന്യങ്ങളായി വെറും മരങ്ങളായിതീരുന്നു. ദൈവത്തിന്റെ വചനമാകുന്ന കത്തി ഉപയോഗിച്ച്, ആത്മാവിന്റെ ഫലം പുറപ്പെടുവിച്ച കൊമ്പുകൾ വെട്ടി ഒരുക്കുമ്പോൾ പുതു ഫലങ്ങൾ പുറപ്പെടുവിക്കുവാൻ അവ പ്രാപ്ത മാകുന്നു" (Clement of Alexandria, Paedagogus, I.VIII). 15.2ൽ, 'ചെത്തിവെടിപ്പാക്കുക" (to prune), എന്നതിന് ഗ്രീക്ക് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം "കത്തായിറേ" എന്നാണ്. പ്രൂൺ ചെയ്യുക എന്ന് മാത്രമല്ല ഇതിന് അർത്ഥം ഉള്ളത്, സർവ്വ മാലിന്യങ്ങളിൽ നിന്നും കഴുകി വെടിപ്പാക്കപ്പെടുക എന്നും അർത്ഥം ഉണ്ട്. അഗ്നിശുദ്ധി ചെയ്ത്, ചെത്തിമിനുക്കി, പുതുഫലങ്ങൾ പുറപ്പെടുവിയ്ക്കുവാനായി നാം ഇന്ന് പുതിയ ജീവൻ പ്രാപിയ്ക്കുന്നു. അവൻ പറയുന്നു "നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു" (Vs.15:3).

**(2) അവനിലുള്ള സ്ഥിരവാസം ഉറപ്പിയ്ക്കുന്ന ദിവസം**

"കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിക്കുവാൻ കഴിയുകയില്ല" (Vs.15:4). അവനെ കൂടാതെ ഒരു നന്മയും ഇല്ല. അവനിലുള്ള നമ്മുടെ വാസത്തിന്റെ തുടർച്ച ഉറപ്പാക്കുന്ന പെരുനാളാകുന്നു ഇന്ന്. നാസിയാൻസിലെ വി. ഗ്രിഗറിയുടെ പെന്തക്കോസ്തിയുടെ പ്രസംഗത്തിൽ കർത്താവിന്റെ രക്ഷണ്യ പ്രവർത്തനങ്ങൾ എല്ലാം വിവരിച്ചിട്ട്, പരിശുദ്ധാത്മാവ് ഇന്ന് നമ്മളെ ആ രക്ഷയുടെ തുടർച്ചയിൽ മുമ്പോട്ട് കൊണ്ടുപോകുന്നുവെന്ന് ഉദ്ബോധിപ്പിക്കുന്നു. (Gregory Nazianzes, Oration, XLI: On Pentecost para V) നാം കൊമ്പുകളായി അവനോട് ചേർന്ന് വസിയ്ക്കുന്നു എന്നതിൽ നമ്മുടെ നിസ്സഹായ അവസ്ഥയും, ആത്മവിശ്വാസവും ഒരുപോലെ അടങ്ങിയിരിക്കുന്നു. നാം മുട്ടുകുത്തുമ്പോൾ, "അങ്ങയിലുള്ള കൊമ്പുകളാകാതെ, ഞങ്ങൾക്കൊരു ഫലവും പുറപ്പെടുവിക്കുവാൻ കഴിയില്ല'' എന്ന നിസ്സഹായന്റെ പ്രാർത്ഥനയും, "ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേൽക്കുവീൻ" എന്ന് കേട്ട് നാം എഴുന്നേൽക്കുമ്പോൾ, അവനാ കുന്ന തായ്ത്തടിയോട് ചേർന്ന കൊമ്പുകളാകുന്നു എന്ന അഹങ്കാര ലേശമില്ലാത്ത ആത്മവിശ്വാസവും നമ്മെ ഭരിക്കട്ടെ.

**(3) പരിശുദ്ധാത്മാവിൽ നാം അവന്റെ സ്നേഹിതരായി തീരുന്ന ദിവസം**

"ഞാൻ നിങ്ങളോട് കല്പിക്കുന്നത് ചെയ്താൽ, നിങ്ങൾ എന്റെ സ്നേഹി തൻമാർ തന്നെ'' (Vs 15:14), എന്ന ഉറപ്പോടുകൂടിയാണീ ഭാഗം അവസാനി പ്പിക്കുന്നത്. കുറവുകളെ പോക്കി, കഴുകി വെടിപ്പാക്കപ്പെട്ട, അവനിൽ ഉള്ള സ്ഥിരവാസം ഉറപ്പിച്ചാൽ, നാം സ്നേഹിതരല്ലാതെ മറ്റാരാകുന്നു? സ്വർണ്ണനാവുകാരനായ ഈവാനിയോസ് ഈ ഭാഗത്തെ ആസ്പദമാക്കി പ്രസംഗിക്കുന്നുണ്ട്. "അവനിലുള്ള മാംസത്തെ സംബന്ധിച്ച് പറഞ്ഞതിനുശേഷം അനർഗളം ഒഴുകുന്ന സ്നേഹത്തെ കുറിച്ചു പറയുന്നു. അങ്ങനെയല്ലാതെ യാകുവാൻ തരമില്ല. പിന്നെ സ്നേഹിതർക്കുവേണ്ടി പ്രാണൻപോലും കൊടുക്കുന്ന ഉദാത്ത സ്നേഹത്തെക്കുറിച്ച് പറയുന്നു. അങ്ങനെ സർവ്വതിലും നാം അവന്റെ സ്നേഹിത രായി തീരുന്നു"... (Chrysostom, homily LXXVII, On John 15). പരിശുദ്ധാത്മാവ് ഇന്നു നമ്മെ അവന്റെ സ്നേഹിതരാക്കി തീർക്കും.

മെയ് 30

## പെന്തക്കോസ്തിക്കു ശേഷമുള്ള ഒന്നാം ഞായർ

**(വി. യോഹന്നാൻ 6:26–35)**

അവനെ അന്വേഷിച്ച് പുരുഷാരം വലയുന്നു. തിബെര്യാസ് കടൽക്കരയിൽ ഒന്നും കാണാതെ വന്നപ്പോൾ, അവർ പടകുകളിൽ കപ്പർന്നഹൂമിലെത്തി അവനെ കാണുന്നു. തന്നെ ദീർഘമായി അന്വേഷിച്ചു കണ്ടെത്തുന്നവർക്ക്, അവർ നൽകുന്ന ഉപദേശങ്ങളാണ് ഈ വേദഭാഗം.

**(1) അന്വേഷിക്കുന്നവർക്ക് ദിശാബോധം നൽകുന്നവൻ**

ഈ വേദഭാഗത്തെ ആസ്പദമാക്കി, സ്വർണ്ണനാവു കാരനായ ഈവാനിയോസിന്റെതായി സുദീർഘങ്ങളായ രണ്ടു പ്രസംഗങ്ങളുണ്ട്. അവയിൽ ആദ്യത്തേത്, ഇപ്രകാരമാണ് ആരംഭിക്കുന്നത്. "ഗുരുവിന് എപ്പോഴും മൃദുലമായ വാക്കുകൾ മാത്രം ഉപയോഗിക്കുവാൻ കഴിയില്ല. ചിലപ്പോഴെങ്കിലും കഠിനമായ വാക്കുകൾ ഉപയോഗിക്കേണ്ടിവരുന്നു. പിൻപറ്റുന്നവർക്ക് ഉദ്ദേശലക്ഷ്യങ്ങൾ തെറ്റുമ്പോഴോ, ദിശാബോധം ഇല്ലാതെ വരുമ്പോഴോ, അവൻ കടുപ്പിച്ച് പറഞ്ഞു എന്ന് വരാം. അന്വേഷിക്കുന്നവർ സംസാരം ആരംഭിച്ചതുതന്നെ പുകഴ്ത്തലിന്റെ അതിശയോക്തിയോടുകൂടിയാണ്. 'നീ എങ്ങനെ, എപ്പോൾ ഇവിടെ എത്തി? എന്ന് അത്തരത്തിൽ ഉള്ള പുകഴ്ത്തലുകളല്ല അവന് പ്രധാനം അണികൾ ദിശാബോധം ഉള്ളവരായിരിക്കുക എന്നതാണ്" (Chrysostom, homily XLIV) താല്കാലിക സംതൃപ്തികളും മനോസുഖങ്ങളിലും അല്ല, നിത്യതയ്ക്കായ് കാംക്ഷിക്കുവാൻ അവൻ നിഷ്കർഷിക്കുന്നു.

**(2) ഗുരു നൽകുന്ന നിത്യതയുടെ ഉറപ്പ്**

വളരെ എളുപ്പത്തിൽ തന്നെ ജനക്കൂട്ടം അവനുമായി നല്ല സംവേദനത്തിലായി തീരുന്നു. അവന്റെ കുറ്റപ്പെടുത്തലിലെ സത്യസന്ധത, അവർ നിശ്ചയമായും മനസ്സിലാക്കിയിരിക്കും. മാത്രമല്ല അവൻ പറയുന്നു, "നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ട് പ്രവർത്തിപ്പീൻ" (Vs. 627) എന്ന് അവിടെ നിർദ്ദേശത്തോട് അവസാനിപ്പിക്കുകയല്ല. മറിച്ച്, അവൻ ഉറപ്പ് നൽകുകയാണ്, "അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും" (Vs 6:27) അവൻ വെറും വാക്കുകൾ പറയുന്നവനാണോ? നമ്മൾ എന്തിനായാണ് പക്ഷേ കാംക്ഷിക്കുന്നത്? നമ്മുടെ പ്രവർത്തനങ്ങളിൽ, അദ്ധ്വാനങ്ങളിൽ മുൻഗണനാക്രമങ്ങളിൽ, വിശ്വാസത്തിൽ അങ്ങനെ ജീവിതത്തിന്റെ സാരസർവ്വങ്ങളിൽ അവനുള്ള സ്ഥാനം എന്താണ്?അവൻ നൽകിയ ഉറപ്പിലുള്ള വിശ്വാസം നമുക്ക് എത്രമാത്രം ഉണ്ട്?

**(3) അവൻ ജീവന്റെ സ്രോതസ്സാകുന്നു**

ജീവന്റെ നിലനിൽപ്പ്, ആഹാരം, നിത്യജീവനായുള്ള കാംക്ഷ. ഇവയെല്ലാം ആയിരുന്നു സംസാരവിഷയം. അതിനോട് ചേർന്നുതന്നെ നിത്യതയുടെ ആഹാരമാണ് അന്വേഷിക്കേണ്ടത് എന്നുപറയുമ്പോൾ, ഒരർത്ഥത്തിൽ ഉപരൂപേണ പറയുവാൻ ഏറ്റവും എളുപ്പമുള്ളതാണ് "ഞാൻ ജീവന്റെ അപ്പമാകുന്നു" (Vs 6:35) എന്നത്. ജനം പ്രതീക്ഷിച്ചു വന്നത്, തലേനാളിലെ പോലെ വലിയ സദ്യയായിരുന്നു. ഇവിടെ ഇപ്പോൾ അവർക്ക് ലഭിക്കുന്നത് ജീവസ്രോതസ്സായ അവനെ തന്നെയാണ്. തലേനാൾ അവരുടെ വിശപ്പിന് അവൻ ശാരീരികമായ ഭക്ഷണം നൽകിയെങ്കിൽ, ഇന്നവൻ അവരുടെ വിശപ്പിനെ അന്വേഷണത്തെ –തന്നെ ദിശതിരിച്ചുവിടുകയും അവനെ തന്നെ അവരുടെ ശമനത്തിനായി

നൽകുകയും ചെയ്യുന്നു. ജീവിതത്തിൽ നമ്മൾക്ക് ശമനവും ആശ്വാസവും നൽകുന്ന ശ്രോതസ്സുകൾ പലതായിരിക്കാം. എന്നാൽ ആത്യന്തികശമനം അവനിൽ മാത്രമാകുന്നു.

ജൂൺ 6

## പെന്തക്കോസ്തിക്കുശേഷം രണ്ടാം ഞായർ
**(വി. മത്തായി 10:5 – 6)**

പന്ത്രണ്ടു ശിഷ്യന്മാരെ അവൻ ഉത്തരവാദിത്തങ്ങൾ നൽകി അയയ്ക്കുന്നു. അവരെ നിർവഹിക്കണമെന്ന് പറഞ്ഞേൽപ്പിക്കുന്ന ഏതാനും ചില കാര്യങ്ങൾ മാത്രം ഇവിടെ ചർച്ചയ്ക്കെടുക്കുന്നു.

**(1) സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന ഘോഷണം**

ഏറ്റവും പ്രാഥമികമായ ഉത്തരവാദിത്വമായാണ്. സ്വർഗ്ഗരാജ്യഘോഷണം ശിഷ്യരെ ഏൽപ്പിക്കുന്നത് (Vs.10:7). ഗ്രീക്ക് മൂലഭാഷയിൽ 'എംഗീസോ' എന്ന പദമാണ് ഇവിടെ സമീപസ്ഥമായിരിക്കുന്നുവെന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. 'എംഗീസോ' എന്നത് സമീപസ്ഥം എന്നർത്ഥത്തിൽ മാത്രമല്ല, 'To Join one thing to another' –ഒന്നിനോടൊന്ന് യോജിപ്പിക്കുക എന്ന അർത്ഥത്തിലും ഉപയോഗിക്കുന്നു. 'സ്വർഗ്ഗരാജ്യം' കർതൃസാന്നിദ്ധ്യമാണ്. ചരിത്രത്തിലെ ഏറ്റവും വലിയ അനുരഞ്ജനമാണ് മനുഷ്യാവതാരം. ദൈവം മനുഷ്യനായി അവതരിച്ചിരിക്കുന്നു എന്ന സത്യത്തിന്റെ പ്രഖ്യാപനമാണ് സ്വർഗ്ഗരാജ്യത്തിന്റെ വിളംബരം കൊണ്ടുദ്ദേശിക്കുന്നത്. ഈ അനുരഞ്ജനത്തിന്റെ വിളംബരം സഭയുടെ പ്രാഥമിക ദൗത്യവും എല്ലാം പ്രവർത്തമേഖലകളിലൂടെ പ്രതിഫലിക്കേണ്ടതുമായതും ആകുന്നു.

**(2) സൗഖ്യവും ജീവനും ശുദ്ധീകരണവും നൽകുക**

ശിഷ്യസമൂഹത്തെ ഏൽപ്പിക്കുന്ന സൗഖ്യത്തിന്റെയും ജീവന്റെയും ശുദ്ധീകരണത്തിന്റെയും ദൗത്യം (Vs.10:8). സഭയുടെ ഇന്നത്തെ ദൗത്യവും സ്വർഗ്ഗരാജ്യ വിളംബരത്തിന്റെ ഭാഗവുമാകുന്നു. സ്ഥാപന വൽക്കരണത്തിന്റെ ശ്രദ്ധയിൽ ഒഴിവാക്കുവാൻ നന്നേ പ്രയാസമായ തിന്മകളിൽ പലപ്പോഴും നമ്മൾക്ക് ഈ ദൗത്യം മറന്നുള്ള 'വളർച്ച'കൾക്ക് സാക്ഷ്യം വഹിക്കേണ്ടി വരുന്നുണ്ടോ സമൂഹത്തിലെ മുറിവുകളെയും അതിനെ ഗ്രസിക്കുന്ന രോഗങ്ങളെയും, സൗഖ്യമാക്കുവാൻ വിളിക്കപ്പെട്ടതാണ് സഭ. മൂല്യങ്ങളുടെ മരണത്തിൽ 'സമൃദ്ധിയായ ജീവൻ' നൽകുവാനും സഭയ്ക്ക് ബാദ്ധ്യതയുണ്ട്. വിശുദ്ധീകരണത്തിലേക്ക് വിളിക്കപ്പെട്ട സഭ നിരന്തര ശുദ്ധീകരണത്തിന് വിധേയപ്പെടുകയും, ശുദ്ധീകരണത്തിന്റെ ദൗത്യം ഏറ്റെടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**(3) ആവശ്യത്തിലധികം കരുതാതിരിക്കുക**

ഒന്നും ആവശ്യത്തിലധികമായി കൈവശം വയ്ക്കരുതെന്ന് ശിഷ്യന്മാരെ അയക്കുമ്പോൾ കർത്താവ് നിർദ്ദേശിച്ചിരിക്കുന്നു (Vs.10:9-10). ഈ കർതൃ ആജ്ഞയെ അക്ഷരം പ്രതി അനുസരിച്ചവർ ആദിമ നൂറ്റാണ്ടുകളിൽ സഭയിൽ ഉണ്ടായിരുന്നു. വലിയ മാർ ബസേലിയോസ്, കൈസറിയായിൽ സാധുക്കൾക്കായി തുടങ്ങിയ ആശുപത്രിയിൽ നിയമജ്ഞനായ ഹെറാക്ലൈഡസ് സ്വന്തം ജോലി ഉപേക്ഷിച്ച് സേവനത്തിനായി ചേരുന്നു. അവിടെ അദ്ദേഹം പ്രവർത്തിച്ചത് ഈ വാക്യത്തെ അക്ഷരം പ്രതി അനുസരിച്ചുകൊണ്ടായിരുന്നുവെന്ന്, ബസേലിയോസ് തന്റെ എഴുത്തുകളിൽ ഒന്നിൽ സാക്ഷിക്കുന്നു. (Basil, Letter No. CL). ഇന്ന് അമിതശേഖരണങ്ങളുടെ കാലമാണ് അത്യാർത്തിയിൽ അടുത്ത തലമുറയ്ക്ക് അനുഭവിക്കുവാൻ പോലും ബാക്കിവയ്ക്കാതെ നാം 'ശേഖരിച്ച്' ജീവിക്കുമ്പോൾ ഈ സുവിശേഷ സത്യം നമ്മെ നൊമ്പരപ്പെടുത്തുകയും തിരികെ പോകുവാൻ പ്രേരിപ്പിക്കുകയും ചെയ്യുമോ?

**(4) കാലിലെ പൊടി തട്ടിക്കളയുക** (Vs.10:14).

പരീശ പാരമ്പര്യത്തിൽ നിലനിന്നിരുന്ന ഒരു പ്രതീകാത്മ സംഗതിയായിരുന്നു ഇത്. പോയ കാല ജീവിതത്തിൽ കഴിഞ്ഞ കാല ചരിത്രത്തിൽ ഒക്കെയായി നാം അറിഞ്ഞോ അറിയാതെയോ ശേഖരിച്ച് 'കാലിലെ പൊടികൾ' ധാരാളമായിരിക്കും. അത് കുടഞ്ഞുകളയുവാനുള്ള മനസാന്നിദ്ധ്യം നമ്മൾക്ക് ഉണ്ടാകുമോ? ■

## വനിതാ സഭ *28-ാം പേജിൽ നിന്നു തുടർച്ച*

താമര ചെളിയിലാണ് വളരുന്നതെങ്കിലും താമരപ്പൂവിൽ ലേശം പോലും മാലിന്യമില്ല. നാം എവിടെ നിന്ന് എന്നുള്ളതും എവിടെ എന്നുള്ളതുമല്ല എങ്ങനെ എന്നതാണ് പ്രധാനം. ചിലർ ജന്മസിദ്ധമായി തന്നെ വിശുദ്ധിയിൽ ജനിച്ചും വിശുദ്ധരായി വളരുന്നു. ചിലരാകട്ടെ വളർച്ചയുടെ ഘട്ടത്തിൽ ഉഴറുന്ന പാതകളിലൂടെ സഞ്ചരിച്ച് പ്രലോഭനങ്ങളുടെ നീരാളിപ്പിടുത്തത്തിൽ സ്വയം തമസ്ക്കരിക്കുന്നു. എന്നാൽ കർത്താവിനെ തിരിച്ചറിയുമ്പോൾ പശ്ചാത്താപ ചിന്ത ഉണരുകയും രൂപാന്തരീകരണം സംഭവിക്കുകയും ചെയ്യും. മൃഗീയതയിൽ നിന്നും മനുഷ്യത്വത്തിലേക്കും അവിടെ നിന്ന് ദൈവികതയിലേക്കുമുള്ള പ്രയാണത്തിന് പശ്ചാത്താപമല്ലാതെ മറ്റൊരു വഴിയില്ല. രൂപാന്തരീകരണം സംഭവിച്ചവർക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വഴിയിൽ നിന്ന് ഒരു വ്യതിയാനം അനിവാര്യമാണ്. പിതാവിങ്കൽ നിന്നും അകന്ന പുത്രൻ പശ്ചാത്താപ നിർഭരമായ മനസ്സോടെ ചെയ്ത മടക്കയാത്രപോലെ മഗ്ദലന മറിയവും മടക്കയാത്ര നടത്തി. സച്ചിദാനന്ദ സ്വരൂപനായ ദൈവത്തിങ്കലേക്കുള്ള യാത്ര എത്രയോ നിവൃതി നൽകുന്നതായിരുന്നു.

ശീമോന്റെ മാളികയോ അതിലെ അതിഥികളോ അവിടുത്തെ പ്രതാപമോ മറിയയുടെ കടന്നുവരവിന് തടസ്സമല്ല. ദൈവത്തിങ്കലേക്കു വിലയം പ്രാപിക്കുവാനും ആ സമൃദ്ധമായ ശ്രീഭണ്ഡാഗാരത്തിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുവാനും ദൈവസന്നിധിയിൽ എത്തിച്ചേരണമെന്ന അദമ്യമായ ആഗ്രഹം മാത്രം മതി. ആ ആഗ്രഹവും അടങ്ങാത്ത ഇഛാശക്തിയും മറിയയെ ശീമോന്റെ മാളികയിൽ എത്തിക്കുന്നു ആ യാത്രയ്ക്ക് അവൾ തയ്യാറെടുത്തു.

ഈ തയ്യാറെടുപ്പിനാൽ കുരിശിന്റെ ചുവട്ടിൽ കർത്താവിന്റെ പീഡാനുഭവത്തിന്റെ സാക്ഷികളാക്കി; ഉയിർത്തെഴുന്നേറ്റ കർത്താവിനെ കാണുവാനും ഭാഗ്യം ലഭിച്ചു. നോമ്പിന്റെ അനുഭവത്താൽ ഉണ്ടാകേണ്ട മൂന്നു ദൗത്യങ്ങളും സാഫല്യത്തിലെത്തി. അവൾ യേശുവിനെ കണ്ടു പാപവിമോചനം നേടിയതുപോലെ നമുക്കു പ്രായശ്ചിത്തത്താൽ അനുഗ്രഹം ലഭിച്ചുവോ? ക്രൂശിന്റെ വേദനയിൽ സംലയനപ്പെടുവാൻ കർത്താവുമായി താദാത്മ്യപ്പെടുവാൻ സാധിച്ചുവോ? യെറുശലേം പുത്രിമാരേ നിങ്ങൾ എന്നെച്ചൊല്ലിക്കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലിക്കരവിൻ എന്ന ഏല്പിക്കപ്പെട്ട ചുമതല കൂടുതൽ അനുതാപത്തോടെ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ സാധിച്ചുവോ? ഉയിർത്തെഴുന്നേറ്റ കർത്താവ് സദാ കൂടെയുണ്ടെന്നു വിശ്വസിക്കുവാനും അതു വഴി പ്രത്യാശയും ഉറപ്പും ധൈര്യവും നേടുവാൻ സാധിച്ചുവോ? മഗ്ദലന മറിയം നൽകുന്ന ഈ അറിയിപ്പുകൾ ഹൃദയങ്ങളിലുള്ള പുനർവായനക്ക് നമ്മെ പ്രേരിപ്പിച്ചിരുന്നുവെങ്കിൽ!

മദ്യത്തിലും മയക്കുമരുന്നിലും നൂതന ജീവിതചര്യകളിലും മുങ്ങിയ ജനത്തെ പാപവിമുക്തരാക്കുവാൻ പ്രാർത്ഥനയുടെ കണ്ണുനീരിന്റെ വർഷകാലം ഒരുക്കുവാൻ നാം ബാധ്യസ്ഥരാണ്. ഹൃദയാന്തർഭാഗത്തെ പശ്ചാത്താപത്തിൽ നിന്നൊഴുകുന്ന കണ്ണീർ തന്നെയല്ലേ ദൈവസന്നിധിയിലെ പരിമള തൈലം? നാം തന്നെയല്ലെ ആ വെങ്കല ഭരണി! തലമുറകളുടെ പാപങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന മറിയമാർ ഭാഗ്യവതിമാർ. അങ്ങനെയുള്ള സ്ത്രീകളെക്കൊണ്ടു കുടുംബങ്ങൾ ദൈവ കേന്ദ്രീകൃതമാകുവാൻ നമ്മെത്തന്നെ ദൈവസന്നിധിയിൽ പരിമള തൈല സദൃശമാക്കി മാറ്റുവാൻ വിനയാന്വിതരാകാം.

പ്രതിബന്ധങ്ങളുടെ 'കല്ലുകൾ' വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ കല്ലുകൾ ഉരുട്ടി മാറ്റുന്ന ദൈവകൃപ തലമുറകളിലേക്കു പകരുവാൻ അമ്മമാർ പശ്ചാത്താപനിർഭരമായ ഹൃദയത്തോടെ പ്രാർത്ഥനയിൽ ഉറ്റിരിക്കേണ്ടതാണ്. ■

## 2ND DEATH ANNIVERSARY
## 15-MAY-2010

# P. G. GEORGE

**PUNNACKATTU HOUSE**

**MANIYAR P.O.**

**THOLICODE, PUNALUR**



*"Safe in the arms of Lord Jesus Christ'*

*Inserted by*

***Sorrowing Family***



# CHURCH BOOKS
## Parish Management Software

- ► അക്കൗണ്ടിംഗിൽ പ്രാവീണ്യമില്ലാത്തവർക്ക് ഉപയോഗപ്രദമായ ഇടവക മാനേജ്മെന്റ് സോഫ്ട് വെയറാണ് ചർച്ച് ബുക്ക്സ്.
- ► കഠിനമായ പരിശീലനം കൂടാതെ ഉപയോഗിക്കുവാൻ സാധിക്കുന്നു. വലിയ ഇടവകകൾക്കും, ചെറിയ ഇടവകകൾക്കും ഒരുപോലെ ഉപകാരപ്രദമായ റിപ്പോർട്ടിംഗ് സംവിധാനം
- ► എല്ലാവിധമായ റിപ്പോർട്ടുകൾക്കും, കണക്കുകളും കൃത്യമായി വേഗം തയ്യാറാക്കപ്പെടുന്നു.

ചർച്ച് ബുക്ക്സിൽ ലഭ്യമായവ:

Day book • Receipt & Payments • Income & Expenditure A/cs, Balance sheets • Budget • ledger • Depreciation details • All members contribution report Arrear list • Voting list • Birthdays & Anniversaries • Family register & contributions• Marriage register Baptism register • Death Register • Ex-parishners • Confession register and many more...

## Pristine Solutions

Parayil Buildings, Girideepam School Road
Kalathipady, Kottayam, Kerala
**Ph: 0481 6500168, 98471 82518**
E-mail: pristine_solutions@yahoo.co.in


# ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

MOSC മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986-ൽ ആരംഭിച്ചു. ഇപ്പോൾ ഒരു സൂപ്പർ സെപെഷ്യാലിറ്റി നേത്ര ചികിത്സാലയമായി സ്ഥാപനം വളർന്നു. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയും വൈസ് പ്രസിഡണ്ട് അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയും ആണ്.

തിമിരം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ട പാവപ്പെട്ട അന്ധർക്ക് സൗജന്യമായി ശസ്ത്രക്രിയ നടത്തി കണ്ണിനുള്ളിൽ ഇൻട്രാഒക്കുലർ ലെൻസ് വെച്ച് കാഴ്ച നല്കുന്നതിനാരംഭിച്ച പദ്ധതിയാണ് ഗിവ്സൈറ്റ്. അതിനൂതന താക്കോൽ ദ്വാരശസ്ത്രക്രിയ വഴി ലെൻസ് കണ്ണിനുള്ളിൽ വയ്ക്കുന്നതിനാൽ തുന്നലിടേണ്ടതില്ല. അതുകൊണ്ടു അന്നുതന്നെ രോഗിക്ക് വീട്ടിലേക്കു പോകാനും തടസ്സമില്ല. ഈ ശസ്ത്രക്രിയക്ക് സ്വകാര്യ ആശുപത്രികളിൽ 10000 രൂപയിലേറെ ഫീസുവാങ്ങാറുണ്ട്. ഈ പദ്ധതി പ്രകാരം 4349 ശസ്ത്രക്രിയ ഇതിനകം ഇവിടെ നിന്നും സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. 2007-2008 സാമ്പത്തിക വർഷത്തിൽ 1518790 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നല്കുകയുണ്ടായി. സന്മനസ്സുള്ളവർ സഹായിക്കാൻ തയാറായതുകൊണ്ട് മാത്രമാണ് ഞങ്ങൾക്കിത്രയും ചെയ്യാൻ സാധിച്ചത്. തുടർന്നും സഹായം അഭ്യർത്ഥിക്കുന്നു. സഹായിച്ചവരെ നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

ഈ പദ്ധതിയോട് താല്പര്യമുള്ള ആർക്കും അംഗങ്ങളാകാവുന്നതാണ്. ഒരു ശസ്ത്രക്രിയക്ക് 1000 രൂപ എന്ന നിരക്കിലാണ് സംഭാവനകൾ അയയ്ക്കേണ്ടത്. അതുപയോഗിച്ച് നിങ്ങളുടെ പേരിൽ പാവപ്പെട്ട ഒരന്ധന് ശസ്ത്രക്രിയ നടത്തി കാഴ്ച നൽകുന്നു. കാഴ്ച ലഭിച്ച വ്യക്തിയുടെ വിവരങ്ങൾ യഥാസമയം സംഭാവന നൽകിയവർക്ക് അയച്ചുകൊടുക്കുന്നു. ഇതേ രീതിയിൽ എത്ര രോഗികളെ വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്. ജന്മദിനം, വിവാഹദിനം, വാങ്ങിപ്പോയവരുടെ ഓർമ്മദിനം, ആദ്യ ശമ്പളം കിട്ടുന്ന ദിനം, ജോലിയിൽ പ്രൊമോഷൻ ലഭിക്കുന്ന ദിനം, അതുപൊലെ മറ്റു വിശേഷാവസരങ്ങൾ വരുമ്പോഴൊക്കെയും ഓർമ്മ വയ്ക്കുക ഗിവ്സൈറ്റ് പദ്ധതി വഴി ഏതെങ്കിലും ഒരു പാവപ്പെട്ട അന്ധനു കാഴ്ച നല്കുന്ന കാര്യം.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ **F.C.R.A.** അനുവാദവും ഇൻകം ടാക്സ് **80 G** ഇളവിനുള്ള അനുവാദവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ: ചെക്ക്/ഡി.ഡി./എം.ഒ. ആയി അയയ്ക്കേണ്ട അഡ്രസ്സ് : **Treasurer, Givesight Project, M.O.S.C. M.M. Eye Hospital, Kariambadi P.o., Pin-673591, Wayanad, Kerala, India** എന്നതാണ്.

**ഫാദർ അബ്രഹാം മാത്യു എടേക്കാട്ട്** (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

*29–ാം പേജിൽ നിന്നു തുടർച്ച*

നിങ്ങളെന്താണെന്നു മനസ്സിലാക്കി, നിങ്ങളാകാൻ സാധിയ്ക്കാത്തവരിലേക്കിറങ്ങുക''. പരാതികൾക്കുപരി, ലഭ്യമായതിന് നന്ദിയും, ലഭ്യമാകാത്തിടത്ത് പ്രചോദനവുമായി വർത്തിയ്ക്കുവാൻ സാധിയ്ക്കുന്നതാണ്,

യുദ്ധഭൂമിയിൽ മുറിവേറ്റ് മരണാസന്നനായിക്കിടന്ന പടയാളിയെ അതിശീതരാവിൽ സന്ദർശിയ്ക്കുകയും, തന്റെ കോട്ടും, പുതപ്പും, ദാഹജലവും അവന് നല്കുകയും ചെയ്ത പട്ടാള ചാപ്ലയിനായ പുരോഹിതൻ, "ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിയ്ക്കുകയും, വേദം വായിയ്ക്കുകയും ചെയ്യട്ടെ" എന്നു ചോദിച്ചപ്പോൾ പടയാളിയുടെ മറുപടി: "ഇതുപോലെ മറ്റാരെങ്കിലും ചെയ്തതായി ബൈബിളിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അതു വായിയ്ക്കുക' എന്നായിരുന്നു. ആത്മാർത്ഥതയിൽ മറ്റെല്ലാം മരിയ്ക്കുകയും, ആത്മഭാവം നിലനില്ക്കുകയും ചെയ്യും.

ആത്മാർത്ഥതയുടെ ഭാഷ, അക്ഷരങ്ങൾക്കും, ഭാവങ്ങൾക്കും അതീതമാണ്. അതിന് വിശദാംശങ്ങളുടെ ആവശ്യമില്ല. നമ്മുടെ ആത്മാർത്ഥത മറ്റൊരുവന് മനസ്സിലാകണമെന്നില്ല. ശ്രേഷ്ഠമായ ഗാനം കേൾക്കുകയും, ആസ്വദിയ്ക്കുകയും ചെയ്യുമ്പോൾ ഗായകനെയും, രചയിതാവിനെയും കാണണമെന്ന് ആഗ്രഹിയ്ക്കുന്ന ഒരു തലമാണിത്.

*നമ്മെപ്പറ്റിയും, നമ്മുടെ ആത്മാർത്ഥതയെപ്പറ്റിയും ആർക്കും നാം വിശദീകരിച്ചുകൊടുക്കേണ്ട കാര്യമില്ല. നമ്മെ സ്നേഹിയ്ക്കുന്നവർക്ക് വിശദീകരണത്തിന്റെ ആവശ്യമില്ല, നമ്മോട് താല്പര്യമില്ലാത്തവർ നമ്മുടെ വിശദീകരണം വിശ്വസിയ്ക്കുകയുമില്ല.*

'ആത്മാർത്ഥത'യുടെ പ്രതിഫലം പലപ്പോഴും വേദനാജനകവും, പ്രതിഫലനം ആത്യന്തിക നന്മയുമാണ്. കാപട്യത്തിലധിഷ്ഠിതമായി പ്രവർത്തിച്ചവർ പലപ്പോഴും വിജയം പ്രാപിയ്ക്കുന്നതും, ഉത്തമ പ്രവൃത്തികൾക്ക് വേദനാജന്യമായ പ്രതിഫലം ലഭിയ്ക്കുന്നതും നാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. "സത്യത്തിനും, സ്വാതന്ത്ര്യത്തിനും വേണ്ടി ആത്മാർത്ഥമായി പോരാടുമ്പോൾ ഉള്ളതിൽ നല്ലവസ്ത്രം ധരിച്ചുപോകരുത്''. ("An Enemy of the people" by Henrik Ibsen) എന്നചിന്ത അർത്ഥവത്താണ്. നല്ലവസ്ത്രം ധരിച്ച്, നല്ല സ്വീകരണം ലഭിയ്ക്കും എന്ന ചിന്തയോടെ നാം പോകുമ്പോൾ ദു:ഖഭരിതമായ സാഹചര്യമാണ് സംജാതമാകുന്നത്. 'ആത്മാർത്ഥത' ഉൾക്കാമ്പും, മൃദുലവും, രുചികരവുമാണെങ്കിലും അതിന്റെ പുറന്തോട് അനാകർഷകവും, കാഠിന്യം നിറഞ്ഞതുമായിരിയ്ക്കും. "അസ്സീസ്സിയിലെ ഫ്രാൻസിസിനെപ്പോലെ ആത്മാർത്ഥത നിറഞ്ഞ 10 പേരുണ്ടായിരുന്നെങ്കിൽ ചോരപ്പുഴയൊഴുക്കാതെ നവറഷ്യ സൃഷ്ടിയ്ക്കാമായിരുന്നു" എന്ന ലെനിന്റെ വാക്കുകൾ ഇതിന് അടിവരയിടുന്നു.

പരിത്യാഗത്തിന്റെ പൂർണ്ണതയാണ് ആത്മാർത്ഥത; പരിത്യജിച്ചവയുടെ എണ്ണമെടുക്കലല്ല അത്. ശ്വാസമില്ലാതെ പിടയുന്നവന് നല്കുന്ന ശ്വാസോച്ഛ്വാസമാണിത്, ഇതിനുമുമ്പിൽ സാമർത്ഥ്യം ശൂന്യമാണ്. ആത്മാർത്ഥത ആത്മദർപ്പണമാണ്, ആത്മദർശനമാണ്, ആത്മസമ്പത്താണ്, ആത്മഭാവമാണ്, ആത്മമാർഗ്ഗമാണ്.

"ഫലങ്ങളുടെ സേവനം മധുരപൂർണ്ണം, പൂക്കളുടേത് വർണ്ണോജ്ജ്വലം,

ഇവയ്ക്ക് തണലേകി സൂക്ഷിയ്ക്കുന്ന ഇലകളുടെ സംരക്ഷണമാകട്ടെ എന്റെ ജീവിതം"

*(ടാഗോർ, ഗീതാഞ്ജലി)* ■


# ആശംസകൾ



29-5-2010-ൽ കശ്ശീശ്ശാസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ഡീക്കൺ തോമസ് ജോർജ്ജിന് കാളിയാകലായ കാരാപ്പുഴ പട്ടശ്ശേരിൽ കുടുംബയോഗത്തിന്റെ ആശംസകൾ

## പള്ളികൾ മനോഹരമാക്കൂ

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ്
എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി
വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.
പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ
ചെറുതോ വലുതോ ആകട്ടെ
ഷോറൂം സന്ദർശിക്കുമല്ലോ?
അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481–2571126, 2574183
0484–3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**

ജീ– മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

**8th Death Anniversary**
**3-05-2010**



**BABY CHACKUMMOOTTILE**
**KUNNAMTHANAM, MALLAPPALLY**

*Inserted by:*
A. VARGHESE, JESSY, ANU, RITU
D-225 SARASWATI NAGAR JODHPUR

## വേർപാടിന്റെ 1–ാം വാർഷികം
## 30–5–2010



**P.K. CHACKO**
Retd. Foreman
Koviparambil House, Ernakulam

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*ഭാര്യ:* **മറിയാമ്മ ചാക്കോ**
കോവിൽ പറമ്പിൽ വീട്
കോന്തുരുത്തി, എറണാകുളം

| *മക്കൾ* | *മരുമക്കൾ* | *കൊച്ചുമക്കൾ* |
|---|---|---|
| സുശീലാമ്മ സാം | സാം വർഗ്ഗീസ് | സ്നേഹാ സാം, സ്നിതാ സാം |
| വർഗീസ് ചാക്കോ | ലിജി വർഗ്ഗീസ് | എയ്ഞ്ചൽ സാം |
| | | ലാവിൻ വർഗീസ്, ആഷിൻ വർഗ്ഗീസ് |

എന്ന് ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

## 1–ാം ചരമ വാർഷികം
## 8–5–2010



## ഫാ. വർഗീസ് മാത്യു
(സന്തോഷച്ചൻ)

എന്ന് ദുഃഖാർത്തരായ
കുടുംബാംഗങ്ങൾ

## ANNAMMA SIMON
THAZHATHU HOSUE
PATHANAMTHITTA

**13th Death Anniversary**
**03- May 2010**




*"Safe in the arms of Lord Jesus Christ"*
*Inserted by*
***Sorrowing Family***

BUDHIMAN



# ബുദ്ധിമാൻ

ഫാ. തോമസ് പി.




## ആചാര്യ അവാർഡ്

സഭാകവി ശ്രീ. പി. സി. ചാണ്ടിയുടെ സ്മരണാർത്ഥം മലങ്കര ഓർത്തഡോക്സ് സഭ ഏർപ്പെടുത്തിയ മികച്ച അദ്ധ്യാപകർക്കുള്ള 2009–2010 ലെ ആചാര്യ അവാർഡുകൾ പ്രഖ്യാപിച്ചു. യു.പി. വിഭാഗത്തിൽ ആറ്റിങ്ങൽ അയിലം ഗവ. യു. പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജി. മധുവിനാണ് അവാർഡ്. ഹൈസ്കൂൾ വിഭാഗത്തിലെ അവാർഡ് കുണ്ടറ എം. ജി. ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഗീവർഗീസ് പണിക്കർക്കും, തിരുവല്ല പുതുശ്ശേരി എം.ജി.ഡി. ഹയർസെക്കണ്ടറി സ്കൂളിലെ ശ്രീമതി സൂസൻ ഐസക്കിനുമാണ് ലഭിച്ചിരിക്കുന്നത്.

അവാർഡിന് അർഹരായ അദ്ധ്യാപകർ നിരവധ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ശ്രദ്ധ നേടിയവരാണ്. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദ വിദ്യാലയമാക്കുന്നതിനൊപ്പം തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിലും വിജയിച്ചു. സ്ക്കൂൾ ലേബലിൽ സ്വന്തമായ നോട്ട് ബുക്ക്, കുട, സോപ്പ് ഇവയുടെ നിർമ്മാണം, കൈത്തറി നെയ്ത്ത്, പരിശീലനം ഇവ പ്രാവർത്തികമാക്കി. സ്ക്കൂൾ വളപ്പിൽ ഔഷധ സസ്യതോട്ടം, തണൽ മരം നദീതീരത്ത് മുളവച്ചു പിടിപ്പിക്കൽ സ്ക്കൂൾ വേസ്റ്റ് ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് ഇവയൊക്കെ ഇവരുടെ പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ മാത്രം.

ഐ.റ്റി. രംഗത്തും, പൊതുപ്രവർത്തന രംഗത്തും സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുവാൻ ഈ അദ്ധ്യാപകർക്ക് കഴിഞ്ഞിട്ടുണ്ട്.


## WANTED

A Child care worker for a poor boys home. Orthodox mail MSW degree holders may apply with biodata.

## അപേക്ഷ ക്ഷണിക്കുന്നു

ബാലഭവനത്തിലേക്ക് 5, 6 ക്ലാസ്സുകളിൽ പഠിക്കുന്ന നിർധനരായ മാതാപിതാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**The Secretary,**
**St. Thomas Home for Children**
**Muthupilakadu P.O.**
**Kollam-690520**


## അനുസ്മരിച്ചു

മലങ്കരസഭയുടെ സ്വർഗ്ഗീയ കിന്നരമായിരുന്ന സി. പി. ചാണ്ടിയെ അനുസ്മരിച്ചു. അദ്ദേഹം കബറടങ്ങിയിരിക്കുന്ന ബേസിൽ ദയറായിൽ മെയ് 4–ന് രാവിലെ വി. കുർബ്ബാനയും ധൂപ പ്രാർത്ഥനയും തുടർന്ന് അനുസ്മരണ പ്രഭാഷണവും നടത്തി. ഡി.ജി.പി. ജേക്കബ് പുന്നൂസ് അനുസ്മരണ പ്രഭാഷണം നിർവ്വഹിച്ചു. വിവിധ തുറകളിൽ നിന്നും അനേകർ വി. കുർബാനയിലും അനുസ്മരണ പ്രഭാഷണത്തിലും പങ്കെടുത്തു.

# ആശ്വാസത്തിന്റെ വെളിച്ചവുമായി കനിവിന്റെ സ്രോതസ്സ്

ഒരു പതിറ്റാണ്ടോളമായി അശരണരായ സഹോദരങ്ങൾക്ക് ആശയും അത്താണിയുമായി തീർന്ന സ്രോതസ്സ് കർമ്മനിരതരും അർപ്പണമനസ്കരുമായ സന്മനസ്സുകളുടെ കൂട്ടായ്മയായി 2001 സെപ്റ്റംബർ 7ന് രൂപം കൊണ്ടു.

മലയാളിക്ക് എന്നും ഗൃഹാതുരത്വം നൽകുന്ന ഓണാഘോഷവേളയിൽ നോർക്ക സെക്രട്ടറിയായിരുന്ന ജിജി തോംസൺ ഐ.എ.എസ്. ഉദ്ഘാടനം ചെയ്ത ഈ മഹത്പ്രസ്ഥാനം ഒമ്പതു വർഷങ്ങൾ പിന്നിടുമ്പോൾ കർമ്മപരിപാടികൾകൊണ്ട് സമ്പുഷ്ടമാണ്.

അംഗങ്ങളുടെ കലാ സാംസ്കാരിക കഴിവുകളെ പ്രോത്സാപ്പിക്കുന്നതിനുള്ള വേദിയായി സ്രോതസ്സ് നിലകൊള്ളുന്നു. അല്പം പറയുകയും പറയുന്നത് പ്രവർത്തിക്കുകയും ചെയ്യുന്ന സ്രോതസ്സിന്റെ പ്രവർത്തനശൈലി പല വേദികളിലും പ്രശംസിക്കപ്പെട്ടിട്ടുണ്ട്. സുവ്യക്തമായ ഭരണഘടനയോടുകൂടി പ്രവർത്തിക്കുന്ന സംഘടനയുടെ രക്ഷാധികാരി ശ്രീ. കെ.ടി.ജോർജാണ്. പ്രവർത്തനങ്ങളുടെ ഏകോപനത്തിലും സംഘടനയുടെ അച്ചടക്കത്തിലും പ്രസിഡന്റ് ശ്രീ.പി.എം.ജോസും ജനറൽ സെക്രട്ടറി ശ്രീ.സഖറിയ ഉമ്മനും ട്രഷറർ ശ്രീ.സൈമൻ കെ. ഫിലിപ്പും ഉൾക്കൊള്ളുന്ന 19 അംഗ മാനേജിംഗ് കമ്മറ്റി സദാ ജാഗരൂകരാണ്.

സമൂഹത്തിന്റെ ഉന്നമനമാണ് സ്രോതസ്സിന്റെ പ്രഖ്യാപിത ലക്ഷ്യം. 2003 ജൂലൈ 27ന് കോട്ടയം തിയോളജിക്കൽ സെമിനാരിയിൽ നടന്ന കുടുംബ സംഗമത്തിൽ **25 നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുകയും 5 ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചു നൽകുകയും ചെയ്തു.**

രണ്ടുവർഷത്തിനുശേഷം 2005ൽ പരുമലയിൽ ചേർന്ന കുടുംബ സംഗമം, സ്രോതസ്സിന്റെ പ്രവർത്തനചരിത്രത്തിൽ അവിസ്മരണീയമായ മറ്റൊരു മുഹൂർത്തമായിരുന്നു. **ഭവനരഹിതരായ പത്തു കുടുംബങ്ങൾക്ക് സ്രോതസ്സ് ഭവനം നിർമ്മിച്ച് നൽകുകയുണ്ടായി.**

മാർ ഗ്രിഗോറിയോസ് കാരുണ്യ നിലയത്തിന്റെ ലൈറ്റ് ഓഫ് ലൈഫ് പദ്ധതിയുമായി ചേർന്ന് 2006ൽ ക്യാൻസർ ബാധിതരായ **മൂന്നു കുട്ടികളുടെ ചികിത്സ പൂർണ്ണമായും സ്രോതസ്സ് ഏറ്റെടുത്തു.**

## ഭവന രഹിതരുടെ പുനരധിവാസം സ്രോതസ്സിന്റെ മുഖ്യലക്ഷ്യം

മാനവസാഹോദര്യം മുഖമുദ്രയാക്കി ദൈവസ്നേഹത്തിന്റെ ചൈതന്യത്തിൽ നിരാശ്രയർക്കും ആലംബഹീനർക്കും അത്താണിയാകുന്ന നല്ല ശമര്യാക്കാരനാണ് സ്രോതസ്സ്. കനിവിന്റെ വറ്റാത്ത ഒരു ഉറവ.

ഭവനരഹിതരുടെ പുനരധിവാസം തങ്ങളുടെ പ്രധാന പ്രവർത്തമേഖലയായി സ്രോതസ്സ് ഇതിനോടകം പ്രഖ്യാപിച്ചുകഴിഞ്ഞു.

കേരളത്തിലെ അവികസിത മേഖലയായ വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ ഒരേക്കർ സ്ഥലം വാങ്ങി ഭവനരഹിതരായ 10 പേർക്ക് വീട് വച്ച് നൽകിക്കൊണ്ട് സ്രോതസ്സ് വില്ലേജ് സമൂഹത്തിന് സമർപ്പിച്ചു.

കേരളത്തിന്റെ പ്രതിപക്ഷനേതാവ് ശ്രീ.ഉമ്മൻ ചാണ്ടി സ്രോതസ് വില്ലേജിന്റെ സമർപ്പണം നിർവ്വഹിച്ചു. ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. സ്രോതസ്സ് വില്ലേജിന്റെ താക്കോൽദാനം ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബി നിർവ്വഹിച്ചു.

തുമ്പമൺ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലിമീസ്, മലബാർ ഭദ്രാസനാധിപൻ സഖറിയാസ് മാർ തെയോഫിലോസ് എന്നീ മെത്രാപ്പോലീത്താമാർ അനുഗ്രഹപ്രഭാഷണം നടത്തി.

താക്കോൽദാനവും ആധാര വിതരണവും പി.കൃഷ്ണപ്രസാദ് എം.എൽ.എ നിർവ്വഹിച്ചു. സഭാ സെക്രട്ടറി ഡോ.ജോർജ് ജോസഫ്, എം.ഐ.ഷാനവാസ് എം.പി, ഫാ.സഖറിയ വെളിയത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വത്സാ ചാക്കോ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം.ജോയി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് താളൂർ, സ്രോതസ്സ് പ്രസിഡന്റ് പി.എം.ജോസ്, സെക്രട്ടറി സഖറിയ ഉമ്മൻ, പ്രോജക്ട് കൺവീനർ ജോൺ മത്തായി, പബ്ലിസിറ്റി കൺവീനർ വർഗീസ് ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ പ്രത്യേകം സ്മരണീയമാണ്.

ലോകം സാമ്പത്തിക മാന്ദ്യത്തിന്റെ നീർച്ചുഴിയിൽപ്പെട്ടുഴലുന്ന വേളയിൽ സ്വന്തം അസ്തിത്വം നിലനിർത്തുവാനുള്ള ത്വരയാണ് നമുക്കുചുറ്റും ദർശിക്കുന്നത്.

ഈ അവസരത്തിലാണ് സമസൃഷ്ടിയോടുള്ള കടപ്പാടും സമൂഹത്തോടുള്ള ഉത്തരവാദിത്വവും മറക്കാതെ സ്രോതസ്സ് കാരുണ്യത്തിന്റെ കൈത്തിരിയുമായി വീണ്ടും കർമ്മനിരതരാകുന്നത്.

MS. Ad.




# ശ്രോതസ്സ് വില്ലേജ് സമർപ്പിച്ചു



ശ്രോതസ്സ് ഭവനദാനപദ്ധതിയുടെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നു.



ശ്രോതസ്സ് പ്രോഗ്രാം കമ്മറ്റി അംഗങ്ങൾ

# FATHER MATHEWS COLLEGE OF NURSING

5/1, HMT Main Road, Behind HMT Sports Club, Jalahalli, Bangalore- 560 013






## Admission Started

# B.Sc. Nursing

(Girls Only)

**Approved by INC & KNC, Govt. of Karnataka & Rajiv Gandhi University of Health Sciences**

**Rev. V.I. Mathews** - Cor-Episcopa
Chairman - **Mob: 09342489889**

**Dr. Renji Isaac Mathews**
**Secretary Mobile: 09341229030**

**Features:**

- Excellent coaching by well trained teachers
- Best result in the University
  - 2005-09 Batch (4th year) 100% Pass
  - 2006-10 Batch (3rd year) 100% Pass
  - 2007 -11 Batch (2nd year) 97% Pass
- Hostel in the same campus
- Kerala Food
- Safety and security guarantied
- Multi speciality parent hospital - Father Mathews Shiridi Sai Hospital -150 bedded with ICU, dialysis etc.,
- Campus interview & placement service available

- **No Donation**
- **Bank Loan Facility Available**

www.aaa.net.in

**ASSOCIATE INSTITUTION: FATHER MATHEWS INTERNATIONAL SCHOOL, BANGALORE**

# പി. സി. എബ്രഹാമിന് ആദരാഞ്ജലി



ഓർത്തഡോക്സ് സഭ മുൻ അത്മായ ട്രസ്റ്റി പി.സി. എബ്രഹാം പടിഞ്ഞാറെക്കരയുടെ ശവസംസ്ക്കാരം സഭാ അദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെയും മറ്റു മെത്രാപ്പോലീത്താമാരുടെയും സാന്നിദ്ധ്യത്തിൽ കോട്ടയം പുത്തൻ പള്ളി സെമിത്തേരിയിൽ നടന്നു. നിയുക്ത മെത്രാപ്പോലീത്തന്മാർ, പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ, എം. എൽ. മാരായ മോൻസ് ജോസഫ്, വി.എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, എം.ജി. ജോർജ് മുത്തൂറ്റ്, ഡോ. ജോർജ് ജോസഫ്, സഭ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

## ഷഷ്ടിപൂർത്തി



ഫാ. ഗീവർഗീസ് പൊന്നോലയുടെ ഷഷ്ടിപൂർത്തി ആഘോഷം ചുങ്കത്തറ YMCA യുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനി പൊന്നാടയണിയിച്ച് ആദരിച്ചു. 1974–ൽ വൈദികനായി നിലമ്പൂരരിൽ ചുങ്കത്തറയിൽ വന്നു. ചുങ്കത്തറ YMCAപ്രസിഡന്റ്, മലപ്പുറം സബ് റീജിയൻ ചെയർമാൻ, കേരള റീജിയൻ നോർത്തുസോൺ ചെയർമാൻ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ മലപ്പുറം ജില്ല പ്രസിഡന്റ്, സഭാ മിഷൻ ബോർഡ് മെമ്പർ, ഭദ്രാസന വൈദിക സംഘം സെക്രട്ടറി, മലബാർ ഭദ്രാസന സെക്രട്ടറി ആയി പ്രവർത്തിക്കുന്നു.

## പി.എസ്.സി. ഓഫീസർ



കോതമംഗലം മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം സജി ഇട്ടൻ എറണാകുളം ജില്ലാ പി.എസ്.സി. ഓഫീസറായി നിയമിതനായി. പ്രൊഫ. സാലൂസ് സജിയാണ് ഭാര്യ (എം.എ. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം). എഞ്ചി. വിദ്യാർത്ഥി അരുൺ ഐസക്, +2 വിദ്യാർത്ഥിനി മെറിൻ സജി മക്കളാണ്. സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർ, ഭദ്രാസന പ്രതിനിധി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## കോർ എപ്പിസ്കോപ്പാമാർ



**പരുമല:** പരുമല സെമിനാരിയിൽ ഏപ്രിൽ മാസം 23–ാം തീയതി വെള്ളിയാഴ്ച മൂന്ന് വൈദികർ കോർ–എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. തുമ്പമൺ ഭദ്രാസനത്തിലെ സീനിയർ വൈദികരും എം.ഡി. സ്ക്കൂൾസ്&കോർപ്പറേറ്റ് അദ്ധ്യാപകരുമായിരുന്ന റവ.ഫാ. റ്റി. ഏബ്രഹാം, റവ. ഫാ. കെ. ഇ. മത്തായി. റവ. ഫാ. ജേക്കബ് പി. ഫിലിപ്പ് എന്നിവരെയാണ് കോർ എപ്പിസ്കോപ്പാമാരായി ഉയർത്തിയത്.

പ. കാതോലിക്കാ ബാവായോടൊപ്പം, അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത, അഭി. സഖറിയാ മാർ അന്തോനിയോസ്, അഭി. പൗലോസ് മാർ പക്കോമിയോസ്, അഭി. മാത്യൂസ് മാർ തേവോദോസിയോസ്, അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ്, അഭി. ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

## തെരഞ്ഞെടുത്തു



കേരള ആനിമേഷൻ അക്കാദമി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട കാർട്ടൂണിസ്റ്റ് ജോയി കുളനട. ആനുകാലികങ്ങളിൽ കാർട്ടൂണിസ്റ്റായി സേവനമനുഷ്ഠിക്കുന്നു. മലങ്കരസഭയിലെ സൈലന്റ് സാം ഇദ്ദേഹത്തിന്റെ സൃഷ്ടിയാണ്. കുളനട മാന്തളിർ സെ. ജോർജ് ഇടവകാംഗം

## രണ്ടാം റാങ്ക്



എം.ജി. സർവ്വകലാശാലയുടെ ബി.ഫാം പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ പുതുപ്പള്ളി എസ്.എം.ഇ. വിദ്യാർത്ഥിനി എത്സ വർഗീസ്. കുന്നന്താനം കുമ്പളോലിക്കൽ പ്രൊഫ. ഡോ. പി. പി. വർഗീസിന്റെയും പ്രൊഫ. മറിയാമ്മ ജോർജിന്റെയും മകൾ. വള്ളമല സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകാംഗം.

## സ്വപ്നങ്ങൾ

മെയ് 12–ന് മലങ്കര സഭയ്ക്ക് 7 മെത്രാപ്പോലീത്താമാർ കൂടി അഭിഷിക്തരാകുന്നു.

മലങ്കര സഭയിലെ നവാഭിഷിക്തരെക്കുറിച്ച്... മലങ്കരസഭയുടെ പ്രേഷിതവൃത്തിയെപ്പറ്റി നിങ്ങൾക്കു സ്വപ്നങ്ങളെന്താണ്...

ഞങ്ങൾക്കെഴുതുക. അര പേജിൽ കവിയരുത്.

വിലാസം: മലങ്കരസഭ, ദേവലോകം, കോട്ടയം–38

# ഫ്രീ പാസ്സ്! യരുശലേമിലേക്ക്

**മലങ്കരസഭ പ്രചരണ വർഷത്തിൽ 100 വരിക്കാരെ ചേർക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് യെരുശലേം യാത്ര തികച്ചും സൗജന്യമായി...**

ഇടവക അംഗങ്ങൾക്കും സൺഡേസ്ക്കൂൾ, ബാല ബാലികാ സമാജം, എം.ജി.ഒ.സി.എസ്. എം. യുവജനപ്രസ്ഥാനം തുടങ്ങി വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കും, നില വിലുള്ള മലങ്കരസഭ പ്രവർത്തകർക്കും പങ്കെടുക്കാം.

തീർന്നില്ല !

- 50 വരിക്കാരെ ചേർക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 10 പേർക്ക് 1000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളും
- 10 പേർക്ക് എം.ഒ.സി. പബ്ലിക്കേഷൻസിന്റെ ഗിഫ്റ്റ് പായ്ക്കറ്റുകളും.
- 100 വരിക്കാരെ ചേർക്കുന്നവരുടെ കളർചിത്രം പ്രസിദ്ധീകരിക്കുന്നു.

ബന്ധപ്പെടുക: **മലങ്കരസഭ മാസിക, ദേവലോകം പി.ഒ.**

**ഫോൺ: 0481-2573234, 9447300908, 9946668911, 9947124980**

കാലാവധി. 2009 സെപ്റ്റം. 1 മുതൽ 2010 ആഗസ്റ്റ് 31 വരെ

* നിബന്ധനകൾ എഡിറ്റോറിയൽ ബോർഡിന്റെ അന്തിമ തീരുമാനത്തിന് വിധേയം



# ശങ്കരത്തിൽ ടൂർസ്

ഒരുക്കുന്ന

# ജറുശലേം യാത്ര

## ഒരാഴ്ചയിൽ കൂടുതൽ

ഈജിപ്റ്റിലെ പിരമിഡുകൾ, മാദിപള്ളി, സീനായ്, കെയ്റോ പട്ടണം, ഗലീലകടൽ, ചെങ്കടൽ, ചാവുകടൽ, നൈൽ നദി, യോർദ്ദാൻനദി, ഒലിവ് മല, ഗദ്സമന, കാൽവറി, താബോർ മല, ഗിരിപ്രഭാഷണപള്ളി, നസ്രേത്ത്, കാനാ, ബേദ്‌ലഹേം, മർക്കോസിന്റെ മാളിക, യരുശലേം ദേവാലയം, വിലാപമതിൽ, കഫർന്നഹൂം, കന്യകമറിയാമിന്റെ ഭവനം, യൗസേഫിന്റെ ഭവനം, ബഥാന്യ, ബഥ്സേദാകുളം, തുടങ്ങി പുതിയ പഴയ നിയമ ചരിത്ര സ്ഥലങ്ങളിലൂടെ അവിസ്മരണീയ യാത്ര.

- അഭി. തിരുമേനിമാർ, വൈദീകർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

എല്ലാ ചിലവുകളും ഉൾപ്പെടെ-62,000/-

(including breakfast, lunch, dinner, entry fee, Tips etc.)

**Fr. John Sankarathil, Kottayam**

**Ph: 9847478894, 9447123321, 0481-2582518**

**e-mail: sankarathiltours@gmail.com**







